
# മാനന്തവാടി രൂപത
## ബുള്ളറ്റിൻ



Vol. 13 / Issue 04
April 2022

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/19-21
Anl. sub. Rs. 120


വാഴ്ത്തപ്പെട്ട ദേവസഹായം പിള്ള
വിശുദ്ധ പദവിയിലേക്ക്
വിശ്വാസ സാക്ഷ്യത്തിന്റെ ധീര മാതൃക
നൽകിയ വിശുദ്ധൻ നമുക്കും പ്രചോദനമാകട്ടെ


മാനന്തവാടി രൂപതാ
സുവർണ്ണ ജൂബിലിയോടനുബന്ധിച്ചു നടന്ന
ഫൊറോനാ അസംബ്ലികൾ
EPARCHY OF MANANTHAVADY
ബത്തേരി
ചുങ്കക്കുന്ന്
ദ്വാരക
കല്ലോടി
കൽപ്പറ്റ
മണിമൂളി
മാനന്തവാടി
മുള്ളൻകൊല്ലി
നടവയൽ
നിലമ്പൂർ
പയ്യംമ്പള്ളി
തരിയോട്
ഗൂഡല്ലൂർ

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് 4:8)**

**Printed, Published and Edited by
Fr. Thankachan alias Joseph Paruvummel, Published from
Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady
Printed at St. Joseph's Offset Press, Mananthavady 670645**

വാല്യം 13 ഏപ്രിൽ- 2022 ലക്കം 4

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


സർക്കുലർ........................................................................ 7

സർക്കുലർ........................................................................ 11

സർക്കുലർ........................................................................ 17

രൂപതാ കച്ചേരി വാർത്തകൾ................................................. 20

വൈദികരുടെ മാസധ്യാനം................................................... 26

മതബോധനരംഗം ...................................................................... 28

ചെറുപുഷ്പ മിഷൻലീഗ്......................................................... 43

*Department of Youth Ministry* .......................................... 49

കെ.സി.വൈ.എം................................................................... 53

കുടുംബപ്രേഷിതത്വം............................................................. 60

സീയോൻ വാർത്തകൾ ......................................................... 66

വിൻസെന്റ് ഡി പോൾ സൊസൈറ്റി.................................... 67

സാമൂഹ്യ സേവനരംഗം (WSSS)........................................... 70

സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ ............................ 74

ബയോവിൻ അഗ്രോ റിസർച്ച്................................................. 75

റേഡിയോ മാറ്റൊലി ............................................................... 77

നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി.............................. 80

*Mary Matha Arts & Science College*.............................. 84

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ................................. 86

ബിഷപ്സ് പ്രോഗ്രാം ............................................................... 93

# സർക്കുലർ

***Circular No.1/2022***

***Prot. No. 25973/2022***

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരങ്ങളേ, പ്രിയപ്പെട്ട കുട്ടികളേ,

രണ്ട് വർഷത്തെ ഇടവേളക്ക് ശേഷമാണെങ്കിലും തുറന്ന് പ്രവർത്തിക്കാൻ തുടങ്ങിയ സ്കൂളുകൾ പതിവുപോലെ സ്കൂൾ വർഷം അവസാനിപ്പിച്ച് മധ്യവേനൽ അവധിയിലേക്ക് പ്രവേശിക്കുകയാണല്ലോ. കഴിഞ്ഞ രണ്ട് വർഷങ്ങളിലെ അധ്യാപനം പല കാരണങ്ങളാൽ അത്ര ഫലവത്തായില്ല എന്നതൊരു വസ്തുതയാണ്. എങ്കിലും പരീക്ഷകളെല്ലാം ക്രമമായി നടന്നു. പത്താം ക്ലാസ്സും പന്ത്രണ്ടാം ക്ലാസ്സും പാസായവർ, അതുപോലെ പാസാകാത്തവരും, ഇനിയെന്ത് എന്ന ചോദ്യമായി നില്ക്കുന്ന സമയമാണിപ്പോൾ. അവരിൽ ചിലരെങ്കിലും വൈദിക സമർപ്പിത ജീവിതത്തിലേക്ക് പ്രവേശിക്കാൻ താത്പര്യപ്പെടുന്നുണ്ടാകും എന്ന് വിചാരിക്കുന്നു. പ്രിയപ്പെട്ട മാതാപിതാക്കളും വികാരിയച്ചന്മാരും അത്തരത്തിൽ ചിന്തിക്കുന്നവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും മാർഗ്ഗ നിർദ്ദേശം കൊടുക്കുകയും ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു. മാനന്തവാടി രൂപതയിൽ ചേർന്ന് വൈദികരാകാൻ താത്പര്യമുള്ളവർക്ക് നമ്മുടെ മൈനർ സെമിനാരിയിൽ പ്രവേശനത്തിനായി ഇപ്പോൾ അപേക്ഷിക്കാവുന്നതാണ്. പത്താം ക്ലാസ്സ്, പന്ത്രണ്ടാം ക്ലാസ്സ്, ഉപരി വിദ്യാഭ്യാസം എന്നിവ ഉള്ളവരും വൈദിക ജീവിതം ഇഷ്ടപ്പെടുന്നവരും പഠിക്കാൻ നല്ല കഴിവുള്ളവരുമായ ആൺകുട്ടികളാണ് അപേക്ഷിക്കേണ്ടത്. പരീക്ഷയുടെ ഫലം വരുന്നതിന് മുമ്പ് തന്നെ അപേക്ഷിക്കാം. സ്വാഭാവികമായും പരീക്ഷാ ഫലം വരുമ്പോൾ അപേക്ഷകരിൽ ചിലരെങ്കിലും പ്രതീക്ഷിച്ച രീതിയിൽ ജയിച്ചില്ലെന്ന് വരാം. അങ്ങനെ വന്നാൽ പ്രവേശനം കിട്ടുകയില്ല എന്നത് വ്യക്തമാണല്ലോ. അപേക്ഷകൾ വെള്ളക്കടലാസിൽ എഴുതിയാൽ മതിയാകും. അപേക്ഷകനെ പരിയപ്പെടുത്തിക്കൊണ്ടുള്ള ബഹു. വികാരിയച്ചന്റെ കത്തും അപേക്ഷയോടൊപ്പം അയക്കേണ്ടതാണ്.

**അപേക്ഷിക്കേണ്ട വിലാസം:**

Rev Fr Rector
Mount Mary College
Diocesan Minor Seminary
Post Box No. 1
Mananthavady 670 645
Mobile: 9496918931
Whatsapp: 9496918931
Email: jnedumkallel@gmail.com

നമ്മുടെ രൂപതയിൽ ചേരാൻ താത്പര്യമില്ലാത്തവർക്ക് ഇന്ത്യയിലും ഇന്ത്യക്ക് പുറത്തുമുള്ള സീറോ മലബാർ രൂപതകളിലോ സമർപ്പിത സമൂഹങ്ങളിലോ ചേരാവുന്നതാണ്. കുറെ പേരെങ്കിലും ലത്തീൻ, സീറോ മലങ്കര രൂപതകളിലും സമർപ്പിത സമൂഹങ്ങളിലും ചേരാൻ താത്പര്യപ്പെട്ടെന്ന് വരാം എന്ന സാധ്യതയുമുണ്ട്. പുരുഷ സമർപ്പിതരിൽ വൈദികരും ബ്രദേഴ്സും ഉണ്ട്. താത്പര്യമുള്ളവർക്ക് അവയിൽ ചേരാം. അംഗസംഖ്യ തീരെ കുറഞ്ഞു വരുന്ന ബ്രദേഴ്സിന്റെ സമൂഹങ്ങളിലേക്കും യുവാക്കൾ കടന്നു വരണം. പെൺകുട്ടികൾക്ക് സമർപ്പിത സമൂഹങ്ങളിൽ മാത്രമേ ചേരാൻ പറ്റുകയുള്ളു എന്നത് എടുത്ത് പറയേണ്ടതില്ലല്ലോ. രൂപതക്ക് പുറത്തുള്ള രൂപതകളിലോ സമർപ്പിത സമൂഹങ്ങളിലോ (സ്ത്രീകളുടേതും പുരുഷന്മാരുടേതും) ചേരുന്ന എല്ലാവരും മാനന്തവാടി രൂപതയുടെ വൊക്കേഷൻ ബ്യൂറോയിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രൂപതയുടെ സ്ഥിതി വിവരക്കണക്കുകൾ കൃത്യമായിരിക്കാൻ വേണ്ടിയാണ് അപ്രകാരം ചെയ്യുന്നത്. മാത്രമല്ല ഇടക്ക് പരിശീലനം അവസാനിപ്പിച്ച് വീട്ടിലേക്ക് പോരുമ്പോൾ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാനും ഇതാവശ്യമാണ്. ലത്തീൻ സഭയിലെയോ, സീറോ മലങ്കര സഭയിലെയോ രൂപതകളിലും സമർപ്പിത സമൂഹങ്ങളിലും ആണ് ചേരുന്നതെങ്കിലും ഈ നിബന്ധന പാലിക്കേണ്ടതാണ്.

വൈദിക ജീവിതത്തിലേക്കും വൈദികരും ബ്രദേഴ്സും ഉൾപ്പെട്ട സമർപ്പിത ജീവിതത്തിലേക്കും കടന്നു വരുന്ന ആൺകുട്ടികളുടേയും സമർപ്പിത ജീവിതം തെരഞ്ഞെടുക്കുന്ന പെൺകുട്ടികളുടെയും എണ്ണം അതിശീഘ്രം കുറഞ്ഞു കൊണ്ടിരിക്കുകയാണ്. കാരണം നമ്മൾ, ക്രൈസ്തവർ വളരെ പെട്ടെന്നാണ് വിശ്വാസരഹിതരായി അല്ലെങ്കിൽ മതരഹിതരായി മാറുന്നത്. നമ്മുടെ വിശ്വാസം

അനന്യമാണെന്നും അമൂല്യമാണെന്നും ഇന്ന് ലോകത്തിൽ കാണുന്ന ശാസ്ത്രീയ പുരോഗതിയുടെയും വികസനത്തിന്റെയും പിന്നിൽ പുരോഹിതന്മാരും സമർപ്പിതരും അത്മായ വിശ്വാസികളോടൊപ്പം വലിയ പങ്ക് വഹിച്ചിട്ടുണ്ട് എന്ന കാര്യമൊക്കെ മിക്കവരും മറന്ന് പോകുന്നു എന്നത് ഒരു ദുഃഖസത്യമാണ്. ഇത്തരുണത്തിൽ വി. പൗലോസ് തിമോത്തിയോസിന് എഴുതിയ ലേഖനത്തിൽ ഇപ്രകാരം പറയുന്നു: നമ്മുടെ മതത്തിന്റെ രഹസ്യം ശ്രേഷ്ഠമാണെന്നു ഞങ്ങൾ പ്രഖ്യാപിക്കുന്നു. (1 തിമോ. 3:16).

നിർഭാഗ്യവശാൽ നമ്മുടെ വിശ്വാസത്തിലും ക്രൈസ്തവ അസ്ഥിത്വത്തിലും പലർക്കും അഭിമാനം തോന്നുന്നില്ല. ചില തത്പരകക്ഷികൾ നിക്ഷിപ്ത താത്പര്യത്തോടെ മാധ്യമങ്ങളിലൂടെ നടത്തിക്കൊണ്ടിരിക്കുന്ന വ്യാജ പ്രചാരണത്തിൽ യുവജനങ്ങൾ വീണു പോകുന്നുണ്ട്. സാമ്പത്തിക അഭിവൃദ്ധി വരുന്നതോടെ ദൈവം, സ്വർഗ്ഗം, നരകം, ശുദ്ധീകരണ സ്ഥലം, മരണാനന്തര ജീവിതം തുടങ്ങിയവയെല്ലാം നമ്മുടെ മനസ്സിൽ നിന്ന് സാവധാനം അപ്രത്യക്ഷമാകുന്നു എന്ന ദു:ഖസത്യവും ഇതോടൊപ്പം ചേർത്ത് വായിക്കേണ്ടതാണ്. മേൽപ്പറഞ്ഞവയിൽ വിശ്വാസമുണ്ടെങ്കിലേ വൈദിക ജീവിതത്തിനും സമർപ്പിത ജീവിതത്തിനും, എന്നല്ല ഈശോയുടെ ജീവിതത്തിനും അവിടുത്തെ സന്ദേശത്തിനും തന്നെ അർത്ഥം തോന്നുകയുള്ളു. ആ ആശയങ്ങൾ മാറി വരുന്ന ഭാഷാശൈലിക്കും ചിന്താസങ്കേതങ്ങൾക്കും അനുസൃതമായി അവതരിപ്പിക്കപ്പെടുന്നില്ല എന്നതും ഇവിടെ മറക്കുന്നില്ല. കുട്ടികളുടെ വിശ്വാസ പരിപോഷണത്തിലും വിശ്വാസ സംരക്ഷണത്തിലും മാതാപിതാക്കൾക്ക് വളരെ വലിയ പങ്കുണ്ട്. അതവർ നിർവഹിക്കാതെ വന്നാൽ കുട്ടികൾ പെട്ടെന്ന് തന്നെ മറ്റ് സ്വാധീനങ്ങളിൽ പെട്ട് പോകും. പിന്നീടവരെ അവയിൽ നിന്ന് തിരിച്ചെടുക്കാൻ വലിയ പ്രയാസമാണ്. മക്കളുടെ ഭൗതിക നന്മക്ക് മാത്രം ശ്രദ്ധ കൊടുത്താൽ ഈ ദുരന്തമായിരിക്കും ഫലം.

കത്തോലിക്കാ സഭാംഗങ്ങളുടെ ജീവിതത്തിൽ വൈദികരുടെയും സമർപ്പിതരുടെയും സാമീപ്യം ആദ്യന്തം സന്നിഹിതമാണ്. അതിന് തുടർച്ചയായി ഈ ജീവിതത്തിലേക്ക് യുവജനങ്ങൾ കടന്നു വരണം. ബഹുമാനപ്പെട്ട വൈദികരും സമർപ്പിതരും തങ്ങൾ തെരഞ്ഞെടുത്ത ജീവിതത്തിൽ സംതൃപ്തരായി കാണപ്പെടുന്നത് തന്നെ ആ ജീവിതത്തിലേക്ക് പ്രവേശിക്കാൻ യുവജനങ്ങൾക്ക്

പ്രേരണയാകും. അങ്ങനെയൊക്കെ സംഭവിക്കുമ്പോൾ യുവജനങ്ങൾ ഈ ജീവിതരീതികൾ തെരഞ്ഞെടുക്കും എന്നത് തീർച്ചയാണ്. തുടർച്ചയായി അവരെ അനുയാത്ര ചെയ്യുകയും വേണം. പ്രിയപ്പെട്ട മാതാപിതാക്കന്മാരും വൈദികരും സമർപ്പിതരും തങ്ങളുടെ പ്രാർത്ഥനകളിലും ഇക്കാര്യത്തിന്ന് പ്രാധാന്യം കൊടുക്കണം. അപ്പോൾ ദൈവം നമ്മളെ അനുഗ്രഹിക്കും. കർത്താവിന്റെ കൃപ നിങ്ങളോടു കൂടെയുണ്ടാകട്ടെ.

യേശുവിൽ,

**ബിഷപ്പ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:-** ഈ സർക്കുലർ 2022 ഏപ്രരിൽ 3 ന് ഇടവകകളിൽ വായിക്കേണ്ടതാണ്. അതോടൊപ്പം ഇടവകകളുടെയും സമർപ്പിത സമൂഹങ്ങളുടെയും സംഘടനകളുടെയും വാട്ട്സ്ആപ്പ് ഗ്രൂപ്പുകളിൽ പോസ്റ്റ് ചെയ്യുന്നത് കൂടുതൽ പേരിലേക്ക് അതെത്താൻ സഹായകമാകും.

# സർക്കുലർ

***Circular No.2/2022***
***Prot. No. 25974/2022***

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയപ്പെട്ട സഹോദരങ്ങളെ, കുട്ടികളേ,

2022 മെയ് 15ന് വത്തിക്കാനിൽ വി. പത്രോസിന്റെ ബസിലിക്കയിൽ വച്ച് ഭാരതത്തിൽ നിന്നുള്ള വാഴ്ത്തപ്പെട്ട ദേവസഹായം പിള്ളയെ വിശുദ്ധനായി പ്രഖ്യാപിക്കും. ഭാരതീയ കത്തോലിക്കരായ നമുക്ക് അദ്ദേഹം വണക്കത്തിനായി അൾത്താരയിൽ സ്ഥാനം പിടിക്കുന്ന ഈ സന്ദർഭം ഏറെ സന്തോഷം നല്കുന്നതാണ്. കാരണം ഭാരതത്തിലെ അത്മായ കത്തോലിക്കരുടെ ഗണത്തിൽ നിന്ന് വിശുദ്ധപദവിയിൽ എത്തുന്ന പ്രഥമ വ്യക്തിയാണ് അദ്ദേഹം. അതിലുപരി ഈശോയുടെ മാർഗ്ഗം സ്വീകരിച്ചതിന്റെ പേരിൽ ഭരണാധികാരികളാൽ അതിദാരുണമായി പീഡിപ്പിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്ത ഒരു രക്തസാക്ഷിയുമാണദ്ദേഹം. തിരുവിതാംകൂർ രാജാവായിരുന്ന മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കൊട്ടാരത്തിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥനായിരുന്നു ദേവസഹായം പിള്ള. താൻ തെരഞ്ഞെടുത്ത ക്രൈസ്തവ വിശ്വാസത്തിന് തന്റെ ഉദ്യോഗത്തേക്കാളും ജീവനേക്കാളും പ്രാമുഖ്യവും പ്രാധാന്യവും കൊടുത്തതുകൊണ്ടാണ് അദ്ദേഹം കൊല്ലപ്പെട്ടത്. പുതിയതായി വിശ്വാസ ജീവിതത്തിലേക്ക് കടന്നു വന്ന അദ്ദേഹത്തിന്റെ വിശ്വാസസാക്ഷ്യം വി. തോമാശ്ലീഹായിൽ നിന്ന് വിശ്വാസം സ്വീകരിച്ചു എന്ന് അഭിമാനിക്കുന്ന നമുക്കൊരു വെല്ലുവിളിയാണ്. *ശരീരത്തെ കൊല്ലുകയും ആത്മാവിനെ കൊല്ലാൻ കഴിവില്ലാതിരിക്കുകയും ചെയ്യുന്നവരെ നിങ്ങൾ ഭയപ്പെടേണ്ടാ, മറിച്ച്, ആത്മാവിനെയും ശരീരത്തെയും നരകത്തിനിരയാക്കാൻ കഴിയുന്നവനെ ഭയപ്പെടുവിൻ* (മത്തായി 10:28) എന്ന കർതൃവചനങ്ങൾ ഇത്തരുണത്തിൽ നാം അനുസ്മരിക്കണം.

തിരുവിതാംകൂർ രാജ്യത്ത് നട്ടളം എന്ന സ്ഥലത്തെ ശ്രീ ആദികേശവപെരുമാൾ ക്ഷേത്രത്തിലെ പൂജാരിയായിരുന്ന വാസുദേവൻ നമ്പൂതിരിയുടെയും തിരുവട്ടാർ എന്ന സ്ഥലത്തു നിന്നുള്ള ദേവിക അമ്മാളിന്റെയും പുത്രനായി 1712 ഏപ്രിൽ 13 ന് ഇന്ന് തമിഴ് നാട്ടിൽ കന്യാകുമാരി ജില്ലയിലെ പള്ളിയിട എന്ന സ്ഥലത്താണ് വാഴ്ത്തപ്പെട്ട ദേവസഹായം പിള്ള ജനിച്ചത്. നീലകണ്ഠൻ എന്നായിരുന്നു അദ്ദേഹത്തിന് മാതാപിതാക്കൾ കൊടുത്ത പേര്. പിള്ള എന്നത് ജാതി സൂചകമായ വാക്കാണ്. നായർ സമ്പ്രദായമനുസരിച്ച് മരുമക്കത്തായ ക്രമം പിൻചെന്നിരുന്നതിനാൽ അമ്മാവന്റെ പരിലാളനയിലാണ് അദ്ദേഹം വളർന്ന് വന്നത്. അമ്മാവന്റെ കുടുംബത്തിന് അന്നത്തെ തിരുവിതാംകൂർ ദളവ ആയിരുന്ന രാമയ്യൻ ദളവയുടെ അടുത്ത് സ്വാധീനമുള്ളയാളായിരുന്നു. അതു വഴിയായി യുവാവായ നീലകണ്ഠന് കൊട്ടാരത്തിൽ ഉയർന്ന ജോലി കിട്ടാൻ ഇടയായി. ആ കാലഘട്ടത്തിലാണ് തിരുവിതാംകൂറിൽ കച്ചവടകേന്ദ്രം സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ എത്തിയ ഡച്ചുകാർ, ക്യാപ്റ്റൻ ഡെ ലെനോയ് എന്ന സൈന്യാധിപന്റെ നേതൃത്വത്തിൽ തിരുവിതാംകൂർ ആക്രമിച്ചത്. കുളച്ചൽ എന്ന സ്ഥലത്ത് നടന്ന യുദ്ധത്തിൽ ഡച്ചുകാർ തോറ്റതോടെ ക്യാപ്റ്റനും കുറെയേറെ ഡച്ച് പട്ടാളക്കാരും തിരുവിതാംകൂറിന്റെ തടവിലായി. എന്നാൽ തിരുവിതാംകൂർ സൈന്യത്തിൽ ജോലി ചെയ്യാം എന്ന വ്യവസ്ഥയിൽ രാജാവ് അവരെ തടവിൽ നിന്ന് മോചിപ്പിച്ചു. പിന്നീട് തിരുവിതാംകൂർ രാജ്യം നടത്തിയ യുദ്ധങ്ങൾ ക്യാപ്റ്റൻ ഡെ ലെനോയുടെ നേതൃത്വത്തിൽ ജയിക്കുകയും കൂടുതൽ സ്ഥലങ്ങൾ തിരുവിതാംകൂറിനോട് ചേർക്കപ്പെടുകയും ചെയ്തു. അതോടൊപ്പം മറ്റൊന്നുകൂടി സംഭവിച്ചു. ക്രൈസ്തവ വിശ്വാസിയായ ക്യാപ്റ്റൻ ഡെ ലെനോയിൽ നിന്ന് ക്രിസ്തുവിനെ അറിഞ്ഞ നീലകണ്ഠൻ ക്രൈസ്തവ വിശ്വാസം സ്വീകരിച്ചു. 1745ൽ ലാസർ എന്ന പേരിൽ ജ്ഞാനസ്നാനപ്പെട്ടു. ഇന്നത്തെ തമിഴ്നാട് സംസ്ഥാനത്തെ തിരുനൽവേലി ജില്ലയിലെ വടക്കൻകുളത്തുള്ള കത്തോലിക്കാ ഇടവകയിൽ ഫാ. ബുട്ടാരി ഇത്താലുസ് എന്ന ഈശോസഭാ വൈദികനാണ് അദ്ദേഹത്തെ സ്നാനപ്പെടുത്തിയത്. ലാസറിന്റെ തമിഴ് രൂപമായ ദേവസഹായം എന്ന പേരിൽ അറിയപ്പെടാനും തുടങ്ങി. ഭാര്യ

ഭാർഗ്ഗവി അമ്മാളും ഭർത്താവിന്റെ പാത പിൻതുടർന്ന് തെരേസാ എന്ന പേരിൽ മാമ്മോദീസ സ്വീകരിച്ചു. തെരേസായുടെ തമിഴ് രൂപമായ ജ്ഞാനപ്പൂ എന്ന പേരിൽ അവർ അറിയപ്പെട്ടു.

തിരുവിതാംകൂറിൽ ഔദ്യോഗികമായി മതമർദ്ദനം ഇല്ലായിരുന്നെങ്കിലും രാജകൊട്ടാരത്തിൽ അന്യമതസ്ഥർ ഉദ്യോഗസ്ഥരായിരിക്കുന്നത് അനുവദനീയമായിരുന്നില്ല. മതാടിസ്ഥാനത്തിൽ ഭരിക്കപ്പെട്ട രാജ്യത്തിൽ കൊട്ടാര ഉദ്യോഗസ്ഥരിൽ അന്യമതാനുയായികൾ സ്വീകാര്യരായിരുന്നില്ല. സ്ഥിതി അതായിരിക്കെ ഹിന്ദു മതാനുയായി ആയി ഉദ്യോഗം സ്വീകരിക്കുകയും ഉദ്യോഗത്തിലിരിക്കേ മതം മാറുകയും ചെയ്ത നീലകണ്ഠപ്പിള്ള ഒട്ടും സ്വീകാര്യനായിരുന്നില്ല എന്ന് പറയേണ്ടതില്ലല്ലോ. അദ്ദേഹം രാജ്യദ്രോഹിയായി ചിത്രീകരിക്കപ്പെടുകയും 1749 ൽ അറസ്റ്റ് ചെയ്യപ്പെടുകയും ജയിലിൽ അടക്കപ്പെടുകയും ചെയ്തു. ഏതാണ്ട് മൂന്ന് വർഷക്കാലം അദ്ദേഹം അതിക്രൂരമായി പീഢിപ്പിക്കപ്പെടുകയും ചെയ്തു. ഡച്ചുകാർക്ക് രാജ്യത്തിന്റെ രഹസ്യങ്ങൾ ചോർത്തിക്കൊടുത്തു എന്നതായിരുന്നു അദ്ദേഹത്തിൽ ചുമത്തിയ കുറ്റം. ആ ആരോപണത്തിൽ കഴമ്പില്ലായിരുന്നു എന്നതാണ് വസ്തുത. ഡച്ചുകാരൻ തന്നെ പട്ടാളമേധാവി ആയിരുന്ന സാഹചര്യത്തിൽ രാജ്യരഹസ്യങ്ങൾ അദ്ദേഹത്തിനോ മറ്റ് ഡച്ച് അധികാരികൾക്കോ ചോർത്തി കൊടുത്തു എന്ന് ആരോപിക്കുന്നതിൽ കഴമ്പില്ലല്ലോ.

ദിവസേന 80 അടി കൊടുക്കുകയും അടികൊണ്ട് മുറിഞ്ഞ ദേഹം മുഴുവൻ മുളക് അരച്ച് തേച്ച് വെയിലത്ത് നിർത്തുകയും ചെയ്യുക എന്നീ ശിക്ഷാ മുറകളാണ് സ്വീകരിച്ചിരുന്നത്. കുടിക്കാനായി ചെളിവെള്ളമാണ് കൊടുത്തിരുന്നത്. അവസാനം 1752 ൽ അദ്ദേഹത്തിന് വധശിക്ഷ വിധിക്കപ്പെട്ടു. എന്നാൽ പിന്നീട് ആ തീരുമാനം രാജാവ് തിരുത്തുകയും അയൽ രാജ്യമായ പാണ്ഡ്യരാജ്യത്തേക്ക് നാടുകടത്താൻ വിധിക്കുകയും ചെയ്തു. അന്നത്തെ പതിവനുസരിച്ച് കുറ്റവാളി എന്ന നിലയിൽ ദേവസഹായം പിള്ളയുടെ ശരീരം മുഴുവൻ ചുവപ്പും കറുപ്പും പുള്ളികൾ ഛായം പൂശി. നാട്ടുകാരെല്ലാം കാണാനും അവരാൽ പരിഹസിക്കപ്പെടാനും വേണ്ടി പുരാണങ്ങളിൽ യമദൂതനായി പരാമർശിക്കപ്പെട്ടിരുന്ന പോത്തിന്റെ പുറത്തിരുത്തി ജനവാസ കേന്ദ്രങ്ങളിലൂടെയാണ് തിരുവിതാംകൂർ രാജാ

വിന്റെ ആസ്ഥാനമായ പദ്മനാഭപുരം കൊട്ടാരത്തിൽ നിന്ന് പാണ്ഡ്യ രാജ്യത്തെ അരൾവായ്മൊഴി വരെ ദേവസഹായം പിള്ളയെ കൊണ്ടുപോയത്.

പോകുന്ന വഴി ദാഹശമനം വരുത്താൻ ആഗ്രഹിച്ച അദ്ദേഹത്തിന് നാഗർകോവിലിന് 15 കി. മീറ്റർ അകലെയുള്ള പുലിയൂർക്കുറിശ്ശിയിൽ എത്തിയപ്പോൾ പാറയിടുക്കിൽ നിന്ന് അദ്ഭുതകരമായി കുടിവെള്ളം ലഭിച്ചു എന്ന് അവിടെയുള്ള ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. അവിടെ സ്ഥാപിക്കപ്പെട്ട പള്ളിയുടെ വളപ്പിൽ ഇപ്പോഴും ആ വെള്ളക്കുഴി ഉണ്ട്. ആ സ്ഥലം ഇന്നൊരു തീർത്ഥാടന സ്ഥലമാണ്. അതുപോലെ പോയ വഴിയിൽ പട്ടാളക്കാർ അദ്ദേഹത്തെ കെട്ടിയിട്ട പെരുവിള എന്ന സ്ഥലത്തെ ആര്യവേപ്പിന്റെ ഇലക്ക് പ്രത്യേകമായ രോഗശാന്തി ശക്തി ഉണ്ട് എന്നും വിശ്വസിക്കപ്പെടുന്നു.

അദ്ദേഹം നാടുകടത്തപ്പെട്ട പാണ്ഡ്യരാജ്യത്തെ അരൾവായ്മൊഴിക്കടുത്തുള്ള വനത്തിൽ ഉപേക്ഷിക്കപ്പെട്ട ദേവസഹായം പിള്ള കാടിനുള്ളിൽ ധ്യാന ജീവിതത്തിൽ കഴിഞ്ഞു. ഈ സമയം അനേകം പേർ അദ്ദേഹത്തിൽ നിന്ന് പ്രാർത്ഥനയും ആശീർവാദവും തേടി ചെന്നിരുന്നു. അതിൽ അസഹിഷ്ണുക്കളായ ചില നാട്ടുകാർ അദ്ദേഹത്തെ കൊല്ലാൻ പല പ്രാവശ്യം ശ്രമിക്കുകയുണ്ടായി എന്നും പറയപ്പെടുന്നു. ഈ ഘട്ടത്തിൽ അവിടെയുണ്ടായിരുന്ന ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ പട്ടാളക്കാർ കാറ്റാടിമല എന്ന സ്ഥലത്ത് വച്ച് അദ്ദേഹത്തെ വെടിവെച്ച് കൊന്നുവെന്നും പിന്നീട് പാണ്ഡ്യരാജ്യത്തെ പട്ടാളക്കാർ അദ്ദേഹത്തിന്റെ മൃതശരീരം കാട്ടിൽ വലിച്ചെറിഞ്ഞു എന്നും വിശ്വസിക്കപ്പെടുന്നു. അത് 1752 ജനുവരി 14ന് ആയിരുന്നു. കോട്ടാർ രൂപതയിൽ പെട്ട കാറ്റാടിമല ഇന്ന് വലിയൊരു തീർത്ഥാടന കേന്ദ്രമാണ്. അതിനടുത്ത കാമനായക്കമ്പട്ടി എന്ന സ്ഥലത്തെ ചില കച്ചവടക്കാർ ഏതാനും ദിവസങ്ങൾക്ക് ശേഷം ദേവസഹായം പിള്ളയുടെ ജീർണ്ണിച്ച് തുടങ്ങിയ മൃതദേഹം കണ്ടെത്തുകയും അതിനടുത്തുണ്ടായിരുന്ന കോട്ടാർ രൂപതയുടെ ഇന്നത്തെ സെന്റ് ഫ്രാൻസിസ് സേവ്യർ പള്ളിയിൽ സംസ്കരിക്കുകയും ചെയ്തു. അന്ന് നാഗർകോവിൽ, കോട്ടാർ തുടങ്ങിയ സ്ഥലങ്ങൾ കൊച്ചി രൂപതയുടെ ഭാഗമായിരുന്നു. തിരുനൽവേലി ജില്ലയിലെ വടക്കൻകുളം എന്ന സ്ഥല

ത്തുള്ള ഇടവകപ്പള്ളിയിൽ അദ്ദേഹത്തിന്റെ വസ്ത്രങ്ങൾ സൂക്ഷിച്ചിരിക്കുന്നു. 1756 ൽ അന്നത്തെ കൊച്ചി ബിഷപ്പ് വത്തിക്കാനിലേക്കയച്ച റിപ്പോർട്ടിൽ ദേവസഹായം പിള്ളയുടെ രക്തസാക്ഷിത്വം പരാമർശിക്കുന്നുണ്ട്. യാക്കോബായക്കാരുടെ പുനരൈക്യവുമായി ബന്ധപ്പെട്ട് 1780 ൽ റോമിലെത്തിയ കരിയാറ്റിൽ ജോസഫ് മൽപ്പാനും പാറേമ്മാക്കൽ തോമാ കത്തനാരും ദേവസഹായം പിള്ളയെ വിശുദ്ധനായി പ്രഖ്യാപിക്കാനുള്ള അപേക്ഷ കൊടുത്തതായി റോമാ യാത്ര എന്ന പേരിൽ പാറേമ്മാക്കൽ തോമ്മാക്കത്തനാർ രചിച്ച യാത്രാ വിവരണ ഗ്രന്ഥത്തിൽ പരാമർശിച്ചിട്ടുണ്ട്.

എന്നാൽ പിന്നീട് നടപടി ഒന്നുമുണ്ടായില്ല. 1984 ൽ കോട്ടാർ രൂപതയിലെ ഒരു അത്മായ സംഘടനയാണ് അതിന് ശേഷം ഈ കാര്യത്തിൽ താത്പര്യമെടുത്തത്. തുടർന്ന് കോട്ടാർ രൂപതയും തമിഴ്നാട് കത്തോലിക്കാ മെത്രാൻ സമിതിയും ഭാരത ലത്തീൻ കത്തോലിക്കാ സമിതിയും ആവശ്യമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കി നാമകരണത്തിനായി അപേക്ഷിച്ചു. 2012 ജൂൺ മാസത്തിൽ ദേവസഹായം പിള്ളയുടെ നാമകരണത്തിനുള്ള ഒരു പ്രധാന ഘട്ടം പിന്നിടുകയും പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ ദേവസഹായം പിള്ളയെ വാഴ്ത്തപ്പെട്ടവൻ എന്ന് പ്രഖ്യാപിക്കാൻ അനുമതി നൽകുകയും ചെയ്തു. അതിൻ പ്രകാരം 2012 ഡിസംബർ 2 ന് കോട്ടാറിൽ വച്ച് ദേവസഹായം പിള്ള വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തു. തുടർന്ന് അദ്ദേഹത്തിന്റെ നാമകരണ വിവരം 2021 നവംബർ 19 ന് പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപ്പാപ്പയുടെ അംഗീകാരത്തോടെ പ്രഖ്യാപിക്കപ്പെട്ടു. തുടക്കത്തിൽ സൂചിപ്പിക്കപ്പെട്ടതു പോലെ 2022 മെയ് 15ന് വത്തിക്കാനിൽ പരിശുദ്ധ പിതാവ് ആ പ്രഖ്യാപനം നടത്തും.

വിശ്വാസത്തിന് വേണ്ടി ജീവൻ പോലും ത്യജിക്കാൻ തയ്യാറായ ക്രിസ്ത്യാനികൾ ആദിമസഭയിൽ മാത്രമല്ല ഇന്നും എന്നും ധാരാളം ഉണ്ട്. അവരാരും അധികം അറിയപ്പെടുന്നില്ല എന്നേയുള്ളു. ദേവസഹായം പിള്ളയെ പോലെ അവരിൽ ചിലർ മാത്രം വിശുദ്ധരായി പ്രഖ്യാപിക്കപ്പെടുന്നു എന്ന് മാത്രം. ദേവസഹായം പിള്ള വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കപ്പെട്ട ദിവസം റോമിൽ തീർത്ഥാടകരെ അഭിസംബോധന ചെയ്ത് പരിശുദ്ധ പിതാവ് ബനഡിക്ട്

പതിനാറാമാൻ പറഞ്ഞ വാക്കുകൾ ഓർക്കാം:

ഇന്ന് ഇന്ത്യയിലെ കോട്ടാറിൽ, 18–ാം നൂറ്റാണ്ടിൽ ജീവിച്ച് രക്ത സാക്ഷിയായി മരിച്ച വിശ്വസ്തനായ ഒരു സാധാരണക്കാരനായ ദേവസഹായം പിള്ളയെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. ഇന്ത്യയിലെ സഭയുടെ സന്തോഷത്തിൽ നമുക്ക് പങ്കുചേരാം, ഈ മഹത്തായ രാജ്യത്തെ ക്രിസ്ത്യാനികളുടെ വിശ്വാസം നില നിർത്താൻ പ്രാർത്ഥിക്കാം.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരി ക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2022 മാർച്ച് മാസം 20 ന് നൽകപ്പെട്ടത്.



**ബിഷപ്പ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

N.B. ഈ സർക്കുലർ 2022 ഏപ്രിൽ മാസം 24 ന് ഇടവക കളിൽ വായിക്കേണ്ടതാണ്. ഇടവകകളുടെയും സമർപ്പിതരുടെയും സംഘടനകളുടെയും മറ്റും വാട്ട്സ്ആപ്പ് ഗ്രൂപ്പുകളിലേക്ക് ഫോർ വേർഡ് ചെയ്യുന്നതും ഉചിതമായിരിക്കും.

# സർക്കുലർ

***Circular No.3/2022***
***Prot. No. 25975/2022***

## വൈദികരുടേയും പള്ളിജീവനക്കാരുടേയും വേതനം:

*തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്തൻ പ്രൊവിൻസിന്റെ ഇതുസംബന്ധിച്ചുള്ള തീരുമാനങ്ങൾ അഭിവന്ദ്യ മാർ ജോർജ്ജ് ഞരളക്കാട്ട് പിതാവിന്റെ സർക്കുലറിലൂടെ അറിയിച്ചിട്ടുള്ളത് താഴെ കൊടുക്കുന്നു. ഈ തീരുമാനങ്ങൾ നമ്മുടെ രൂപതയിലും 2022 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.*

**ഈശോയിൽ പ്രിയമുള്ളവരേ,**

വർദ്ധിച്ചുവരുന്ന ജീവിതച്ചിലവുകളും സാമ്പത്തിക സാഹചര്യങ്ങളും പരിഗണിച്ച് ബഹുമാനപ്പെട്ട വൈദികരുടെ അലവൻസും പള്ളിജീവനക്കാരുടെ വേതനവും പരിഷ്ക്കരിക്കാൻ അതിരൂപതാതലത്തിൽ തീരുമാനിച്ചിരിക്കുകയാണ്. തലശ്ശേരി, മാനന്തവാടി, താമരശ്ശേരി രൂപതകളിലെ രൂപതാകച്ചേരി അംഗങ്ങൾ 2022 മാർച്ച് മാസം 7-ാം തിയതി തലശ്ശേരി ആർച്ച്ബിഷപ്സ് ഹൗസിൽ ഒന്നിച്ചുകൂടി ചർച്ച ചെയ്ത് നല്കിയ ശുപാർശകൾ മൂന്ന് രൂപതകളിലെയും രൂപതാദ്ധ്യക്ഷന്മാർ ചർച്ച ചെയ്ത് അംഗീകരിച്ചു. 2022 ഏപ്രിൽ മാസംമുതൽ പ്രാബല്യത്തിൽ വരത്തക്കവിധം താഴെപ്പറയുന്ന രീതിയിൽ അലവൻസും വേതനനിരക്കുകളും വർദ്ധിപ്പിക്കുന്നു.

1. ബഹു. വൈദികരുടെ പ്രതിമാസ അലവൻസ് 2022 ഏപ്രിൽ മാസം മുതൽ 14,000 രൂപയായി നിശ്ചയിക്കുന്നു. തുടർന്നുള്ള വർഷങ്ങളിൽ 500 രൂപവീതം വർദ്ധനവുണ്ടാകുന്നതാണ്.

2. ദൈവാലയ ശുശ്രൂഷികളുടെ വേതനം താഴെപ്പറയുന്ന രീതിയിൽ അടിസ്ഥാന വേതനത്തിൽ വർദ്ധനവ് വരുത്തുന്നു. ഇവരുടെ വാർഷിക ഇൻക്രിമെന്റ് 125 രൂപയിൽനിന്ന് 150 രൂപയായി ഉയർത്തുന്നു.

**പള്ളികളുടെ ഗ്രേഡ് അനുസരിച്ചുള്ള വേതന വർദ്ധന**

| ഗ്രേഡ് | വർദ്ധിപ്പിച്ച തുക | പുതുക്കിയ അടിസ്ഥാന വേതനം | 2022 ഏപ്രിൽ മുതൽ കൊടുക്കേണ്ട ശമ്പളം |
|---|---|---|---|
| A | 1250 | 7250 | നിലവിലുള്ള ശമ്പളം + 1250 |
| B | 1000 | 6000 | നിലവിലുള്ള ശമ്പളം + 1000 |
| C | 750 | 4950 | നിലവിലുള്ള ശമ്പളം + 750 |
| D | 500 | 3750 | നിലവിലുള്ള ശമ്പളം + 500 |
| E | 400 | 2200 | നിലവിലുള്ള ശമ്പളം + 400 |

നിലവിലുള്ള ശമ്പളത്തോട് അടിസ്ഥാനശമ്പളത്തിൽ വരുത്തിയ വർദ്ധനവും ചേർത്തുകിട്ടുന്ന തുകയായിരിക്കും 2022 ഏപ്രിൽ മാസം മുതൽ ദൈവാലയ ശുശ്രൂഷിക്ക് നല്കേണ്ട മാസ ശമ്പളം. ഈ വർഷം അടിസ്ഥാനശമ്പളം വർദ്ധിപ്പിച്ചതിനാൽ ഇൻക്രിമെന്റ് നല്കേണ്ടതില്ല. 2023 ഏപ്രിൽ മുതൽ പുതുക്കിയ ഇൻക്രിമെന്റ് നൽകണം.

3. അക്കൗണ്ടിന്റെ വേതനം: താഴെ പറയുന്ന രീതിയിൽ അടിസ്ഥാന വേതനത്തിൽ വർദ്ധനവ് വരുത്തുന്നു. ഇവരുടെ വാർഷിക ഇൻക്രിമെന്റ് 75 രൂപയിൽനിന്ന് 100 രൂപയായി ഉയർത്തുന്നു.

**പള്ളികളുടെ ഗ്രേഡ് അനുസരിച്ചുള്ള വേതന വർദ്ധന**

| ഗ്രേഡ് | വർദ്ധിപ്പിച്ച തുക | പുതുക്കിയ അടിസ്ഥാന വേതനം | 2022 ഏപ്രിൽ മുതൽ കൊടുക്കേണ്ട ശമ്പളം |
|---|---|---|---|
| A | 700 | 4000 | നിലവിലുള്ള ശമ്പളം + 700 |
| B | 500 | 3200 | നിലവിലുള്ള ശമ്പളം + 500 |
| C | 400 | 2500 | നിലവിലുള്ള ശമ്പളം + 400 |
| D | 300 | 2100 | നിലവിലുള്ള ശമ്പളം + 300 |
| E | 250 | 1750 | നിലവിലുള്ള ശമ്പളം + 250 |

നിലവിലുള്ള ശമ്പളത്തോട് അടിസ്ഥാനശമ്പളത്തിൽ വരുത്തിയ വർദ്ധനവും ചേർത്തുകിട്ടുന്ന തുകയായിരിക്കും 2022 ഏപ്രിൽ മാസം മുതൽ അക്കൗണ്ടിന് നല്കേണ്ട മാസശമ്പളം. ഈ വർഷം അടിസ്ഥാനശമ്പളം വർദ്ധിപ്പിച്ചതിനാൽ ഇൻക്രിമെന്റ് നല്കേണ്ടതില്ല. 2023 ഏപ്രിൽ മുതൽ പുതുക്കിയ ഇൻക്രിമെന്റ് നൽകണം.

4. 13-ാം മാസ ശമ്പളം : ദൈവാലയ ശുശ്രൂഷികൾക്കും പാരീഷ് അക്കൗണ്ടിനും റിട്ടയർമെന്റ് ആനുകൂല്യമായി നൽകുന്നതിനുവേണ്ടി അവരുടെ ഒരുമാസത്തെ വേതനത്തിനു തുല്യമായ തുക (13-ാം മാസ ശമ്പളം) അവരുടെയും വികാരിയച്ചന്റെയും ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കണം. 13-ാം മാസശമ്പളം നിർബന്ധമായും ബാങ്ക് അക്കൗണ്ടിൽതന്നെ നിക്ഷേപിക്കണം. ഏതെങ്കിലും അടിയന്തിര ആവശ്യത്തിന് ഇതിൽനിന്ന് ലോൺ എടുത്താൽ പണം കൈപ്പറ്റിയെന്ന രേഖ എഴുതി വാങ്ങി സൂക്ഷിക്കണം.

5. പടിസാധനം (തിരുക്കർമ്മങ്ങളുടെ നിരക്ക്): ഗ്രിഗോരിയൻ കുർബ്ബാനയുടെ നിരക്ക് 6000 രൂപയായിരുന്നത് 7500 രൂപയായി പുതുക്കി നിശ്ചയിക്കുന്നു.

6. വിവാഹനിയമങ്ങൾ: കൊവിഡ് രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഒത്തുകല്യാണങ്ങൾ ഒഴിവാക്കി വിവാഹം നടത്താനുള്ള അനുവാദങ്ങൾ നല്കിയിരുന്നത് ഇനിമുതൽ പ്രോത്സാഹിപ്പിക്കേണ്ടതില്ല. എന്നാൽ തക്കതായ കാരണങ്ങൾ ഉള്ളപ്പോൾ ഒത്തുകല്യാണങ്ങൾ ഒഴിവാക്കാം. എന്നാൽ വിവാഹപരസ്യം ഒഴിവാക്കരുത്.

സ്നേഹാശംസകളോടെ,
നിങ്ങളുടെ വത്സലപിതാവ്,



**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

# രൂപതാകച്ചേരി വാർത്തകൾ

**മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ 19-ാം ചരമ വാർഷികം**

നമ്മുടെ പ്രിയങ്കരനായ മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ ചരമദിനം ഏപ്രിൽ 6-ാം തീയതി ബുധനാഴ്ചയാണ്. അന്നേ ദിനം എപ്പാർക്കിയൽ അസംബ്ലി നടക്കുന്നതിനാൽ ഏപ്രിൽ 4 തിങ്കളാഴ്ച രാവിലെ 7 മണിക്ക് കത്തീഡ്രൽ ദേവാലയത്തിൽ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ ദിവ്യബലിയും തിരുകർമ്മങ്ങളും ഉണ്ടായിരിക്കും. സാധിക്കുന്ന വൈദികരും സന്യസ്തരും അല്മായ സഹോദരങ്ങളും ആ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**സ്നേഹസ്മരണ**

ഏപ്രിൽ 5 ന് ബഹു. തോമസ് തുരുത്തേലച്ചന്റെ ഒന്നാം ചരമ വാർഷികവും, ഏപ്രിൽ 8 ന് ബഹു. പോൾ മണക്കാട്ടുമറ്റം അച്ചന്റെയും, ഏപ്രിൽ 15 ന് ബഹു. ജേക്കബ് നരിക്കുഴി അച്ചന്റെയും, ഏപ്രിൽ 21 ന് ബഹു. അഗസ്റ്റിൻ കണ്ണാടിക്കരയച്ചന്റെയും, ഏപ്രിൽ 29 ന് ബഹു. ജോസഫ് വെട്ടിക്കുഴിച്ചാലിൽ അച്ചന്റെയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ ബലികളിലും പ്രാർത്ഥനകളിലും പ്രത്യേകം അനുസ്മരിക്കാം.

**എപ്പാർക്കിയൽ അസംബ്ലി (ഏപ്രിൽ 4-7)**

മാനന്തവാടി രൂപതാ എപ്പാർക്കിയൽ അസംബ്ലി 2022 ഏപ്രിൽ 4 മുതൽ 7 വരെ രൂപതാ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുകയാണ്. കാനൻ നിയമമനുസരിച്ച് ഈ യോഗത്തിൽ മൂന്ന് തരത്തിലുള്ള പ്രതിനിധികളാണ് പങ്കെടുക്കേണ്ടത്. ഉദ്യോഗസഹജമായ (Ex-Officio) രീതിയിലുള്ളവർ, വിവിധ വിഭാഗങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർ, പ്രത്യേകമായി ക്ഷണിക്കപ്പെടുന്നവർ എന്നിങ്ങനെ അവർ മൂന്ന് വിഭാഗങ്ങളിൽപെടുന്നു. പങ്കെടുക്കേണ്ടവർക്കെല്ലാം ക്ഷണക്കത്തുകൾ അയച്ചിട്ടുണ്ട്. അസംബ്ലിയുടെ വിജയത്തിനു വേണ്ടി പ്രാർത്ഥിച്ച് ഒരുങ്ങാം.

**സുവർണ്ണ ജൂബിലി ഉദ്ഘാടനം (2022 മെയ് 01)**

2022 മെയ് 01 നു ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 ന് വിശുദ്ധ കുർബാനയോടെ രൂപതാ സുവർണ്ണ ജൂബിലി ഉദ്ഘാടനം ചെയ്യപ്പെടുന്നു. രൂപതയുടെ പ്രഥമ മെത്രാൻ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ അർപ്പിക്കപ്പെടുന്ന വിശുദ്ധ ബലിയിൽ തലശേരി അതിരൂപതയുടെ നിയുക്ത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ളാനി പിതാവും, നമ്മുടെ രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവും, രൂപതയിലെ എല്ലാ വൈദികരും സഹകാർമ്മികരായിരിക്കും.

**പ്രോഗ്രാം:**

2.30 pm - വി. കുർബാന

4.00 pm - പൊതുസമ്മേളനം

**പങ്കെടുക്കേണ്ടവർ:**

എല്ലാ വൈദികരും, സന്യസ്തരും, സൺഡേസ്കൂൾ പ്രധാനാധ്യാപകരും, കുടുംബകൂട്ടായ്മപ്രതിനിധികളും എല്ലാ സംഘടനാ ഭാരവാഹികളും.

രൂപതയിലെ എല്ലാ ഇടവകകളിലും മെയ് 08 നു ഞായറാഴ്ച്ച തിരി തെളിച്ച് സുവർണ്ണജൂബിലി ഉദ്ഘാടനം ചെയ്യപ്പെടുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**New Appointment:**

Fr. Santhosh Oravaranthara- Vicar, Santhigiri

**Address:**

1. Pastor George Muthirakalayil
Kirchpltaz 3
57489 Drolshagen
Germany
Mob: 004915123847735
Eamil: smithira73@gmail.com

2. Fr. Praksh Vettickal (Ph.D at Annamalai University)
130, 5th Cross West Street
K.R.M Nagar, Annamalai Nagar
Chidambaram
Tamil Nadu- 608 002

**മോൺ. പോൾ മുണ്ടോളിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്

മാനന്തവാടി രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ഒരു യോഗം 2022 മാർച്ച് 12 ന് രാവിലെ 10 മണിക്ക് ബഹു. സിസ്റ്റർ ഫിലോ SVC നയിച്ചപ്രാർത്ഥനയോടെ പാസ്റ്ററൽ സെന്ററിൽ യോഗനടപടികൾ ആരംഭിച്ചു. രൂപതാവികാരി ജനറാൾ മോൺ പോൾ മുണ്ടോളിക്കൽ സ്വാഗതപ്രസംഗം നടത്തി. രൂപതയുടെ ജൂബിലി ആചരണത്തെക്കുറിച്ചും എപ്പാർക്കിയൽ അസംബ്ലിയെക്കുറിച്ചും അച്ചൻ ആശയങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.

അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് അദ്ധ്യക്ഷ പ്രസംഗത്തിൽ രൂപതയുടെ സ്ഥാപന സാഹചര്യം, രൂപതയുടെ വളർച്ച അഭിവന്ദ്യ ജേക്കബ് തൂങ്കുഴി, മാർ എമ്മാനുവൽ പോത്താനാമുഴി എന്നീ പിതാക്കൻമാരിലൂടെയും വൈദീകരിലൂടേയും രൂപത കൈവരിച്ച നേട്ടങ്ങൾ ഓർമ്മിക്കുകയും ഇനി നാം സഞ്ചരിക്കേണ്ട പാതകളെക്കുറിച്ച് ചിന്തകൾ പങ്കുവെക്കുകയും ചെയ്തു.

രൂപതയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളെക്കുറിച്ചും അതിനു മുന്നോടി ആയി നടക്കുന്ന എപ്പാർക്കിയൽ അസംബ്ലിയെക്കുറിച്ചും ജനറൽ കൺവീനർ ഫാ. ബിജു മാവറ അവതരണം നടത്തി. തുടർന്നു നടന്ന പൊതു ചർച്ചയിൽ അംഗങ്ങൾ തങ്ങളുടെ അഭിപ്രായങ്ങളും ആശയങ്ങളും അവതരിപ്പിച്ചു.

**പ്രധാന നിർദ്ദേശങ്ങൾ**

* ജൂബിലിയുടെ ഉദ്ഘാടനം എല്ലാ ഇടവകകളിലും നടത്തണം, വീടുകളിൽ ജൂബിലി പ്രാർത്ഥന നൽകണം.
* രൂപതയിൽ നടന്ന കമ്മ്യൂണിറ്റി സർവ്വേയുടെ ഇടവകതല റിപ്പോർട്ടിന്റെ കോപ്പി ഇടവകകൾക്ക് ലഭ്യമാക്കണം.
* സർവ്വേയുടെ അടിസ്ഥാനത്തിൽ അതിദരിദ്രരുടെ പട്ടിക തയ്യാറാക്കി അവർക്കായി പദ്ധതികൾ നടപ്പിൽ വരുത്തണം
* ജൂബിലിയോടനുബന്ധിച്ച് പെയിൻ & പാലിയേറ്റീവ് ആംബുലൻസ് സേവനങ്ങൾ ആരംഭിക്കണം
* പ്രായമായവർക്കായി ഫാമിലി കോംപ്ലക്സ് ആരംഭിക്കണം
* എപ്പാർക്കിയൽ അസംബ്ലിയിൽ നിന്നും ഉരുത്തിരിയുന്ന ആശയങ്ങൾ ഉൾക്കൊള്ളിച്ച് പാസ്റ്ററൽ പ്ലാൻ തയ്യാറാക്കി. അതനുസരിച്ച്

പ്രവർത്തനങ്ങൾ നടപ്പിൽ വരുത്താൻ ശ്രദ്ധിക്കണം.

* രൂപതയുടെ സ്ഥാപനങ്ങളിൽ തൊഴിൽ അവസരങ്ങൾക്ക് എല്ലാ കുടുംബങ്ങളും പരിഗണിക്കപ്പെടണം. ഒരു വീട്ടിൽ നിന്നും മൂന്നിലധികം പേർക്ക് അവസരം നൽകുന്നത് കഴിവതും ഒഴിവാക്കണം.
* എല്ലാ ഇടവകകളിലും ചാരിറ്റിഫണ്ട് ഉണ്ടാകണം. ഇത് മറ്റ് ആവശ്യങ്ങൾക്കായി വകമാറ്റരുത്.
* സംഘടനാ പ്രവർത്തനങ്ങൾ എല്ലാ ഇടവകകളിലും സജ്ജീവമാക്കണം.
* ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഇടവകാതലത്തിലും സ്കൂൾ തലത്തിലും ശക്തിപ്പെടുത്തണം.
* തീരുമാനങ്ങൾ എടുക്കുന്നതും നടപ്പാക്കുന്നതുമായ സമിതികളിലും സംവിധാനങ്ങളിലും അത്മായരെ ഉൾക്കൊള്ളിച്ച് സമുദായ നേതൃത്വത്തെ ശക്തിപ്പെടുത്തണം
* ഭവന രഹിതർ ഇല്ലാത്ത രൂപത എന്ന ലക്ഷ്യം പൂർത്തീകരിക്കണം. ഇതിനായി ലാന്റ് ബാങ്ക് സ്പോൺസേർസ് ബാങ്ക് സംവിധാനം രൂപപ്പെടുത്തണം.
* മതബോധനരംഗം ശക്തിപ്പെടുത്തണം, മുതിർന്നവർക്കുള്ള പരിശീലനങ്ങൾ സംഘടിപ്പിക്കണം.
* നീലഗിരി റീജിയണിനായി പ്രത്യേക പദ്ധതികൾ തയ്യാറാക്കണം.
* കൗൺസിലിംഗ് സെന്റർ ഡി- അഡിക്ഷൻ സെന്റർ തൊഴിൽ സംവിധാനങ്ങൾ തുടങ്ങിയവ ആരംഭിക്കാൻ കഴിയുമോയെന്ന് ചിന്തിക്കണം.
* രൂപതാ മാര്യേജ് ബ്യൂറോയുമായി ബന്ധപ്പെടുത്തി ഇടവകാതലത്തിൽ പ്രവർത്തനങ്ങൾ ആരംഭിക്കണം.
* കാർഷിക പ്രശ്നങ്ങൾ ജപ്തി നടപടികൾ എന്നിവയിൽ ക്രിയാത്മക ഇടപെടലുകൾ നടത്തുകയും പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യണം.

ഈ സമ്മേളനത്തോടെ നിലവിലുള്ള പാസ്റ്ററൽ കൗൺസിലിന്റെ കാലാവധി അവസാനിച്ചെന്നും പുതുതായി ഫൊറോന സമിതികളും പാസ്റ്ററൽ കൗൺസിലും രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ ഉടൻ ആരംഭിക്കുന്നതായും അഭിവന്ദ്യ പിതാവ് യോഗത്തെ അറിയിക്കുകയും എല്ലാവർക്കും നന്ദി നേരുകയും ചെയ്തു.

പാസ്റ്ററൽ കൗൺസിൽ നിന്നും എപ്പാർക്കിയൽ അസംബ്ലിയിൽ പങ്കെടുക്കുന്നതിനായി പത്ത് പ്രതിനിധികളെ യോഗം തിരഞ്ഞെടുത്തു. യോഗത്തിന് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി കൃതജ്ഞത അർപ്പിച്ചു. രൂപതാ ആന്തത്തോടെ യോഗം അവസാനിപ്പിച്ചു.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
പാസ്റ്ററൽ കൗൺസിൽ (സെക്രട്ടറി)

# പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട്

മാനന്തവാടി രൂപതയിലെ വൈദിക സമിതിയുടെ (പ്രസ്ബിറ്ററൽ കൗൺസിൽ) ഒരു സമ്മേളനം 2022 മാർച്ച് 09 ന് ബുധനാഴ്ച ഉച്ചകഴിഞ്ഞു 2: 30 നു ബിഷപ്സ് ഹൗസ്സിൽ വെച്ച് ചേർന്നു. ബഹു. ജെയ്മോൻ കളമ്പുകാട്ട് അച്ചൻ നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ച മീറ്റിംഗിൽ രൂപതാ വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചുകൊണ്ടു മീറ്റീംഗിന്റെ അജണ്ട വിശദീകരിച്ചു. തുടർന്ന് അഭിവന്ദ്യപിതാവ് അധ്യക്ഷ പ്രസംഗം നടത്തുകയും മാറ്റങ്ങൾ മനസിലാക്കി അതനുസരിച്ച് നാം സജ്ജരാകേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും, എപ്പാർക്കിയൽ അസംബ്ലിയുടെയും രൂപതാ അസംബ്ലിയുടേയും പ്രാധാന്യത്തെപ്പറ്റിയും വിശദീകരിച്ചു.

തുടർന്ന് രൂപതാ അസംബ്ലിയെപ്പറ്റിയും ജൂബിലിക്കുവേണ്ട ഒരുക്കങ്ങളെപ്പറ്റിയും രൂപതാ ജൂബിലി കോർഡിനേറ്റർ റവ. ഫാ. ബിജു മാവറ പങ്കുവച്ചു. പിന്നീട് നടന്ന ചർച്ചകളിൽ വൈദികരുടെ അഭിപ്രായങ്ങൾ പങ്കുവച്ചു. ജൂബിലി വർഷത്തിൽ അജപാലന വെല്ലുവിളികളെ തിരിച്ചറിയുകയും അതനുസരിച്ചുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുകയും ചെയ്യുന്ന ഫോറങ്ങൾ ആവശ്യമാണ് തുടങ്ങിയ കാര്യങ്ങളെക്കുറിച്ചുള്ള ചർച്ചകൾ നടത്തി.

1. അജപാലന വെല്ലുവിളികളെ തിരിച്ചറിയാനുള്ള പരിശീലനം വൈദികർക്ക് നല്കുക. ജനങ്ങൾ വിശ്വാസത്തിൽ നിന്ന് മാറിപ്പോകുന്നതിന്റെ കാരണങ്ങളെ അഭിസംബോധന ചെയ്യുന്ന ഫോറങ്ങൾ ഉണ്ടാക്കുക

2. കഴിഞ്ഞ എപ്പാർക്കിയൽ അസംബ്ലിയിൽ വന്ന വിഷയങ്ങളെയും പദ്ധതികളെയും മോണിട്ടറിംഗ് ചെയ്യാൻ കഴിയുന്ന സംവിധാനം ഉണ്ടാക്കുക.
3. വസ്തുനിഷ്ഠമായി കാര്യങ്ങളെ പഠിക്കുന്ന വ്യക്തികളുടെ കൂട്ടായ്മ എങ്ങനെയാണ് നാം സഭയായിരിക്കുക എന്ന് ആലോചിക്കുന്ന വിദഗ്ദ്ധരുടെ ഗ്രൂപ്പ് ഉണ്ടാക്കണം.
4. നമ്മുടെ ഉപവിപ്രവർത്തനങ്ങൾ നടപ്പാക്കുകയും പ്രായോഗിക ബുദ്ധിമുട്ടുകൾ മനസ്സിലാക്കി അത് തരണം ചെയ്യുകയും ചെയ്യണം.
5. ഹെൽപ് ഡെസ്ക്കുകൾ ആരംഭിക്കണം
6. ദീപികയുടെ പ്രമോഷന് മുൻഗണന കൊടുക്കണം.
7. ഇടവകകളുടെ ക്ഷേമനിധി, പ്രാദേശിക സംരംഭങ്ങൾ എന്നിവയെ വിജയിപ്പിക്കുക.
8. ബൈബിൾ പഠിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
9. ഫൊറോനാ അസംബ്ലികൾ വർഷത്തിലൊരിക്കലെങ്കിലും നടത്തുക.
10. ലീഗൽ എയ്ഡ് സെന്റർ, ക്യാംപസ് മിനിസ്ട്രി തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടു പോകുവാൻ സംവിധാനങ്ങളുണ്ടാവുക.
11. ജനങ്ങളുടെ ഭാഗത്ത് നിന്ന് ഫൊറോനാ അസംബ്ലിയിൽ വന്ന നിർദ്ദേശങ്ങൾ നടപ്പാക്കുന്നത് മോണിട്ടറിംഗ് ചെയ്തിട്ടായിരിക്കണം.

തുടർന്ന് ഈ പ്രസ്ബിറ്ററൽ കൗൺസിലിന്റെ കാലാവധി തീരുകയാണെന്നകാര്യം അഭിവന്ദ്യ പിതാവ് അറിയിക്കുകയും എല്ലാ അംഗങ്ങൾക്കും നന്ദി പറയുകയും ചെയ്തു. അടുത്ത വൈദിക സമിതിയുടെ രൂപീകരണത്തിനായി 5 അംഗകമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. തുടർന്ന് രൂപതാ ചാൻസലർ ബഹു. അനൂപ് കാളിയാനിയിൽ അച്ചൻ എല്ലാവർക്കും നന്ദി പറഞ്ഞു. അഭിവന്ദ്യ പിതാവിന്റെ ആശീർവാദത്തോടെ യോഗം 4:30 നു സമാപിച്ചു.

**ഫാ. അനൂപ് കാളിയാനിയിൽ**
ചാൻസലർ

# വൈദികരുടെ മാസധ്യാനം

**മണിമൂളി ഫൊറോന**

മണിമൂളി ഫൊറോനയിലെ മാർച്ച് മാസത്തിലെ മാസധ്യാനം ഭൂദാനം സെന്റ് മേരീസ് ദേവാലയത്തിൽവച്ച് നടത്തപ്പെട്ടു. ഇടവക വികാരി ബഹു. ഫാ. വിമൽ ദേവ് കണ്ടത്തിൽ സി. എസ്. റ്റി. ഏവരേയും ധ്യാനത്തിലേക്ക് സ്വാഗതം ചെയ്തു. സി. എസ്. റ്റി. സഭയുടെ വികർ പ്രൊവിൻഷ്യൽ ബഹു. ഫാ. ജോസഫ് ചാത്തനാട്ട് ധ്യാനചിന്തകൾ പങ്കുവച്ചു. ബഹു. ഫാ. ജോസഫ് ചാത്തനാട്ട് സി. എസ്. റ്റി., ബഹു. ഫാ. റീഗൻ പള്ളുരുത്തിയിൽ സി. എസ്. റ്റി. എന്നിവർ അനുതാപശുശ്രൂഷയും ഫൊറോന വികാരി ബഹു. തോമസ് മണക്കുന്നേൽ അച്ചന്റെ നേതൃത്വത്തിൽ കുരിശിന്റെ വഴിയും നടത്തി. തുടർന്ന് ബഹു. തോമസ് മണക്കുന്നേലച്ചന്റെ അദ്ധ്യക്ഷതയിൽ ഫൊറോനയിലെ അച്ചന്മാരുടെ യോഗം ചേരുകയും, ജോസഫ് നാമധാരികളായ ഫാ. ജോസഫ് ചാത്തനാട്ട്, ഫാ. ബിജു ഉറുമ്പിൽ, ഫാ. സജി കോട്ടായിൽ, ഫാ. ആൽബിൻ വളയത്തിൽ എന്നിവർക്ക് നാമഹേതുക തിരുന്നാളിന്റെ മംഗളങ്ങൾ നേരുകയും, ഭൂദാനം ഇടവകയിലെ തന്റെ സ്തുത്യർഹമായ സേവനത്തിന് ശേഷം പാറ്റ്നയിലേക്ക് പുതിയ ദൗത്യവുമായി പോകുന്ന ബഹു. വിമൽ അച്ചന് ഫൊറോനയിലെ അച്ചന്മാരുടെ പേരിലുള്ള കൃതജ്ഞതയും പുതിയ ശുശ്രൂഷാ മേഖലയിൽ ദൈവാനുഗ്രഹം നേരുകയും ചെയ്തു. ഈസ്റ്ററിന് ഒരുക്കമായി ഫൊറോനയിലെ ഇടവകകളിൽ നടത്തപ്പെടേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും വിവിധ സംഘടനകളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു. ധ്യാനത്തിലും തുടർന്നുള്ള യോഗത്തിലും ഫൊറോനയിലെ എല്ലാ വൈദീകരും പങ്കെടുത്തു. ബഹു. ബിജു ഉറുമ്പിൽ അച്ചൻ എല്ലാവർക്കും നന്ദി അറിയിച്ചു. മാസധ്യാനം മനോഹരമായി ക്രമീകരിച്ച വിമൽ അച്ചനും, ഭൂദാനം ഇടവകയിലെ കൈക്കാരന്മാർക്കും ഇടവക ജനത്തിനും പ്രത്യേകം നന്ദി.

**ഫാ. ആൽബിൻ വളയത്തിൽ**
സെക്രട്ടറി

**മാനന്തവാടി ഫൊറോന**

മാനന്തവാടി ഫൊറോനയിലെ വൈദികർക്കുള്ള മാസധ്യാനം മാർച്ച് 15-ാം തിയ്യതി രാവിലെ 10 മണിക്ക് മാനന്തവാടി കത്തീഡ്രൽ

ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. ഇടവക വികാരി ബഹു. ഫാ. സണ്ണി മഠത്തിൽ മാസധ്യാനത്തിലേക്ക് വൈദികരെ സ്വാഗതം ചെയ്ത് സംസാരിച്ചു. തുടർന്ന് ബഹു. ഫാ. ലിൻസൺ ധ്യാന ചിന്ത പങ്ക് വയ്ക്കുകയും ചെയ്തു. പുരോഹിതന്റെ അന്തസ്സും കർത്തവ്യങ്ങളും എന്ന വി. അൽഫോൻസ് ലിഗോരിയുടെ ഗ്രന്ഥത്തെ ആസ്പദമാക്കി പൗരോഹിത്യ ജീവിതത്തെ ധ്യാന വിധേയമാക്കുന്നതായിരുന്നു അച്ചന്റെ ധ്യാന ചിന്തകൾ. തുടർന്ന് അച്ചന്റെ നേതൃത്വത്തിൽ ദിവ്യകാരുണ്യ ആരാധന നടത്തപ്പെട്ടു. ഫാ. ജോഫ്രി നാക്കുഴിക്കാട്ടും ഫാ. ജെയിംസ് CST യുമാണ് പാപമോചന സങ്കീർത്തന ശുശ്രൂഷ നിർവ്വഹിച്ചത്. ആരാധനയ്ക്കു ശേഷം ഫൊറോന വികാരി ബഹു. ഫാ. സണ്ണി മഠത്തിന്റെയും, ഫാ. ബിജു തൊണ്ടിപറമ്പിന്റെയും നേതൃത്വത്തിൽ രൂപതയുടെ ജൂബിലിയോട് അനുബന്ധിച്ച് നടത്തിയ ഫൊറോന തല അസംബ്ലിയെ വിലയിരുത്തി ചർച്ച നടത്തി. തുടർന്ന് ഇതര സാമൂഹിക വിഷയങ്ങളെ കുറിച്ചും ഫൊറോനയിലെ വിവിധ സംഘടനകളുടെ പ്രവർത്തനങ്ങളെക്കുറിച്ചും വിലയിരുത്തുകയും ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. കൂട്ടായ്മയിൽ ഫൊറോനയിലെ 28-ഓളം വൈദികരുടെ സാന്നിധ്യം ഉണ്ടായിരുന്നു. ബഹു. ഫാ. വിൻസെന്റ് കൊരട്ടിപറമ്പിൽ മാസധ്യാനം നടത്തുവാൻ സജ്ജീകരണങ്ങൾ നടത്തിയ ബഹു. ജസ്റ്റിൻ മൂന്നനാൽ അച്ചനും പങ്കെടുത്ത വൈദികർക്കും നന്ദി പറഞ്ഞു. മാസ ധ്യാനത്തിന് ആവശ്യമായി ക്രമീകരണങ്ങൾ ചിട്ടയോടെ ഒരുക്കിയ ബഹു. ജസ്റ്റിൻ മൂന്നനാൽ അച്ചന് നന്ദി.

**പ്രധാന തീരുമാനങ്ങൾ**

* നോമ്പ്കാലധ്യാനം, കുമ്പസാരം എന്നിവയുടെ ക്രമീകരണങ്ങളെപ്പറ്റി സംസാരിച്ചു.
* അജപാലന സംബന്ധമായ വിഷയങ്ങൾ ചർച്ച ചെയ്തു
* രൂപത ജൂബിലി ആഘോഷങ്ങളെ സംബന്ധിക്കുന്ന ഒരുക്കങ്ങളെക്കുറിച്ച് ചർച്ച നടത്തി.
* ജൂബിലി വർഷത്തോടനുബന്ധിച്ചുള്ള ഭവന നിർമ്മാണ പദ്ധതിയുടെ കാര്യങ്ങൾ ചർച്ച ചെയ്തു.
* നോമ്പിന്റെ തിരക്ക് പരിഗണിച്ച് ഏപ്രിൽ മാസത്തെ മാസധ്യാനം ഉണ്ടായിരിക്കുന്നതല്ല. പകരം മെയ് മാസത്തിലെ ധ്യാനം മുതിരേരി പള്ളിയിൽ വച്ച് മെയ് 10 ന് രാവിലെ 10.00 മണിക്ക് നടത്തപ്പെടുന്നതായിരിക്കും

**ഫാ. റോബിൻസ് കുമ്പളക്കുഴി**
സെക്രട്ടറി

ഏവരെയും പുതുചൈതന്യംകൊണ്ട് നിറയ്ക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളോട് സഹകരിക്കുന്നതാണ് വിശ്വാസപരിശീലനം. (മതബോധന ഡയറക്ടറി 2020, നമ്പർ 39) ഈ വിശ്വാസപരിശീലന വർഷം പൂർത്തിയാകുമ്പോൾ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളോട് സഹകരിച്ച എല്ലാ വിശ്വാസപരിശീലകർക്കും, നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാർക്കും കൊച്ചച്ചന്മാർക്കും എല്ലാ പ്രധാനാധ്യാപകർക്കും ടീമംഗങ്ങൾക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു.

## HCC സേ പരീക്ഷ

HCC സേ പരീക്ഷ 2022 മാർച്ച് 12 ന് ദ്വാരക യുപി സ്കൂളിലും, മണിമൂളി സ്കൂളിലും വച്ച് നടത്തപ്പെട്ടു. പരീക്ഷ നടത്തിപ്പിന് സഹായിച്ച ബഹുമാനപ്പെട്ട സിസ്റ്റർ ജോസി ടോം FCC, സിസ്റ്റർ മരിയറ്റ SH സിസ്റ്റർ ബിൻസി SH, നിഷാന്ത് സാർ എന്നിവർക്കും സൗകര്യങ്ങളൊരുക്കിത്തന്ന മണിമൂളി സിഞ്ചെല്ലൂസ് ബഹു. തോമസ് മണക്കുന്നേൽ അച്ചനും, ദ്വാരക ഫൊറോന വികാരി ബഹു. ഷാജി മുളകുടിയാങ്കലച്ചനും, ഹെഡ്മാസ്റ്റർ ബിനു കപ്യാരുമലയിൽ സാറിനും ഹൃദയപൂർവ്വം നന്ദി അർപ്പിക്കുന്നു.

## ഡിപ്ലോമ സേ എക്സാം

ഡിപ്ലോമ സേ പരീക്ഷ 2022 മെയ് 2 തിങ്കളാഴ്ച രാവിലെ 10 മണിക്ക് നടത്തപ്പെടുന്നതായിരിക്കും

## ജൂബിലേറിയൻസ്, Full attendance

മതാധ്യാപനരംഗത്ത് 25,35,50 വർഷങ്ങൾ സേവനം ചെയ്ത അധ്യാപകരെ കഴിഞ്ഞ രണ്ട് വർഷങ്ങളായി ആദരിക്കാൻ സാധിച്ചിട്ടില്ല. ഓരോ ഇടവകയിലും 25,35,50 വർഷങ്ങൾ സേവനം ചെയ്ത അധ്യാപകരുടെ ഫോട്ടോയും വികാരിയച്ചന്റെ സാക്ഷ്യപത്രവും, ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ ഒരു ദിവസം പോലും മുടങ്ങാതെ ക്ലാസിൽ എത്തിയിട്ടുള്ള കുട്ടികളുടെ പേരും ഏപ്രിൽ 13ന് മുമ്പ് വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടൊപ്പം രൂപത

ഓഫീസിൽ എത്തിക്കുകയോ, വാട്സാപ്പിലൂടെ അറിയിക്കുകയോ ചെയ്യുവാൻ ഹെഡ്മാസ്റ്റേഴ്സ് ശ്രദ്ധിക്കുക.

**ആമുഖ സെമിനാർ**

2022-23 അധ്യയനവർഷത്തെ ആമുഖസെമിനാർ ജൂൺ 10,12 തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽവച്ചു നടത്തപ്പെടുന്നതായിരിക്കും. അടുത്ത അധ്യയനവർഷത്തേക്ക് പുതുതായി നിയോഗിക്കപ്പെടുന്ന അധ്യാപകരെ ആമുഖസെമിനാറിൽ നിർബന്ധമായും പങ്കെടുപ്പിക്കേണ്ടതാണ്.

## HDC

പൂർത്തിയാകുവാൻ ഉള്ള എച്ച് ഡി സി ക്ലാസുകൾ മേയ് 29 ന് ദ്വാരക പാസ്റ്റർ സെന്ററിൽവെച്ച് നടത്തപ്പെടുന്നതായിരിക്കും വിശദവിവരങ്ങൾ എച്ച് ഡി സി ക്ലാസ്സുകളുടെ വാട്സാപ്പ് ഗ്രൂപ്പുകളിൽ അറിയിക്കുന്നതാണ്.

## HM, PP Conference May 21

2022-23 വർഷത്തെ ആദ്യ HM, PP Conference May 21 ശനിയാഴ്ച രാവിലെ 10 മണിക്ക് ദ്വാരക പാസ്റ്റർ സെന്ററിൽ വെച്ച് നടക്കുന്നതായിരിക്കും.

അടുത്ത അധ്യയന വർഷത്തിൽ വിശ്വാസപരിശീലന പുസ്തകങ്ങൾക്ക് വിലവർദ്ധനവ് ഉണ്ടായിരിക്കുന്നതാണ്.

## HCC I & II 2020-2022 Parish level Result

| HCC I 2022 Result in Parish Level | | | | | | |
|---|---|---|---|---|---|---|
| | Tot Regd | Attended | Passed | Failed | Absent | Percentge |
| **BATHERY** | | | | | | |
| Ambalavayal | 37 | 32 | 32 | 0 | 5 | 100% |
| Bathery | 45 | 42 | 39 | 3 | 3 | 93% |
| Chithragiri | 9 | 9 | 9 | 0 | 0 | 100% |
| Chulliyod | 5 | 5 | 4 | 1 | 0 | 80% |
| Kadalmad | 5 | 4 | 3 | 1 | 1 | 75% |
| Kallumukku | 6 | 5 | 5 | 0 | 1 | 100% |
| Karani | 6 | 5 | 4 | 1 | 1 | 80% |
| Meenagadi | 17 | 16 | 13 | 3 | 1 | 81% |

| | | | | | | |
|---|---|---|---|---|---|---|
| Moolankave | 22 | 21 | 16 | 5 | 1 | 76% |
| Pazhoore | 7 | 7 | 7 | 0 | 0 | 100% |
| Thomattuchal | 16 | 16 | 15 | 1 | 0 | 94% |
| Vadakkanad | 6 | 6 | 6 | 0 | 0 | 100% |
| Vakery | 6 | 6 | 6 | 0 | 0 | 100% |
| **TOTAL** | **187** | **174** | **159** | **15** | **13** | **91%** |
| **Chungakkunnu** | | | | | | |
| Adakkathode | 24 | 24 | 21 | 3 | 0 | 88% |
| Ambayathode | 11 | 11 | 11 | 0 | 0 | 100% |
| Chungakkunnu | 49 | 46 | 44 | 2 | 3 | 96% |
| Kelakam | 4 | 4 | 4 | 0 | 0 | 100% |
| Kottiyoor | 46 | 45 | 41 | 4 | 1 | 91% |
| Nelliyodi | 4 | 4 | 2 | 2 | 0 | 50% |
| Ottaplavu | 13 | 12 | 12 | 0 | 1 | 100% |
| Palchuram | 13 | 12 | 12 | 0 | 1 | 100% |
| Santhigiri | 11 | 11 | 11 | 0 | 0 | 100% |
| Velloonny | 6 | 5 | 5 | 0 | 1 | 100% |
| **TOTAL** | **181** | **174** | **163** | **11** | **7** | **94%** |
| **Dwaraka** | | | | | | |
| Chulliana | 10 | 10 | 10 | 0 | 0 | 100% |
| Dwaraka | 20 | 20 | 18 | 2 | 0 | 90% |
| Karakkamala | 15 | 14 | 14 | 0 | 1 | 100% |
| Kommayad | 10 | 10 | 9 | 1 | 0 | 90% |
| Mangalassery | 7 | 7 | 7 | 0 | 0 | 100% |
| Thonichal | 14 | 13 | 12 | 1 | 1 | 92% |
| Vellamunda | 14 | 14 | 14 | 0 | 0 | 100% |
| Vilambukandam | 12 | 12 | 12 | 0 | 0 | 100% |
| **TOTAL** | **102** | **100** | **96** | **4** | **2** | **96%** |
| **Kallody** | | | | | | |
| Deepthigiri | 9 | 9 | 9 | 0 | 0 | 100% |
| Jude's Mount | 5 | 5 | 5 | 0 | 0 | 100% |
| Kallody | 43 | 42 | 41 | 1 | 1 | 98% |

| | | | | | | |
|---|---|---|---|---|---|---|
| Karimbil | 5 | 5 | 5 | 0 | 0 | 100% |
| Kunjhome | 4 | 4 | 3 | 1 | 0 | 75% |
| Makkiyad | 6 | 6 | 6 | 0 | 0 | 100% |
| Niravilpuzha | 4 | 4 | 4 | 0 | 0 | 100% |
| Puthiyidamkunnu | 6 | 6 | 6 | 0 | 0 | 100% |
| Puthussery | 4 | 4 | 4 | 0 | 0 | 100% |
| Valery | 7 | 7 | 7 | 0 | 0 | 100% |
| Vanjode | 7 | 7 | 6 | 1 | 0 | 86% |
| **TOTAL** | **100** | **99** | **96** | **3** | **1** | **97%** |
| **Kalpetta** | | | | | | |
| Charity | 7 | 7 | 7 | 0 | 0 | 100% |
| Edappetty | 7 | 7 | 7 | 0 | 0 | 100% |
| Kalathuvayal | 2 | 2 | 2 | 0 | 0 | 100% |
| Kalpetta | 28 | 23 | 21 | 2 | 5 | 91% |
| Kolavayal | 7 | 6 | 6 | 0 | 1 | 100% |
| Lakkidi | 4 | 3 | 3 | 0 | 1 | 100% |
| Nedumpala | 6 | 5 | 5 | 0 | 1 | 100% |
| Olivumala | 2 | 2 | 2 | 0 | 0 | 100% |
| Puzhamudi | 9 | 9 | 9 | 0 | 0 | 100% |
| Rippon | 13 | 12 | 11 | 1 | 1 | 92% |
| Theneri | 15 | 14 | 14 | 0 | 1 | 100% |
| Thrikkaipetta | 3 | 3 | 3 | 0 | 0 | 100% |
| Vazhavatta | 20 | 20 | 20 | 0 | 0 | 100% |
| Vythiri | 6 | 5 | 5 | 0 | 1 | 100% |
| **TOTAL** | **129** | **118** | **115** | **3** | **11** | **97%** |
| **Mananthavady** | | | | | | |
| Alattil | 10 | 10 | 10 | 0 | 0 | 100% |
| Elapeedika | 9 | 8 | 8 | 0 | 1 | 100% |
| Kaniyaram | 36 | 34 | 31 | 3 | 2 | 91% |
| Karimani | 5 | 5 | 5 | 0 | 0 | 100% |
| Kuttimoola | 6 | 6 | 6 | 0 | 0 | 100% |
| Mananthavady | 12 | 12 | 11 | 1 | 0 | 92% |
| Muthireri | 7 | 7 | 7 | 0 | 0 | 100% |
| Parathottam | 5 | 4 | 4 | 0 | 1 | 100% |

| | | | | | | |
|---|---|---|---|---|---|---|
| Peria | 8 | 8 | 8 | 0 | 0 | 100% |
| Poroor | 26 | 24 | 24 | 0 | 2 | 100% |
| Prasanthagiri | 5 | 5 | 5 | 0 | 0 | 100% |
| Puthiyidom | 5 | 5 | 5 | 0 | 0 | 100% |
| Thalapuzha | 5 | 5 | 3 | 2 | 0 | 60% |
| Thavinjal | 23 | 22 | 18 | 4 | 1 | 82% |
| Valad | 8 | 8 | 7 | 1 | 0 | 88% |
| Valiakolly | 3 | 3 | 2 | 1 | 0 | 67% |
| Yavanarkulam | 13 | 13 | 11 | 2 | 0 | 85% |
| **TOTAL** | **186** | **179** | **165** | **14** | **7** | **92%** |
| **Manimooly** | | | | | | |
| Bhoodhanam | 1 | 1 | 1 | 0 | 0 | 100% |
| Manimooly | 25 | 25 | 24 | 1 | 0 | 96% |
| Marutha | 4 | 4 | 4 | 0 | 0 | 100% |
| Munderi | 3 | 1 | 0 | 1 | 2 | 0% |
| Narivalamunda | 10 | 10 | 8 | 2 | 0 | 80% |
| Palankara | 21 | 21 | 20 | 1 | 0 | 95% |
| Palemad | 16 | 16 | 10 | 6 | 0 | 63% |
| Pathiripadam | 18 | 17 | 14 | 3 | 1 | 82% |
| Thalanji | 20 | 20 | 20 | 0 | 0 | 100% |
| Thalipadam | 10 | 10 | 10 | 0 | 0 | 100% |
| **TOTAL** | **128** | **125** | **111** | **14** | **3** | **89%** |
| **Mullenkolly** | | | | | | |
| Adikolly | 22 | 21 | 18 | 3 | 1 | 86% |
| Amarakuni | 8 | 8 | 8 | 0 | 0 | 100% |
| Irulam | 12 | 12 | 12 | 0 | 0 | 100% |
| Kabanigiri | 10 | 9 | 8 | 1 | 1 | 89% |
| Marakavu | 26 | 25 | 22 | 3 | 1 | 88% |
| Marakkadavu | 9 | 9 | 9 | 0 | 0 | 100% |
| Mullenkolly | 56 | 54 | 53 | 1 | 2 | 98% |
| Padichira | 28 | 28 | 28 | 0 | 0 | 100% |
| Pattanikoopp | 10 | 10 | 10 | 0 | 0 | 100% |

| | | | | | | |
|---|---|---|---|---|---|---|
| Pulpally | 16 | 16 | 16 | 0 | 0 | 100% |
| Seethamount | 10 | 10 | 10 | 0 | 0 | 100% |
| Sisumala | 16 | 15 | 15 | 0 | 1 | 100% |
| **TOTAL** | **223** | **217** | **209** | **8** | **6** | **96%** |
| | | | **Nadavayal** | | | |
| Arinchermala | 11 | 10 | 10 | 0 | 1 | 100% |
| Cherukattoor | 18 | 15 | 15 | 0 | 3 | 100% |
| Chundakkara | 36 | 33 | 31 | 2 | 3 | 94% |
| Kalluvayal | 19 | 19 | 18 | 1 | 0 | 95% |
| Kaniambetta | 7 | 7 | 5 | 2 | 0 | 71% |
| Kenichira | 29 | 27 | 24 | 3 | 2 | 89% |
| Koolivayal | 6 | 6 | 6 | 0 | 0 | 100% |
| Kurumbalakotta | 5 | 5 | 3 | 2 | 0 | 60% |
| Nadavayal | 56 | 54 | 49 | 5 | 2 | 91% |
| Panamaram | 6 | 6 | 6 | 0 | 0 | 100% |
| Paralikunnu | 6 | 6 | 6 | 0 | 0 | 100% |
| Valavayal | 8 | 7 | 6 | 1 | 1 | 86% |
| **TOTAL** | **207** | **195** | **179** | **16** | **12** | **92%** |
| | | | **Nilambur** | | | |
| Chokkad | 5 | 4 | 4 | 0 | 1 | 100% |
| Edivanna | 17 | 17 | 16 | 1 | 0 | 94% |
| Moolepadam | 7 | 7 | 7 | 0 | 0 | 100% |
| Muttiyel | 3 | 3 | 3 | 0 | 0 | 100% |
| Nilambur | 23 | 23 | 23 | 0 | 0 | 100% |
| Pookkottumpadam | 14 | 13 | 13 | 0 | 1 | 100% |
| Poolappadam | 12 | 12 | 12 | 0 | 0 | 100% |
| Rubynagar | 5 | 5 | 4 | 1 | 0 | 80% |
| T. K. Colony | 2 | 2 | 2 | 0 | 0 | 100% |
| Vadapuram | 14 | 14 | 11 | 3 | 0 | 79% |
| Vallikett | 1 | 1 | 1 | 0 | 0 | 100% |
| **TOTAL** | **103** | **101** | **96** | **5** | **2** | **95%** |

| | | | | | | |
|---|---|---|---|---|---|---|
| **Nilgiris** | | | | | | |
| Arulnilayam | 6 | 6 | 6 | 0 | 0 | 100% |
| Bospara | 4 | 4 | 4 | 0 | 0 | 100% |
| Coonnoor | 3 | 3 | 3 | 0 | 0 | 100% |
| Dharmagiri | 10 | 9 | 8 | 1 | 1 | 89% |
| Kalpra | 17 | 17 | 17 | 0 | 0 | 100% |
| Kayyunni | 16 | 16 | 16 | 0 | 0 | 100% |
| Kunnalady | 5 | 5 | 5 | 0 | 0 | 100% |
| Manvayal | 11 | 11 | 9 | 2 | 0 | 82% |
| Ootty | 4 | 0 | 0 | 0 | 4 | 0% |
| Panamchira | 5 | 5 | 5 | 0 | 0 | 100% |
| Vimalagiri | 9 | 9 | 8 | 1 | 0 | 89% |
| **TOTAL** | **90** | **85** | **81** | **4** | **5** | **95%** |
| **Payyampally** | | | | | | |
| Appapara | 3 | 3 | 3 | 0 | 0 | 100% |
| Arattuthara | 6 | 5 | 4 | 1 | 1 | 80% |
| Edayoorkunnu | 6 | 6 | 5 | 1 | 0 | 83% |
| Kammana | 9 | 8 | 8 | 0 | 1 | 100% |
| Kartikulam | 7 | 6 | 5 | 1 | 1 | 83% |
| Martin Nagar | 23 | 22 | 17 | 5 | 1 | 77% |
| Padamala | 6 | 5 | 5 | 0 | 1 | 100% |
| Panavally | 1 | 1 | 1 | 0 | 0 | 100% |
| Payyampally | 39 | 39 | 38 | 1 | 0 | 97% |
| Thrissilery | 14 | 13 | 11 | 2 | 1 | 85% |
| **TOTAL** | **114** | **108** | **97** | **11** | **6** | **90%** |
| **Thariode** | | | | | | |
| Chennalode | 27 | 27 | 23 | 4 | 0 | 85% |
| Kavummannam | 14 | 13 | 13 | 0 | 1 | 100% |
| Kottathara | 13 | 11 | 9 | 2 | 2 | 82% |
| Kurumani | 7 | 6 | 6 | 0 | 1 | 100% |
| Kurumbala | 17 | 17 | 17 | 0 | 0 | 100% |
| Mangalam | 7 | 7 | 7 | 0 | 0 | 100% |

| | | | | | | |
|---|---|---|---|---|---|---|
| Manjoora | 17 | 16 | 16 | 0 | 1 | 100% |
| Panthipoil | 2 | 2 | 2 | 0 | 0 | 100% |
| Puthusserikkadavu | 9 | 9 | 9 | 0 | 0 | 100% |
| Thariode | 31 | 30 | 29 | 1 | 1 | 97% |
| TOTAL | 144 | 138 | 131 | 7 | 6 | 95% |

**HCC I Result In Forane Level**

| | Tot Regd | Attended | Passed | Failed | Absent | Percentge |
|---|---|---|---|---|---|---|
| Bathery | 187 | 174 | 159 | 15 | 13 | 91% |
| Chungakkunnu | 181 | 174 | 163 | 11 | 7 | 94% |
| Dwaraka | 102 | 100 | 96 | 4 | 2 | 96% |
| Kallody | 100 | 99 | 96 | 3 | 1 | 97% |
| Kalpetta | 129 | 118 | 115 | 3 | 11 | 97% |
| Mananthavady | 186 | 179 | 165 | 14 | 7 | 92% |
| Manimooly | 128 | 125 | 111 | 14 | 3 | 89% |
| Mullankolly | 223 | 217 | 209 | 8 | 6 | 96% |
| Nadavayal | 207 | 195 | 179 | 16 | 12 | 92% |
| Nilambur | 103 | 101 | 96 | 5 | 2 | 95% |
| Nilgiris | 90 | 85 | 81 | 4 | 5 | 95% |
| Payyampally | 114 | 108 | 97 | 11 | 6 | 90% |
| Thariode | 144 | 138 | 131 | 7 | 6 | 95% |
| TOTAL | 1894 | 1813 | 1698 | 115 | 81 | 94% |

**HCC 2 Result_2022_Consolidation**

| | Tot Regd | Attended | Passed | Failed | Absent | Percentge |
|---|---|---|---|---|---|---|
| **Bathery** | | | | | | |
| Ambalavayal | 26 | 25 | 23 | 2 | 1 | 92% |
| Bathery | 56 | 53 | 49 | 4 | 3 | 92% |
| Chithragiri | 13 | 12 | 12 | 0 | 1 | 100% |
| Chulliyode | 4 | 4 | 4 | 0 | 0 | 100% |
| Kadalmad | 4 | 3 | 2 | 1 | 1 | 67% |

| | | | | | | |
|---|---|---|---|---|---|---|
| Kallumukku | 5 | 5 | 5 | 0 | 0 | 100% |
| Meenagadi | 13 | 8 | 8 | 0 | 5 | 100% |
| Molankavu | 22 | 22 | 22 | 0 | 0 | 100% |
| Pazhoor | 9 | 8 | 8 | 0 | 1 | 100% |
| Thomattuchal | 14 | 14 | 14 | 0 | 0 | 100% |
| Vadakkanad | 6 | 6 | 6 | 0 | 0 | 100% |
| Vakerya | 6 | 6 | 6 | 0 | 0 | 100% |
| **TOTAL** | **178** | **166** | **159** | **7** | **12** | **96%** |
| **Chungakkunnu** | | | | | | |
| Adakkathode | 26 | 25 | 25 | 0 | 1 | 100% |
| Ambayathode | 8 | 8 | 8 | 0 | 0 | 100% |
| Chungakkunnu | 51 | 49 | 49 | 0 | 2 | 100% |
| Kelakam | 18 | 17 | 17 | 0 | 1 | 100% |
| Kottiyoor | 51 | 51 | 51 | 0 | 0 | 100% |
| Nelliyodi | 9 | 9 | 9 | 0 | 0 | 100% |
| Ottaplavu | 9 | 9 | 9 | 0 | 0 | 100% |
| Palchuram | 7 | 7 | 7 | 0 | 0 | 100% |
| Santhigiri | 7 | 6 | 6 | 0 | 1 | 100% |
| Velloonny | 6 | 5 | 5 | 0 | 1 | 100% |
| **TOTAL** | **192** | **186** | **186** | **0** | **6** | **100%** |
| **Dwaraka** | | | | | | |
| Chulliana | 13 | 13 | 13 | 0 | 0 | 100% |
| Dwaraka | 21 | 20 | 19 | 1 | 1 | 95% |
| Karakkamala | 22 | 21 | 21 | 0 | 1 | 100% |
| Kommayad | 14 | 14 | 14 | 0 | 0 | 100% |
| Mangalassery | 7 | 7 | 5 | 2 | 0 | 71% |
| Mothakkara | 4 | 4 | 4 | 0 | 0 | 100% |
| Thonichal | 19 | 19 | 19 | 0 | 0 | 100% |
| Vellamunda | 14 | 14 | 14 | 0 | 0 | 100% |
| Vilambukandam | 8 | 8 | 8 | 0 | 0 | 100% |
| **TOTAL** | **122** | **120** | **117** | **3** | **2** | **98%** |

| | | | | | | |
|---|---|---|---|---|---|---|
| **Kallody** | | | | | | |
| Deepthigiri | 17 | 16 | 16 | 0 | 1 | 100% |
| Jude's Mount | 9 | 8 | 8 | 0 | 1 | 100% |
| Kallody | 40 | 40 | 37 | 3 | 0 | 93% |
| Karimbil | 7 | 7 | 7 | 0 | 0 | 100% |
| Kunjhome | 9 | 8 | 8 | 0 | 1 | 100% |
| Makkiyad | 8 | 8 | 8 | 0 | 0 | 100% |
| Niravilpuzha | 1 | 1 | 1 | 0 | 0 | 100% |
| Puthiyidamkunnu | 10 | 10 | 10 | 0 | 0 | 100% |
| Puthussery | 10 | 10 | 10 | 0 | 0 | 100% |
| Valery | 2 | 2 | 2 | 0 | 0 | 100% |
| Vanjode | 10 | 9 | 9 | 0 | 1 | 100% |
| **TOTAL** | **123** | **119** | **116** | **3** | **4** | **97%** |
| **Kalpetta** | | | | | | |
| Charity | 7 | 7 | 7 | 0 | 0 | 100% |
| Chooralmala | 4 | 4 | 1 | 3 | 0 | 25% |
| Edappetty | 11 | 10 | 10 | 0 | 1 | 100% |
| Kalathuvayal | 8 | 8 | 6 | 2 | 0 | 75% |
| Kalpetta | 29 | 29 | 27 | 2 | 0 | 93% |
| Kolavayal | 3 | 3 | 3 | 0 | 0 | 100% |
| Lakkidi | 2 | 2 | 0 | 2 | 0 | 0% |
| Nedumpala | 16 | 16 | 16 | 0 | 0 | 100% |
| Olivumala | 2 | 2 | 2 | 0 | 0 | 100% |
| Puzhamudi | 4 | 4 | 4 | 0 | 0 | 100% |
| Rippon | 11 | 11 | 9 | 2 | 0 | 82% |
| Theneri | 18 | 18 | 16 | 2 | 0 | 89% |
| Thrikkaipetta | 4 | 3 | 3 | 0 | 1 | 100% |
| Vazhavatta | 23 | 23 | 20 | 3 | 0 | 87% |
| Vythiri | 4 | 3 | 3 | 0 | 1 | 100% |
| **TOTAL** | **146** | **143** | **127** | **16** | **3** | **89%** |

| Mananthavady | | | | | | |
|---|---|---|---|---|---|---|
| Alattil | 7 | 7 | 7 | 0 | 0 | 100% |
| Boys Town | 3 | 3 | 3 | 0 | 0 | 100% |
| Elapeedika | 5 | 5 | 5 | 0 | 0 | 100% |
| Kaniyaram | 32 | 31 | 28 | 3 | 1 | 90% |
| Karimani | 3 | 3 | 3 | 0 | 0 | 100% |
| Kuttimoola | 3 | 3 | 3 | 0 | 0 | 100% |
| Mananthavady | 11 | 9 | 8 | 1 | 2 | 89% |
| Muthireri | 11 | 10 | 10 | 0 | 1 | 100% |
| Parathottam | 5 | 4 | 4 | 0 | 1 | 100% |
| Peria | 4 | 4 | 4 | 0 | 0 | 100% |
| Poroor | 23 | 20 | 20 | 0 | 3 | 100% |
| Prasanthagiri | 4 | 4 | 4 | 0 | 0 | 100% |
| Puthiyidom | 5 | 5 | 5 | 0 | 0 | 100% |
| Thalapuzha | 3 | 3 | 3 | 0 | 0 | 100% |
| Thavinjal | 21 | 19 | 17 | 2 | 2 | 89% |
| Valad | 6 | 6 | 6 | 0 | 0 | 100% |
| Yavanarkulam | 20 | 19 | 19 | 0 | 1 | 100% |
| **TOTAL** | **166** | **155** | **149** | **6** | **11** | **96%** |
| **Manimooly** | | | | | | |
| Manimooly | 24 | 23 | 22 | 1 | 1 | 96% |
| Marutha | 2 | 2 | 2 | 0 | 0 | 100% |
| Munderi | 4 | 4 | 4 | 0 | 0 | 100% |
| Narivalamunda | 15 | 15 | 15 | 0 | 0 | 100% |
| Palankara | 13 | 12 | 10 | 2 | 1 | 83% |
| Palemad | 16 | 16 | 7 | 9 | 0 | 100% |
| Pathiripadam | 18 | 17 | 12 | 5 | 1 | 71% |
| Thalanji | 15 | 15 | 14 | 1 | 0 | 93% |
| Thalipadam | 4 | 4 | 4 | 0 | 0 | 100% |
| TOTAL | 111 | 108 | 90 | 18 | 3 | 83% |

| | | | | | | |
|---|---|---|---|---|---|---|
| **Mullenkolly** | | | | | | |
| Adikolly | 18 | 17 | 17 | 0 | 1 | 100% |
| Amarakuni | 9 | 8 | 6 | 2 | 1 | 75% |
| Irulam | 0 | 0 | 0 | 0 | 0 | 0% |
| Irulam | 4 | 4 | 4 | 0 | 0 | 100% |
| Kabanigiri | 10 | 10 | 10 | 0 | 0 | 100% |
| Marakavu | 27 | 26 | 26 | 0 | 1 | 100% |
| Marakkadavu | 8 | 8 | 8 | 0 | 0 | 100% |
| Mullenkolly | 42 | 40 | 39 | 1 | 2 | 98% |
| Padichira | 23 | 22 | 22 | 0 | 1 | 100% |
| Pattanikoopp | 9 | 9 | 9 | 0 | 0 | 100% |
| Pulpally | 13 | 13 | 13 | 0 | 0 | 100% |
| Seethamount | 12 | 12 | 12 | 0 | 0 | 100% |
| Sisumala | 26 | 24 | 24 | 0 | 2 | 100% |
| **TOTAL** | **201** | **193** | **190** | **3** | **8** | **98%** |
| **Nadavayal** | | | | | | |
| Arinchermala | 16 | 16 | 16 | 0 | 0 | 100% |
| Cherukattoor | 28 | 27 | 27 | 0 | 1 | 100% |
| Chundakkara | 34 | 34 | 33 | 1 | 0 | 97% |
| Kalluvayal | 25 | 25 | 21 | 4 | 0 | 84% |
| Kaniambetta | 10 | 10 | 8 | 2 | 0 | 80% |
| Kenichira | 17 | 16 | 11 | 5 | 1 | 69% |
| Koolivayal | 3 | 3 | 3 | 0 | 0 | 100% |
| Kurumbalakotta | 6 | 5 | 3 | 2 | 1 | 60% |
| Nadavayal | 59 | 57 | 55 | 2 | 2 | 96% |
| Naikuppa | 3 | 3 | 3 | 0 | 0 | 100% |
| Panamaram | 4 | 4 | 4 | 0 | 0 | 100% |
| Paralikunnu | 7 | 7 | 7 | 0 | 0 | 83% |
| Valavayal | 8 | 6 | 5 | 1 | 2 | 83% |
| **TOTAL** | **220** | **213** | **196** | **17** | **7** | **92%** |

| | | | | | | |
|---|---|---|---|---|---|---|
| **Nilambur** | | | | | | |
| Chokkad | 10 | 10 | 10 | 0 | 0 | 100% |
| Edivanna | 15 | 15 | 15 | 0 | 0 | 100% |
| Moolepadam | 4 | 4 | 4 | 0 | 0 | 100% |
| Muttiyel | 7 | 7 | 7 | 0 | 0 | 100% |
| Nilambur | 32 | 30 | 25 | 5 | 2 | 83% |
| Pookkottumpadam | 12 | 12 | 12 | 0 | 0 | 100% |
| Poolappadam | 15 | 15 | 15 | 0 | 0 | 100% |
| Rubynagar | 11 | 10 | 9 | 1 | 1 | 90% |
| Thelpara | 13 | 13 | 13 | 0 | 0 | 100% |
| Vadapuram | 14 | 14 | 14 | 0 | 0 | 100% |
| Vallikett | 2 | 2 | 2 | 0 | 0 | 100% |
| **TOTAL** | **135** | **132** | **126** | **6** | **3** | **95%** |
| **NILGIRIS** | | | | | | |
| Arulnilayam | 11 | 11 | 11 | 0 | 0 | 100% |
| Bekki | 3 | 3 | 3 | 0 | 0 | 100% |
| Bospara | 2 | 2 | 2 | 0 | 0 | 100% |
| Coonnoor | 5 | 5 | 5 | 0 | 0 | 100% |
| Dharmagiri | 12 | 7 | 6 | 1 | 5 | 86% |
| Kalpra | 17 | 16 | 12 | 4 | 1 | 75% |
| Kayyunni | 14 | 14 | 14 | 0 | 0 | 100% |
| Kunnalady | 13 | 11 | 11 | 0 | 2 | 100% |
| Manvayal | 10 | 7 | 4 | 3 | 3 | 57% |
| Panamchira | 6 | 6 | 6 | 0 | 0 | 100% |
| Vimalagiri | 12 | 11 | 8 | 3 | 1 | 73% |
| **TOTAL** | **105** | **93** | **82** | **11** | **12** | **88%** |
| **Payyampally** | | | | | | |
| Arattuthara | 14 | 14 | 14 | 0 | 0 | 100% |
| Edayoorkunnu | 1 | 1 | 1 | 0 | 0 | 100% |
| Kammana | 14 | 13 | 12 | 1 | 1 | 92% |
| Kartikulam | 8 | 7 | 7 | 0 | 1 | 100% |
| Martin Nagar | 14 | 12 | 12 | 0 | 2 | 100% |

| | | | | | | |
|---|---|---|---|---|---|---|
| Padamala | 10 | 9 | 8 | 1 | 1 | 89% |
| Payyampally | 36 | 36 | 36 | 0 | 0 | 100% |
| Thrissilery | 11 | 10 | 9 | 1 | 1 | 90% |
| **TOTAL** | **108** | **102** | **99** | **3** | **6** | **97%** |
| | | | **Thariode** | | | |
| Chennalode | 28 | 27 | 19 | 8 | 1 | 70% |
| Kavummannam | 9 | 8 | 8 | 0 | 1 | 100% |
| Kottathara | 0 | 0 | 0 | 0 | 0 | 0% |
| Kottathara | 17 | 17 | 16 | 1 | 0 | 94% |
| Kurumani | 11 | 9 | 8 | 1 | 2 | 89% |
| Kurumbala | 24 | 24 | 14 | 10 | 0 | 58% |
| Mangalam | 7 | 7 | 6 | 1 | 0 | 86% |
| Manjoora | 10 | 10 | 10 | 0 | 0 | 100% |
| Panthipoil | 7 | 7 | 7 | 0 | 0 | 100% |
| Puthusserikkadavu | 6 | 6 | 6 | 0 | 0 | 100% |
| Thariode | 27 | 26 | 26 | 0 | 1 | 100% |
| TOTAL | 146 | 141 | 120 | 21 | 5 | 85% |

**HCC II Result 2022 In Forane Level**

| | Tot Regd | Attended | Passed | Failed | Absent | Percentge |
|---|---|---|---|---|---|---|
| Bathery | 178 | 166 | 159 | 7 | 12 | 96% |
| Chungakkunnu | 192 | 186 | 186 | 0 | 6 | 100% |
| Dwaraka | 122 | 120 | 117 | 3 | 2 | 98% |
| Kallody | 123 | 119 | 116 | 3 | 4 | 97% |
| Kalpetta | 146 | 143 | 127 | 16 | 3 | 89% |
| Mananthavady | 166 | 155 | 149 | 6 | 11 | 96% |
| Manimooly | 111 | 108 | 90 | 18 | 3 | 83% |
| Mullankolly | 201 | 193 | 190 | 3 | 8 | 98% |
| Nadavayal | 220 | 213 | 196 | 17 | 7 | 92% |
| Nilambur | 135 | 132 | 126 | 6 | 3 | 95% |
| Nilgiris | 105 | 93 | 82 | 11 | 12 | 88% |

| | | | | | | |
|---|---|---|---|---|---|---|
| Payyampally | 108 | 102 | 99 | 3 | 6 | 97% |
| Tariode | 146 | 141 | 120 | 21 | 5 | 85% |
| **TOTAL** | **1953** | **1871** | **1757** | **114** | **82** | **90%** |

ഉത്ഥാനതിരുനാളിന്റെ മംഗളങ്ങൾ മുൻകൂട്ടി നേർന്നുകൊണ്ട്,

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

**സ്നേഹമുള്ള മിഷൻ ലീഗ് അംഗങ്ങളെ,**

അവധിക്കാലം ആഘോഷങ്ങളുടെ കാലം കഠിനമായ പഠനത്തിന്റെ തിരക്കിൽ നിന്നും മാറി കൂട്ടുകാർക്കും കുടുംബാംഗങ്ങൾക്കും ഒപ്പം സമയം പങ്കിടുന്ന സന്തോഷ ദിനങ്ങൾ. എല്ലാവർക്കും ആനന്ദപ്രദമായ അവധിക്കാലം ആശംസിക്കുന്നു. അവധി ആഘോഷിക്കാൻ വേണ്ടി മാത്രമല്ല, കളികൾക്കൊപ്പം അല്പം കാര്യവും കൂടി ചേർക്കുമ്പോൾ അത് കൂടുതൽ അനുഭവമാകും. അതായത് അവധിക്കാലം പ്രചോദനങ്ങളുടെ കാലമാകണം. പ്രചോദിതരാവുകയും ആ പ്രചോദനത്തിൽ നിലനിൽക്കുകയും ചെയ്യുമ്പോൾ നമ്മിൽ വലിയ ആത്മധൈര്യം വന്നു നിറയും. വ്യക്തിത്വ വികസനത്തിന് ഉതകുന്ന രീതിയിൽ നമ്മിലെ നേതൃത്വ ഗുണങ്ങളെ വളർത്തുന്നതിനായിട്ടുള്ള സെമിനാറുകളും, ധ്യാനങ്ങളും, ക്യാമ്പുകളും ഒക്കെ അവധി കാലത്തിന്റെ മുതൽകൂട്ട് ആകട്ടെ. അവസരങ്ങൾ ആരെയും കാത്തു നിൽക്കുന്നില്ല. അവസരങ്ങൾ സ്വയം സൃഷ്ടിക്കുന്നവനാണ് ജീവിതത്തിൽ വിജയിക്കുന്നത്. ഈ ലോകത്തിലെ നമ്മുടെ ചെറു ജീവിതത്തിൽ മറ്റുള്ളവർക്ക് പ്രചോദനം നൽകി, പ്രചോദനങ്ങൾ സ്വീകരിച്ച് നമുക്ക് മുന്നേറാം.

സ്നേഹപൂർവ്വം,

**ഷിജു അച്ചൻ**

| | |
|---|---|
| 2022 - ഏപ്രിൽ | : ക്രിസ്തു നിത്യ സഹയാത്രികൻ |
| പ്രാർത്ഥന മലരുകൾ | : 75 ഫാത്തിമ സുകൃത ജപം (ഓ എന്റെ ഈശോയെ എന്റെ പാപങ്ങൾ പൊറുക്കണമേ..) |
| മിഷൻ പ്രയർബാങ്ക് | : രാജ്കോട്ട് രൂപത(തരിയോട് മേഖലയിലെ ശാഖകൾ) |
| സുകൃത ജപം | : പരിശുദ്ധ പരമദിവ്യകാരുണ്യത്തിന് സ്തുതിയായിരിക്കട്ടെ |

**‘സസ്നേഹം 2022’ വേറിട്ടൊരു വനിതാ ദിനാഘോഷം**

സ്ത്രീത്വത്തെ പ്രത്യേകം ആദരിക്കുന്ന അന്താരാഷ്ട്ര വനിതാ ദിനത്തിൽ ശരണാലയത്തിലെ സ്നേഹജീവിതങ്ങൾക്കരികിലേക്ക് ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയും. മാർച്ച് 8 ന് കൽപറ്റ റാട്ടക്കൊല്ലി സ്നേഹസദനിൽ പ്രതിസന്ധികളെ മറികടന്ന് സ്നേഹത്തിന്റെ സന്ദേശവുമായി കടന്നുചെന്നപ്പോൾ അനാഥത്വത്തിന്റെ അനശ്ചിതത്വങ്ങൾ അന്യമാക്കാൻ സഹായകമായി. സ്നേഹസദൻ നടത്തുന്ന സന്യാസിനികളെ ആദരിക്കുകയും, ഭക്ഷണസാധനങ്ങൾ നൽകുകയും, വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

## Excel In Exams

ചെറുപുഷ്പ മിഷൻ മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ഒൻപതാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്കായി ഓൺലൈനായി പരീക്ഷ ഒരുക്ക പരിശീലനം എക്സൽ ഇൻ എക്സാം എന്നപേരിൽ ഓൺലൈൻ ആയി സംഘടിപ്പിച്ചു. ഫെബ്രുവരി 26 ശനിയാഴ്ച വൈകുന്നേരം സൂം പ്ലാറ്റ്ഫോമിൽ നടത്തിയ പരിപാടിയിൽ ചെറുപുഷ്പ മിഷൻ ലീഗ് സംസ്ഥാന ഓർഗനൈസർ ശ്രീ. അരുൺ പുത്തൻപുരയ്ക്കൽ ക്ലാസ്സുകൾ നയിച്ചു. ഏറെ ഉപകാരപ്രദമായ ഈ പരിപാടിയിൽ രൂപതയിലെ വിവിധ ശാഖകളിൽ നിന്നുള്ള കുട്ടികൾ പങ്കെടുത്തു.

**പ്രേഷിത വർണ്ണങ്ങൾ**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ പ്രേഷിത വർണ്ണങ്ങൾ എന്ന പേരിൽ സംഘടിപ്പിച്ച ബൈബിൾ കലോത്സവത്തിൽ കല്ലോടി മേഖല ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. ഫസ്റ്റ് റണ്ണർ അപ്പ് ആയി മണിമൂളി മേഖലയും, സെക്കൻഡ് റണ്ണർ അപ്പ് ആയി ബത്തേരി മേഖലയും തെരഞ്ഞെടുക്കപ്പെട്ടു. കല്ലോടി, മണിമൂളി, കൂളിവയൽ എന്നീ ശാഖകൾ യഥാക്രമം ഏറ്റവും കൂടുതൽ പോയിന്റുകൾ നേടിയ ശാഖകളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. രൂപതയിലെ വിവിധ ശാഖകളിൽ നിന്നായി ധാരാളം അംഗങ്ങൾ പങ്കെടുത്ത പ്രേഷിത വർണ്ണങ്ങൾ എന്ന ബൈബിൾ കലോത്സവം ഏറെ മനോഹരമായിരുന്നു.

**ക്രൂശിതനോട് പ്രാർത്ഥിക്കാം**

യുദ്ധത്തിന്റെ ഭീകരത അനുഭവിക്കുന്ന യുക്രെൻ ജന

തയ്ക്കായി പ്രാർത്ഥിക്കുവാൻ ഉള്ള ഫ്രാൻസിസ് മാർപ്പാപ്പയുടെ ആഹ്വാനത്തോട് ചേർന്ന് ലോകസമാധാനത്തിനായി മാനന്തവാടി രൂപതാ ചെറുപുഷ്പ മിഷൻ ലീഗ് മാർച്ച് 2 ബുധനാഴ്ച വൈകുന്നേരം 7 മണിക്ക് സ്വഭവനത്തിൽ ആയിരുന്നു കൊണ്ട് ക്രൂശിതനോട് പ്രാർത്ഥിക്കാം എന്ന പേരിൽ കുരിശിന്റെ വഴി ചൊല്ലി പ്രാർത്ഥിച്ചു.

**ഭാവശലഭം 2022**

മാനന്തവാടി രൂപതയിൽ തിരുബാലസഖ്യം ദിനത്തോടനുബന്ധിച്ച് തിരുബാലസഖ്യത്തിലെ കുഞ്ഞുങ്ങൾക്കായി ഭാവശലഭം എന്ന പേരിൽ ഏകാഭിനയ മത്സരം നടത്തി. ബൈബിൾ അധിഷ്ഠിതമായ കഥകൾ പഠിച്ച് അഭിനയിക്കുന്ന ഈ പരിപാടിയിൽ ബത്തേരി ഇടവകാംഗമായ അശ്വിൻ കുണ്ടുകുളം ഒന്നാംസ്ഥാനവും, കേളകം ഇടവകാംഗമായ എലേന തെരേസാ എറത്തേടത്ത് രണ്ടാം സ്ഥാനവും, പറളിക്കുന്ന് ഇടവകാംഗമായ ലിമാ സെബാസ്റ്റ്യൻ നെല്ലിയാനിയും അമ്പലവയൽ ഇടവകാംഗമായ ദിയ മരിയ വേനംപടത്തിലും മൂന്നാം സ്ഥാനത്തിനും അർഹരായി.

**സദ്ഗമയ**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ വിവിധ മേഖലകളിലും ശാഖകളിലും സദ്ഗമയ എന്ന പേരിൽ സമാധാന റാലിയും പ്രാർത്ഥനാ കൂട്ടായ്മയും സംഘടിപ്പിച്ചു. റഷ്യൻ യുക്രൈൻ യുദ്ധത്തിൽ പ്രാർത്ഥനയുടെ കരങ്ങളുമായി ധാരാളം മിഷനറിമാർ ഈ ഉദ്യമത്തിൽ പങ്കെടുത്തു. വൈദികർ സിസ്റ്റേഴ്സ് അധ്യാപകർ സംഘടന അംഗങ്ങൾ എന്നിവർ ഈ പരിപാടിക്ക് നേതൃത്വം നൽകി.

**ഒരു പൊൻതൂവൽ കൂടി**

ചെറുപുഷ്പ മിഷൻ ലീഗ് കേരള സംസ്ഥാന സമിതിയുടെ 2020 – 21 പ്രവർത്തന വർഷത്തെ മികച്ച രൂപതകളിൽ ഒന്നായി മാനന്തവാടി രൂപതയെ തിരഞ്ഞെടുത്തു. മികച്ച മേഖലകളായി നടവയൽ, ബത്തേരി മേഖലകളും മികച്ച ശാഖകളായി കല്ലോടി, നടവയൽ, വാഴവറ്റ ശാഖകളും തിരഞ്ഞെടുക്കപ്പെട്ടു. മിഷനെ അറിയാം മിഷനറി ആകാം മിഷൻ ലീഗിലൂടെ എന്ന പ്രവർത്തന വിഷയത്തെ അടിസ്ഥാനമാക്കി പ്രേഷിത പ്രവർത്തനം, ദൈവവിളി പ്രോത്സാഹനം, വ്യക്തിത്വ വികസനം എന്നീ അടിസ്ഥാന ലക്ഷ്യങ്ങളെ മുൻനിർത്തി വിവിധ തലങ്ങളിൽ നടത്തിയ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ പരിഗണിച്ചാണ് സംസ്ഥാനതലത്തിൽ അംഗീകാരത്തിന് തിരഞ്ഞെടുത്തത്.

**കയ്യെഴുത്തു മാസിക**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത നടത്തിയ കയ്യെഴുത്തു മാസികയിൽ ഒലിവുമല, തരിയോട്, കല്ലോടി ശാഖ കൾ യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി. കമ്മന, ചാരിറ്റി, അമ്പായത്തോട്, കൊമ്മയാട്, ചിത്രഗിരി, പോരൂർ ശാഖകൾ പ്രോത്സാഹന സമ്മാനത്തിനും അർഹരായി.

**യാത്രാ മംഗളങ്ങൾ**

ഉപരി പഠനത്തിനായി പോയ ചുങ്കക്കുന്നു മേഖല ഡയറക്ടർ ഫാ. പ്രകാശ് വെട്ടിക്കലിന് രൂപത കുടുംബത്തിൽ നിന്നും സ്നേ ഹോഷ്മളമായ യാത്രാമംഗളങ്ങൾ നേർന്നു.

**വിശുദ്ധിയുടെ നോമ്പുകാലം**

അമ്പതു നോമ്പിൽ എല്ലാ ദിവസവും ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ വിശുദ്ധിയുടെ വീണ്ടെടുപ്പു കാലം എന്ന പേരിൽ വചന വിചാരങ്ങൾ, ക്രൂശിതന്റെ കാൽപ്പാടുകൾ എന്ന പേരിൽ 50 നോമ്പു വിചാരങ്ങൾ, പീഡാനുഭവങ്ങളുമായി ബന്ധപ്പെട്ട 50 സ്റ്റാറ്റസ് വീഡിയോകൾ പങ്കുവച്ചു വരുന്നു.

**രൂപതാ വാർഷികം**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതാ 2021-2022 പ്രവർത്തന വർഷത്തെ രൂപതാ വാർഷികം ഏപ്രിൽ 9-ാം തീയ്യതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്താൻ തീരുമാനിച്ചു.ഒരു ശാഖയിൽ നിന്നും മൂന്നു പേർ വീതം പങ്കെടുക്കണമെന്ന് ഓർ മ്മിപ്പിക്കുന്നു.

**മേഖല വാർത്തകൾ:**

**കല്ലോടി മേഖല**

സമർപ്പിത ദിനത്തിന്റെ ആശംസകൾ മേഖലയിലെ എല്ലാ സമർപ്പിതർക്കും നേർന്നു.തിരുബാല സഖ്യ ദിനാചരണം നടത്തി വിവിധ മത്സരങ്ങളിൽ വിജയികളായ വരെ ആദരിച്ചു.മേഖല ടീം മീറ്റിംഗ് നടത്തി. രൂപതാ ബൈബിൾ കലോത്സവത്തിൽ സാഹിത്യ മത്സരത്തിൽ ഒന്നാം സ്ഥാനവും കലാമത്സരത്തിൽ രണ്ടാം സ്ഥാനവും ഓവറോൾ ചാമ്പ്യൻഷിപ്പും മേഖല കരസ്ഥമാക്കി. യുക്രൈൻ റഷ്യ യുദ്ധം എത്രയും വേഗം അവസാനിപ്പിക്കുന്നതിനായി തിരിതെളിച്ചു പ്രാർത്ഥിച്ചു.

**ദ്വാരക മേഖല**

രൂപതാതല സാഹിത്യ മത്സരത്തിൽ സമ്മാനാർഹരായ മിഷൻ ലീഗ് അംഗങ്ങളെ ആദരിച്ചു. ജോ. ഡയറക്ടേഴ്സ് സംഗമം നടത്തി.

നോമ്പിൽ ഓരോ ദിനവും നോമ്പുകാല വിചിന്തനങ്ങൾ പങ്കുവയ്ക്കുന്നു. ദ്വാരക മേഖലയുടെ നേതൃത്വത്തിൽ പരീക്ഷ ഒരുക്ക പരിശീലന സെമിനാർ നടത്തി. ബഹുമാനപ്പെട്ട ഫാദർ ജസ്റ്റിൻ നെല്ലിക്കൽ ofm cap ക്ലാസ് നയിച്ചു.

**നീലഗിരി മേഖല**

10,11,12 ക്ലാസ്സുകളിലെ കുട്ടികൾക്കായുള്ള പരീക്ഷ ഒരുക്ക ധ്യാനം 13-ാം തീയ്യതി ഗൂഡല്ലൂർ സോഷ്യൽ സർവ്വീസ് സെന്ററിൽ വച്ചും, 20-ാം തീയ്യതി കൽപ്ര ഇടവകയിൽ വച്ചും രണ്ട് സെക്ഷനായി ത്രൈവ് എന്ന പേരിൽ നടത്തി. സി.എം.സി സിസ്റ്റേഴ്സും കപ്പുച്ചിൻ അച്ചൻമാരും നേതൃത്വം നൽകിയ ധ്യാനങ്ങളിൽ 200 ലേറെ കുട്ടികൾ പങ്കെടുത്തു. വ്യത്യസ്തമായ ക്ലാസ്സുകളിലൂടെ പ്രബുദ്ധരായ കുട്ടികൾക്കായി വി. കുർബാന, കുമ്പസാരം, കൗൺസിലിംഗ് എന്നിവയും ഉണ്ടായിരുന്നു. ഫിയാത്തു മിഷനുമായി ചേർന്ന് തിരുബാല സഖ്യം കുട്ടികൾക്ക് 50 ദിവസവും നോമ്പ് കാല വിചിന്തനങ്ങൾ ആനിമേഷൻ രൂപത്തിൽ നൽകുന്നു. എല്ലാ ദിവസവും 'നോമ്പ് വിചാരങ്ങൾ' എന്ന പേരിൽ നോമ്പ് കാല വിചിന്തനങ്ങൾ  നൽകി വരുന്നു. പ്ളാറ്റിനം ജൂബിലിയോടനുബന്ധിച്ച് പാവപ്പെട്ട ഒരു കുടുംബത്തിന്റെ ഭവനനിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സഹായം ന്ലകി.

**നടവയൽ മേഖല**

തിരുബാലസഖ്യം കുട്ടികൾക്കായി വ്യത്യസ്തമായ മൽസരങ്ങൾ സംഘടിപ്പിച്ചു. മേഖല തലത്തിൽ 10, 11, 12 ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കായി പരീക്ഷ ഒരുക്ക ധ്യാനം സംഘടിപ്പിച്ചു. 130 ഓളം കുട്ടികൾ പങ്കെടുക്കുകയും ചെയ്തു. ദിവ്യകാരുണ്യ ആരാധന, കുമ്പസാരം, കൗൺസിലിംഗ്, ഗെയിമിംഗ് മറ്റ് ആക്ടിവിറ്റിസ് തുടങ്ങിയവ നടത്തി. ധ്യാനത്തിനു മുന്നോടിയായി 10001 വിശ്വാസപ്രമാണം പ്രാർത്ഥന ചൊല്ലി കാഴ്ച്ചവച്ചു.

**ശാഖാ വാർത്തകൾ :**

**കൊമ്മയാട്**

തിരുബാലസഖ്യ ദിനം രൂപതയും, ദ്വാരക മേഖലയും സംയുക്തമായി കൊമ്മയാട് ശാഖയിൽ വച്ച് ആഘോഷിച്ചു. ഫെബ്രുവരി 13-ാം  തീയതി ഞായറാഴ്ച നടന്ന തിരുബാലസഖ്യ ദിനാഘോഷ പരിപാടികളിൽ വിവിധ കലാപരിപാടികൾ  ആഘോഷത്തിന് മാറ്റുകൂട്ടി. തുടർന്ന് കുട്ടികളുടെ  റാലിയും നടത്തപ്പെടുകയുണ്ടായി.

**പനമരം**

ഇടവകയിലെ ഒരു കുട്ടിക്ക് പഠന സഹായാർത്ഥം 9000 രൂപ യുടെ സൈക്കിൾ വാങ്ങി കൊടുത്തു. ഇടവകതലത്തിൽ നടത്ത പ്പെട്ട പ്രാർത്ഥനാ യജ്ഞത്തിൽ സി.എം.എൽ അംഗങ്ങൾ 1155 വിശ്വാസപ്രമാണം ചൊല്ലി ലോകരക്ഷയ്ക്കായി കാഴ്ചവെച്ചു. ഫെബ്രുവരി-13 തിരുബാലസഖ്യം ദിനം സമുചിതമായി ആഘോ ഷിച്ചു കുട്ടികളെ അനുമോദിച്ചു.

**കളത്തുവയൽ**

ആഗോള രോഗി ദിനത്തിൽ എല്ലാ രോഗികൾക്കും വേണ്ടി കരുണയുടെ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. അന്നേ ദിവസത്തെ ഉപവാസം രോഗികൾക്കു വേണ്ടി കാഴ്ചവെച്ചു. തിരുബാലസഖ്യ ദിനത്തിൽ കുഞ്ഞുമക്കൾക്കുവേണ്ടി പ്രാർത്ഥിക്കുകയും, ആശംസ കൾ നേരുകയും ചെയ്തു. സുകൃതവാര സമാപനദിനത്തിൽ സി.എം.എൽ അംഗങ്ങളെല്ലാവരും സുകൃതജപം എഴുതി കൊണ്ടു വരികയും വചന മരത്തിൽ തൂക്കി സുകൃത സമർപ്പണം നടത്തുകയും ചെയ്തു. ഭവന സന്ദർശനവും, രോഗീ സന്ദർശനവും നടത്തി. വിഭൂതി ദിനത്തിൽ അംഗങ്ങളെല്ലാവരും ഒരു നേരമെടുത്ത് പ്രത്യേകം പ്രാർത്ഥിച്ചു.

ജൂബിലി ചൈതന്യം ഹൃദയത്തിലേറ്റുവാങ്ങി, കർമ്മപഥങ്ങളിൽ ഉത്ഥിതന്റെ സന്ദേശവാഹകരായി തീർന്ന് വീണ്ടും ചെമ്മഞ്ഞകൊടി ക്കീഴിൽ ക്രിസ്തു ശിഷ്യരായ് അണിനിരക്കാം.

**സജീഷ് എടത്തട്ടേൽ**
സി.എം.എൽ. രൂപതാ സെക്രട്ടറി

# Department of Youth Ministry

## Way to Heaven

വലിയ നോമ്പാചരണത്തിന്റെ ഭാഗമായി ലൈഫ് ട്രെയിനിങ് വിദ്യാർഥികളുടെ നേതൃത്വത്തിൽ Way to Heaven എന്ന പേരിൽ അനുദിനവും സ്റ്റാറ്റസ് വീഡിയോസ് തയ്യാറാക്കി സോഷ്യൽ മീഡിയ വഴി അനേകരിലേക്ക് എത്തിക്കുന്നു. ലൈഫ് 2020 ബാച്ചിലെ ആൻമരിയ അജിൻ ആണ് ഇതിനു നേതൃത്വം എടുക്കുന്നത്. ഈ വീഡിയോകൾ അനേകർക്ക് സാന്ത്വനവും പ്രചോദനവുമാകുന്നു.

## Route to Calvary

വലിയ നോമ്പിൽ ക്രിസ്തുവിന്റെ പീഡാനുഭവങ്ങളിലൂടെ യാത്ര ചെയ്യുന്നതിനും ക്രിസ്തുവിനെ അടുത്തനുകരിക്കുന്നതിനും സഹായകമകത്തക്ക വിധം കാൽവരിയിലേക്കുള്ള യാത്ര ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. അനുദിനവും വിദ്യാർത്ഥികൾ ചെയ്യുന്ന സുകൃതങ്ങളും പ്രാർത്ഥന കളും ത്യാഗജീവിതവുമെല്ലാം കാൽവരിയിലേയ്ക്കുള്ള യാത്ര സുഗമമാക്കാൻ സഹായിക്കുന്ന സുകൃത മഞ്ജരിയായി തയ്യാറാ ക്കുകയും അതിനനുസൃതമായി മുന്നോട്ടുനീങ്ങുകയും ചെയ്യുന്നു. ഇതിലൂടെ വിദ്യാർഥികൾ ആത്മീയ ജീവിതത്തിൽ വളരുന്നതിനും സ്വയം നവീകരണത്തിനും ഏറെ സഹായകമാകുന്നു.

## സുകൃത കുരിശ്

പീഡാനുഭവങ്ങളെ അനുസ്മരിക്കുന്ന 50 നോമ്പുകാലത്ത് ലൈഫ് വിദ്യാർഥികൾ അനുദിനവും ചെയ്യുന്ന സുകൃതങ്ങൾ, പ്രാർ ത്ഥനകൾ, തപശ്ചര്യകൾ എന്നിവ തയ്യാറാക്കി കുരിശിൽ രേഖ പ്പെടുത്തുന്നു. അനുദിനവും ചെയ്യുന്ന ഈ പ്രവൃത്തിയിലൂടെ സ്വയം പക്വതയിലേക്ക് വളരുന്നതിനും ആത്മീയ ജീവിതം കെട്ടിപ്പടുക്കുന്നതിനും വിദ്യാർഥികൾ സ്വയം പര്യാപ്തരാകുന്നു.

## Way of the Cross

50 നോമ്പിലെ എല്ലാ ദിനങ്ങളിലും ഒരു സുകൃതജപം, ഒരു പ്രവർത്തി, ഒരു വചനം എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ലൈഫ് 2020 ബാച്ച്കാർ തയ്യാറാക്കുന്ന പോസ്റ്ററുകളാണ് Way of the Cross. സ്പിരി ചൽ ലീഡറായ ജിയന്നാ മരിയ മുണ്ടക്കൽ നേതൃത്വം നൽകി നട

ത്തുന്ന ഈ പോസ്റ്ററിലൂടെ ആത്മീയ ഉണർവിനും സുകൃതജീവിത ക്രമീകരണത്തിനും സഹായകമാകുന്നു.

**സമ്പൂർണ്ണ ബൈബിൾ പാരായണം**

ദൈവവചനത്തിൽ ആഴപ്പെടുന്നതിനും സമ്പൂർണ്ണ ബൈബിൾ വായനയ്ക്കും സഹായകമാകത്തക്കവിധം നൂറുദിന സമ്പൂർണ്ണ ബൈബിൾ പാരായണം യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ക്രമീകരിക്കുന്നു. പേത്തൂർത്ത മുതൽ പന്തക്കുസ്താവരെ നീളുന്ന 100 ദിനങ്ങളാണ് ഇതിനുവേണ്ടി ക്രമീകരിച്ചിരിക്കുന്നത്. അനുദിനം വായിക്കേണ്ട ബൈബിൾ ഭാഗങ്ങളും മനഃപ്പാഠമാക്കേണ്ട ബൈബിൾ ഭാഗങ്ങളും പോസ്റ്റർ രൂപത്തിൽ എല്ലാവരിലേക്കും എത്തിക്കുന്നു. ലൈഫ് 2019 ലെ മരിയ ടോം ഇതിന് നേതൃത്വം നൽകുന്നു. വിദ്യാർഥികളും യുവജനങ്ങളും മുതിർന്നവരും ഇതിൽ പങ്കാളികളാകുന്നു.

**വിശുദ്ധിയുടെ വഴിത്താര**

ഈ നോമ്പുകാലത്ത് അനുദിനം സന്ദേശങ്ങളിലൂടെ ജീവൻ പകരുകയാണ് ലൈഫ് വിദ്യാർത്ഥികൾ. ‘വിശുദ്ധിയുടെ വഴിത്താര’ എന്ന പേരിൽ നോമ്പുകാല സന്ദേശങ്ങളുടെ വീഡിയോകളാണ് വിദ്യാർത്ഥികൾ തയ്യാറാക്കുന്നത്. ദൈവ വചനങ്ങളും വിശുദ്ധരുടെ ജീവിതവും ഉൾപ്പെടുത്തി തയ്യാറാക്കുന്ന വീഡിയോകൾ അനേകർക്ക് പ്രചോദനമേകുന്നു. അലൻ ജോസഫ് ജോയി, സാന്ദ്ര പ്രകാശ് എന്നിവരാണ് ഇതിന് നേതൃത്വം നൽകുന്നത്.

**കരുണയുടെ തീരത്ത്**

പരിത്യാഗത്തിന്റെ 50 നോമ്പുകാലത്ത് ഈശോയുടെ പീഡാനുഭവങ്ങളെ ഏറ്റവും കൂടുതൽ അനുസ്മരിക്കുന്ന 3 മണി സമയത്ത് ഫേസ്ബുക്കിലൂടെ ലൈവായി കരുണയുടെ ജപമാലയും മൂന്നുമണി പ്രാർത്ഥനയും ചൊല്ലി അനുദിനം കരുണയ്ക്കു വേണ്ടി പ്രാർത്ഥിക്കുന്നു. യൂത്ത് മിനിസ്ട്രി ടീമംഗങ്ങൾ നേതൃത്വം വഹിക്കുന്ന ഈ കരുണയുടെ പ്രാർത്ഥനയിൽ അനേകർ പങ്കുചേർന്ന് ലോകം മുഴുവനും വേണ്ടിയും മാധ്യസ്ഥം വഹിക്കുന്നു.

**ദിവ്യകാരുണ്യ ആരാധന**

50 നോമ്പിലെ എല്ലാ വെള്ളിയാഴ്ചകളിലും രാത്രി 7.30 ന് സൂം പ്ലാറ്റ്ഫോം വഴി യൂത്ത് മിനിസ്ട്രി കുടുംബം മുഴുവനും ദിവ്യകാരുണ്യ ആരാധനയിൽ പങ്കെടുക്കുന്നു. ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ നേതൃത്വം നൽകുന്ന ആരാധനയിൽ വിദ്യാർഥികളും യുവ

ജനങ്ങളും മാതാപിതാക്കളും പങ്കുചേർന്ന് പ്രാർത്ഥിക്കുന്നു. ഇത് വലിയൊരു കൂട്ടായ്മയ്ക്ക് വേദിയൊരുക്കുന്നു.

**ഇടയനോടൊപ്പം**

ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികൾ അവരുടെ മാതാപിതാക്കളോടും കുടുംബാംഗങ്ങളോടുമൊപ്പം ഒരുമിച്ചു പ്രാർത്ഥിക്കാനും പങ്കുവെക്കാനും വേണ്ടി ബഹുമാനപ്പെട്ട ഡയറക്ടറച്ചനോടൊപ്പം വൈകുന്നേരങ്ങളിൽ ഒത്തു ചേരുന്നു. ബഹുമാനപ്പെട്ട ലാലച്ചന്റെ നേതൃത്വത്തിൽ, ലൈഫ് വിദ്യാർഥികളുടെ പരിശീലനത്തിന്റെ ഭാഗമായി നടത്തുന്ന ഈ കൂട്ടായ്മ കുട്ടികളുടെ പരിശീലനത്തിനും കൂദാശ സ്വീകരണത്തിനും, കുടുംബ- ജീവിത നവീകരണത്തിനും ഹേതുവായി തീരുന്നു.

**ഏൽ റൂഹ പരീക്ഷ ഒരുക്കം: കൊട്ടിയൂർ**

2022 മാർച്ച് 12 ശനിയാഴ്ച രാവിലെ 9 മണി മുതൽ 1 മണി വരെ കൊട്ടിയൂർ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിലെ 10, 12 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്കായി ഏൽ റൂഹ പരീക്ഷ ഒരുക്ക ധ്യാനം സംഘടിപ്പിച്ചു. 81 വിദ്യാർത്ഥികൾ പങ്കെടുത്ത ധ്യാനത്തിൽ ക്ലാസ്സ്, കുമ്പസാരം, കുർബാന, ആരാധന എന്നിവയിലൂടെ വിദ്യാർത്ഥികളെ പരീക്ഷയ്ക്കായി ഒരുക്കി. ധ്യാനത്തിന് നേതൃത്വം നൽകിയത് ഫാ. ലാൽ ജേക്കബ് പൈനുംങ്കൽ, സി. ആൻസി തോമസ് സി.എം.സി, സി. ധന്യ എഫ്. സി. സി എന്നിവരാണ്. ബഹു. ബെന്നി മുതിരക്കാലായിൽ അച്ചൻ കുട്ടികൾക്കായി വി. കുർബ്ബാനയർപ്പിക്കുകയും പരീക്ഷയ്ക്കുപയോഗിക്കുന്ന പേനകൾ വെഞ്ചരിച്ച് നൽകുകയും ചെയ്തു. കൊട്ടിയൂർ ഇടവക വികാരി ബെന്നി മുതിരക്കാലായിലച്ചനും കൊച്ചച്ചന്മാർക്കും ഹൃദയപൂർവം നന്ദി.

**ഏൽ റൂഹ പരീക്ഷ ഒരുക്കം: നടവയൽ**

2022 മാർച്ച് 14-ാം തീയതി തിങ്കളാഴ്ച രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ നടവയൽ സെന്റ് തോമസ് ഹൈസ്ക്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥികൾക്കായി പരീക്ഷ ഒരുക്ക സെമിനാർ നടത്തി. 150 വിദ്യാർഥികൾ പങ്കെടുത്ത ഈ സെമിനാറിന് ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി ടീം നേതൃത്വം വഹിച്ചു. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, സി. ആൻസി തോമസ് സി.എം.സി, സി. ഡോണ സി.എം.സി, സി. പ്രൈസ് സി.എം.സി, സി. എമിലിയ സി.എം.സി, എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നല്കി. 3 മണി വരെ പൊതു സെഷൻ നടത്തിയതിനു ശേഷം ക്രിസ്ത്യൻ വിദ്യാർഥികൾക്കായി വിശുദ്ധ കുർബാനയും കുമ്പ

സാരവും സംഘടിപ്പിച്ചു. ഇത് വിദ്യാർഥികൾക്ക് വളരെ ഉണർവ്വ് നൽകിയ അവസരമായിരുന്നു. ഹെഡ്മിസ്ട്രസ് സി. റോയ്സ് എസ്. എച്ച്. നും സ്റ്റാഫിനും ഹൃദ്യമായ നന്ദി.

**ഏൽ റൂഹ  പരീക്ഷ ഒരുക്കം: ബത്തേരി**

2022 മാർച്ച് പതിനഞ്ചാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ 4 മണി വരെ ബത്തേരി അസംപ്ഷൻ ഹൈസ്കൂളിലെ പത്താംക്ലാസ് വിദ്യാർഥികൾക്കായി സ്പിരിച്വൽ ഷെയറിംഗിന് ശുശ്രൂഷ നടത്തി. പരീക്ഷകൾക്ക് ഒരുക്കമായി നടത്തിയ ഈ ഷെയറിംഗിൽ 110 വിദ്യാർഥികൾ പങ്കെടുത്തു. ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് നേതൃത്വം നൽകി. ഹെഡ്മാസ്റ്റർ ടോം സാറിനും അധ്യാപകർക്കും ഹൃദയംഗമമായ നന്ദി.

**ഏൽ റൂഹ  പരീക്ഷ ഒരുക്കം: കേണിച്ചിറ**

2022 മാർച്ച് പതിനാറാം തീയതി ബുധനാഴ്ച രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ ഒന്നു മുതൽ 9-ാം ക്ലാസ് വരെയുള്ള വിദ്യാർഥികൾക്കായി പരീക്ഷ ഒരുക്ക ശുശ്രൂഷ നടത്തി. ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് നേതൃത്വം നൽകി. പ്രിൻസിപ്പൽ സി. ജിൻസി മരിയ്ക്കും അധ്യാപകർക്കും ഹൃദയംഗമമായ നന്ദി.

**സി. ആൻസി തോമസ് സി. എം. സി**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

## ABLAZE 2022

കെ.സി.വൈ.എം മാനന്തവാടി രൂപത യുവജനങ്ങൾക്കായി സംഘടിപ്പിച്ച നേതൃത്വപരിശീലന ക്യാമ്പ് ഫെബ്രുവരി 25, 26, 27 തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ ABLAZE 2020 എന്ന പേരിൽ സംഘടിപ്പിച്ചു. 13 മേഖലകളിൽ നിന്നായി 50 യുവജനങ്ങൾ ക്യാമ്പിൽ പങ്കാളികളായി. ചെറുപുഷ്പ മിഷൻ ലീഗ് സംസ്ഥാന ഓർഗനൈസർ ശ്രീ. അരുൺ ജോസ്, സ്കൂൾ കൗൺസിലിംങ്ങിൽ ഡോക്ടറേറ്റ് നേടിയ ഡോ. സെമിച്ചൻ ജോസഫ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. കെ.സി.വൈ.എം ചരിത്രം പകർന്നു കൊടുത്തത് മാനന്തവാടി രൂപതാ മുൻ ആനിമേറ്റർ സി. ആൻസി പോൾ S H, കെ.സി.വൈ.എം മാനന്തവാടി രൂപത മുൻ പ്രസിഡന്റ് ശ്രീ. ബിജു മാത്യു അരീക്കാട് എന്നിവരായിരുന്നു. പാനൽ ചർച്ചയ്ക്ക് നേതൃത്വം നൽകിയത് ദ്വാരക പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ. ഫാ. ജോജോ കുടക്കച്ചിറ, മീനങ്ങാടി ബി എഡ് കോളേജ് പ്രിൻസിപ്പാൾ ടോമി സാർ, മാനന്തവാടി രൂപതാ മുൻ ആനിമേറ്റർ സി. സ്മിത എസ്എബിഎസ്, കെ.സി.വൈ.എം മാനന്തവാടി രൂപതാ മുൻ പ്രസിഡന്റ് ശ്രീ. ബിബിൻ ചെമ്പക്കര എന്നിവരാണ്. വിവിധങ്ങളായ സഹായസഹകരണങ്ങൾ ഒരുക്കിത്തന്നത് മാനന്തവാടി രൂപതാ പാസ്റ്ററൽ സെന്റർ അംഗങ്ങൾ, കല്ലോടി മേഖല ആനിമേറ്റർ സി. ജിനി എഫ്.സി.സി, ദ്വാരക മേഖല ആനിമേറ്റർ സി. ആൻ തെരസ് എസ് എച്ച്, ദ്വാരകമേഖല പ്രസിഡന്റ് ശ്രീ. ബിബിൻ പിലാപ്പിള്ളി, അലങ്കാരങ്ങൾക്ക് നേതൃത്വം നൽകിയത് ചുങ്കക്കുന്ന് പ്രസിഡണ്ട് ശ്രീ. നിഖിൽ പള്ളിക്കമാലി എന്നിവരാണ്. ക്യാമ്പിന് വിവിധ മേഖലകളിൽ നിന്നും യുവജനങ്ങളെ പങ്കെടുപ്പിച്ച മേഖലാ ഡയറക്ടർമാർ ആനിമേറ്റർമാർ എന്നിവരെയും ക്യാമ്പിന്റെ വിജയത്തിനായി അക്ഷീണം പ്രയത്നിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

## SPERANZA 2022

അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് ക്യാൻസർ രോഗം ബാധിച്ച സഹോദരങ്ങൾക്ക് താങ്ങാവുക എന്ന ലക്ഷ്യത്തോടെ

കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ അമല ഹോസ്പിറ്റലുമായി സഹകരിച്ച് SPERANZA 2022 കേശദാന ക്യാമ്പ് സംഘടിപ്പിച്ചു. ക്യാമ്പിന്റെ ഉദ്ഘാടന കർമ്മം ദ്വാരക സെന്റ് അൽ ഫോൻസാ ദേവാലയത്തിൽ വച്ച് പനമരം സർക്കിൾ ഇൻസ്പെക്ടർ ശ്രീ. റെജീന പീറ്റർ നിർവഹിച്ചു. രൂപതയിലെ 13 മേഖലകളിൽ നിന്നായി 70 യുവതികൾ ഈ പദ്ധതിയിൽ പങ്കാളികളായി. ഉദ്ഘാടന കർമ്മത്തിന് എല്ലാവിധ ക്രമീകരണങ്ങളും നടത്തുന്നതിന് സഹായിച്ചത് ദ്വാരക ഫൊറോന വികാരി റവ. ഫാ. ഷാജി മുളകുടിയാങ്കൽ, റവ. ഫാ. പ്രിൻസ് തെക്കേതിൽ, ദ്വാരക മേഖല പ്രസിഡന്റ് ശ്രീ. ബിബിൻ പിലാപ്പിള്ളി, മേഖല ഭാരവാഹികൾ, യൂണിറ്റ് ഭാരവാഹികൾ രൂപതാ സിൻഡിക്കേറ്റ് അംഗങ്ങൾ എന്നിവരാണ്. സമൂഹത്തിന് മാതൃകയും ഏറെ ഉപകാരപ്രദവുമായ ഈ സത്കർമ്മത്തിൽ പങ്കുചേർന്ന എല്ലാവർക്കും അവർക്ക് പിന്തുണയേകിയ മാതാപിതാക്കൾക്കും രൂപതാ സമിതിയുടെ ഹൃദയപൂർവ്വകമായ നന്ദിയും അഭിനന്ദനങ്ങളും

**വയനാട് എം.പി ശ്രീ. രാഹുൽ ഗാന്ധിക്ക് നിവേദനം സമർപ്പിച്ചു**

മലയോര ജനതയുടെ അതിസങ്കീർണ്ണ പ്രശ്നങ്ങളായ വന്യജീവിശല്യവും, അതിവേഗ ജപ്തി നടപടികളും, ജനവാസ പ്രദേശങ്ങളിൽ വർധിച്ചുവരുന്ന വന്യജീവികളുടെ അക്രമണവും വയനാട്ടുകാരെ തീരാദുഃഖത്തിലാഴ്ത്തുന്നു. പ്രസ്തുത സാഹചര്യങ്ങൾ കണക്കിലെടുത്ത് വന്യജീവിശല്യത്തിന് പരിഹാരം കാണുക, കർഷകരുടെ ജപ്തി നടപടികൾ നിർത്തിവയ്ക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് വയനാട് എം. പി ശ്രീ. രാഹുൽ ഗാന്ധിക്ക് കെ.സി.വൈ.എം മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് സമിതിയോട് ചേർന്ന് ചുണ്ടക്കര യൂണിറ്റ് അസി. ഡയറക്ടർ ഫാ. അജയ് തേക്കിലക്കാട്ടിൽ നിവേദനം സമർപ്പിച്ചു.

വിദ്യാർത്ഥികളുടെ സാഹചര്യങ്ങളെ മനസിലാക്കാത്ത ബസ്സ് ചാർജ്ജ് വർദ്ധനവ് പ്രതിഷേധാർഹം 'കൺസഷൻ വിദ്യാർഥികൾക്ക് തന്നെ നാണക്കേട്' എന്ന മന്ത്രി ആന്റണി രാജുവിന്റെ പ്രസ്താവന വിദ്യാർത്ഥികളോടുള്ള വെല്ലുവിളിയാണെന്നും ബസിൽ യാത്ര ചെയ്ത് പഠിക്കുന്ന വിദ്യാർത്ഥികളുടെ ദുരിതങ്ങൾക്ക് നേരെ അധികാരികൾ കണ്ണടക്കരുതെന്നും. വിദ്യാർത്ഥികൾ ബുദ്ധിമുട്ടുകൾ നേരിടുന്ന സാഹചര്യത്തിൽ പ്രസ്താവന പിൻവലിക്കാൻ മന്ത്രി തയ്യാറാകണമെന്നും വിദ്യാർത്ഥി കൺസഷൻ ഔദാര്യമല്ല, വിദ്യാർത്ഥികളുടെ അവകാശമാണെന്നും, വിദ്യാർത്ഥി ജീവിതത്തിന് അനുകൂലമായ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട

അധികാരികൾ തയ്യാറാകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് രൂപതാസമിതി പ്രതിഷേധാർഹമായി പ്രസ്താവനയിറക്കി.

**ആത്മ 2021**

കെ.സി.വൈ.എം സംസ്ഥാന സമിതി സംഘടിപ്പിച്ച ഡയറക്ടേഴ്സ് ആനിമേറ്റേഴ്സ് മീറ്റിംഗ് ആത്മ 2022 മാർച്ച് 1 ന് എറണാകുളം പി ഒ സി യിൽ വച്ച് നടത്തി. പ്രസ്തുത മീറ്റിംഗിൽ മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിലും ആനിമേറ്റർ സി. സാലി ആൻസ് സി എം സി യും പങ്കെടുത്തു.

**കെ.സി.ബി.സി സെമിനാർ**

കേരളസഭ നവീകരണവുമായി ബന്ധപ്പെട്ട് ഫെബ്രുവരി 25 ന് എറണാകുളം പി ഒ സി യിൽ കെ.സി.ബി.സി സംഘടിപ്പിച്ച സെമിനാറിൽ മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് കെ.സി.വൈ.എം രൂപതാ പ്രസിഡണ്ട് ശ്രീ. റ്റിബിൻ പാറക്കൽ പങ്കെടുത്തു.

**അഭിനന്ദനങ്ങൾ**

സീറോ മലബാർ സഭയെ പ്രതിനിധീകരിച്ച് കെ.സി.വൈ.എം സംസ്ഥാന സിൻഡിക്കേറ്റ് അംഗമായി തിരഞ്ഞെടുക്കപ്പെട്ട കെ.സി.വൈ.എം മാനന്തവാടി രൂപതാ ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ അച്ചന് രൂപതാ സമിതിയുടെ അഭിനന്ദനങ്ങൾ.

**ആദരാഞ്ജലികൾ**

നിത്യതയിലേക്ക് വിളിക്കപ്പെട്ട കെ.സി.വൈ.എം മാനന്തവാടി രൂപതാ മുൻ പ്രസിഡന്റ് മാത്യു തറയിലിന്റെ പിതാവിനും, മുള്ളൻകൊല്ലി മേഖല സെക്രട്ടറി ജോജോ ഡിപ്പോയുടെ പിതാവിനും കെ.സി.വൈ.എം മാനന്തവാടി രൂപതാ കുടുംബത്തിന്റെ ആദരാഞ്ജലികൾ.

**മേഖല വാർത്തകൾ**

**മാനന്തവാടി മേഖല**

മേഖലയുടെ നേതൃത്വത്തിൽ യുവജനങ്ങളിൽ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഹരിതം 2022 നും യുവജനങ്ങളുടെ കായികപരമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഓൺലൈൻ PES ടൂർണമെന്റിനും തുടക്കം കുറിച്ചു. യുവജനങ്ങളെ കൂടുതൽ പ്രസ്ഥാനത്തിലേക്ക് അടുപ്പിക്കുക, അവർക്ക് വേണ്ട സഹായ സഹകരണങ്ങൾ അറിയിക്കുക, യൂണിറ്റ് ഭാരവാഹികളെ കാണുക, സംസാരിക്കുക, വിലയിരുത്തുക എന്ന ലക്ഷ്യത്തോടെ മേഖല ഭാരവാഹികളുടെ നേതൃത്വ

ത്തിൽ 'കരുതൽ 2022' യൂണിറ്റ് സന്ദർശനത്തിനു ആരംഭമായി. കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ നടത്തിയ നേതൃത്വ സംഗമം ക്യാമ്പ് ABLAZE 2022 ന് മേഖലയിൽനിന്ന് 9 പേർ പങ്കെടുത്തു. മാനന്തവാടി മെഡിക്കൽ കോളേജിലെ പീഡിയാട്രിക്കൽ വാർഡ് (അമ്മത്തൊട്ടിൽ) നവീകരിക്കുന്നതിന്റെ ഭാഗമായി മേഖലയുടെ നേതൃത്വത്തിൽ ബ്ലോക്ക് മുഴുവനായും വൃത്തിയാക്കുന്ന കർമ്മപദ്ധതിയിൽ 22 യുവജനങ്ങൾ പങ്കെടുത്തു.

**മുള്ളൻകൊല്ലി മേഖല**

മുള്ളൻകൊല്ലി മേഖലയുടെ 2022 ലെ പ്രവർത്തന വർഷ ഉദ്ഘാടനവും മാർഗ്ഗരേഖ പ്രകാശനവും 'La Energia' എന്ന പേരിൽ ആടികൊല്ലി യൂണിറ്റിൽ വെച്ച് നടത്തപ്പെട്ടു. പ്രസിഡന്റ് ശ്രീ. ഫെബിൻ കാക്കോനാൽ അദ്ധ്യക്ഷത വഹിച്ചു. രൂപതാ ജനറൽ സെക്രട്ടറി ഡെറിൻ കൊട്ടാരത്തിൽ യോഗം ഉദ്ഘാടനം ചെയ്തു. വിവിധ യൂണിറ്റുകളിൽ നിന്ന് 30 യുവജനങ്ങൾ പങ്കെടുത്തു. കർഷകർക്കെതിരെ നടക്കുന്ന ജപ്തി നടപടികൾക്കെതിരെ പ്രതിഷേധിക്കുകയും മുഖ്യമന്ത്രിക്കു നിവേദനം നൽകാൻ തീരുമാനിക്കുകയും വിവിധ യൂണിറ്റുകളിൽ നിന്ന് ഒപ്പ് ശേഖരണം നടത്തുകയും ചെയ്തു. STARKE 2022 മുള്ളൻകൊല്ലി മേഖലയിലെ യൂണിറ്റ് നേതാക്കളുടെ സംഗമം നടത്തി. 55 യുവജനങ്ങൾ പങ്കെടുത്തു. മേഖല ഭാരവാഹികൾക്കായി രൂപത നടത്തിയ Leadership Traning Camp ൽ മേഖലയിൽ നിന്ന് 5 അംഗങ്ങൾ പങ്കെടുത്തു..

**ദ്വാരക മേഖല**

ദേശീയ യുവജന ദിനത്തോടനുബന്ധിച്ച് കെ.സി.വൈ.എം ദ്വാരക മേഖലയുടെ നേതൃത്വത്തിൽ യുവജനങ്ങൾ മാനന്തവാടി സമരിറ്റൻ ഭവൻ സന്ദർശിക്കുകയും അന്തേവാസികൾക്കായി കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. 2022 ദ്വാരക മേഖല പ്രവർത്തന വർഷം തുടക്കം കുറിച്ചു. മതവികാരം വ്രണപ്പെടുത്തുന്ന രീതിയിൽ യേശുക്രിസ്തുവിനെയും മാതാവിനെയും അവഹേളിച്ച വാസിം അൽ ഹിക്കാമിക്ക് എതിരെ കല്ലോടി മേഖലയുമായി ചേർന്ന് പരാതി നൽകി. ഇന്റർനെറ്റ് സുരക്ഷാ ദിനവുമായി ബന്ധപ്പെട്ട് Webinar സംഘടിപ്പിക്കുകയും സൈബർ വിങ്ങിന് രൂപം നൽകുകയും ചെയ്തു. തോണിച്ചാൽ സെന്റ്. സെബാസ്റ്റ്യൻ പള്ളിയിൽവച്ച് നടന്ന കെ.സി.വൈ.എം പ്രവർത്തന വർഷ ഉദ്ഘാടനവും കർമ്മപദ്ധതി പ്രകാശനത്തിനും എല്ലാവിധ സജ്ജീകരണങ്ങളും ഏർപ്പെടുത്തി. റേഡിയോ ദിനമായി ബന്ധപ്പെട്ട് രൂപത നടപ്പിലാക്കിയ ആർ ജെ ഹണ്ട് എന്ന പരിപാടിയിൽ ആളുകളുടെ

സാന്നിധ്യം ഉറപ്പാക്കുകയും ഡയറക്ടറെ ആദരിക്കുകയും ചെയ്തു. ദ്വാരക ഫൊറോന എപ്പിയാർക്കയൽ അസംബ്ലിക്ക് വേണ്ടി സജ്ജീകരണങ്ങളും ഒരുക്കുകയും യുവാക്കളുടെ പ്രശ്ന ങ്ങളെ സമിതിക്ക് മുന്നിൽ അവതരിപ്പിക്കുകയും ചെയ്തു.

**ചുങ്കക്കുന്ന് മേഖല**

കെ.സി.വൈ.എം ചുങ്കക്കുന്ന് മേഖലയുടെ ഡയറക്ടറായി തെരഞ്ഞെടുക്കപ്പെട്ട അമ്പായത്തോട് യൂണിറ്റ് ഡയറക്ടർ റവ. ഫാ. കുര്യൻ വാഴയിൽ, അസി. ഡയറക്ടറായി തെരഞ്ഞെടുക്കപ്പെട്ട കൊട്ടി യൂർ യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജിതിൻ ഇടച്ചിലാത്ത് എന്നിവർക്ക് മേഖല കുടുംബത്തിലേക്ക് സ്വാഗതം ആശംസിച്ചു. മാനന്തവാടി രൂപതയുടെ ജൂബിലി വർഷത്തോടനുബന്ധിച്ച് ചുങ്കക്കുന്ന് ഫൊറോന അസംബ്ലിയിൽ ഭാരവാഹികൾ പങ്കെടുത്തു. ചുങ്കക്കുന്ന് മേഖലയുടെ പ്രവർത്തന വർഷ ഉദ്ഘാടനവും കർമ്മപദ്ധതി പ്രകാ ശനവും 'ദിശ 2022' ചുങ്കക്കുന്ന് യൂണിറ്റിന്റെ ആതിഥേയത്വത്തിൽ നടന്നു. പേരാവൂർ നിയോജക മണ്ഡലം എം എൽ. എ ശ്രീ. സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്തു. മേഖല രക്ഷാധികാരി റവ. ഫാ. ജോയി തുരുത്തേൽ കർമ്മപദ്ധതി പ്രകാശനം ചെയ്തു. 10 യൂണിറ്റു കളിൽ നിന്നുമായി 100 ഓളം യുവജനങ്ങൾ പങ്കെടുത്തു.

**നീലഗിരി മേഖല**

നീലഗിരി മേഖലയിലെ വിവിധ ഇടവകകളിൽ നടന്ന തിരുനാൾ ആഘോഷങ്ങളിൽ യുവജനങ്ങളുടെ സമ്പൂർണ്ണ പങ്കാളിത്തം ഉണ്ടായിരുന്നു. മേഖല പ്രതിനിധികൾ എല്ലാ യൂണിറ്റിലും തിരുനാ ളുകളിൽ സംബന്ധിച്ചു. നീലഗിരി മേഖല യുവജനങ്ങൾക്കായി 'യുവാക്കളുടെ കർത്തവ്യങ്ങൾ സഭയിലും സമൂഹത്തിലും' എന്ന വിഷയത്തിൽ ഓൺലൈൻ വെബിനാർ സംഘടിപ്പിച്ചു. രൂപതാ ക്യാമ്പിൽ മേഖലയിൽ നിന്നും 5 അംഗങ്ങൾ പങ്കെടുത്തു. മണ്ണുവ യൽ ഇടവകാംഗവും രോഗിയും ആയ ജസ്റ്റിൻ നടുതൊട്ടിലിനെ സന്ദർശിച്ചു.

**നടവയൽ മേഖല**

നടവയൽ മേഖലയെ മുന്നോട്ട് നയിക്കാൻ റവ. ഫാ. സോണി വടയാപറമ്പിലിനെ സ്വാഗതം ചെയ്തു. പെൻഷൻ പ്രായം വർദ്ധിപ്പി ക്കാനുള്ള സംസ്ഥാന ഗവൺമെന്റിന്റെ നടപടികൾക്കെതിരെ പ്രതി ഷേധം സംഘടിപ്പിച്ചു. മാനന്തവാടി രൂപത സമിതിയോട് ചേർന്ന് നിന്നുകൊണ്ട് നടവയൽ മേഖല ഇ മെയിൽ കാമ്പെയ്നിൽ പങ്കാളി കളായി. നടവയൽ മേഖലയിൽ നിന്നും 6 യുവജനങ്ങൾ രൂപത ക്യാമ്പിൽ പങ്കെടുത്തു.

**യൂണിറ്റ് വാർത്തകൾ**

**കൊമ്മയാട് യൂണിറ്റ്**

കൊമ്മയാട് യൂണിറ്റ് ENZO 2K22 പ്രവർത്തനവർഷ ഉദ്ഘാടനം നടത്തി. അഡ്വ: ജിജിൽ ജോസഫ് 'സൈബർ യുഗത്തിലെ വെല്ലുവിളികൾ' എന്ന വിഷയത്തിൽ ക്ലാസ് എടുത്തു. പ്രവർത്തന വർഷ ഉദ്ഘാടനത്തോടനുബന്ധിച്ച് യുവജനങ്ങളുടെ നേതൃത്വത്തിൽ രക്തദാന ഡയറക്ടറിയുടെ ഉദ്ഘാടനം നിർവഹിച്ചു. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുള്ള ധനശേഖരണാർത്ഥം കപ്പ ബിരിയാണി ചലഞ്ച് യൂണിറ്റിന്റെ നേതൃത്വത്തിൽ നടത്തി. ഇടവകാംഗങ്ങൾ കപ്പ ബിരിയാണി ചലഞ്ചിൽ സഹകരിക്കുകയും ഫണ്ട് ശേഖരണം വിജയിപ്പിക്കുകയും ചെയ്തു.

**കൊട്ടിയൂർ യൂണിറ്റ്**

സമർപ്പിത ദിനത്തോടനുബന്ധിച്ച് ഇടവകയിൽ സേവനം അനുഷ്ഠിക്കുന്ന സിസ്റ്റേഴ്സിനെ ആദരിച്ചു. ക്യാൻസർദിനസന്ദേശം ഉൾകൊള്ളിച്ചു പോസ്റ്റർ ചെയ്തു. ഇടവകയിലെ കിടപ്പിലായ രോഗികളെ ഭവനങ്ങളിൽ പോയി സന്ദർശിച്ചു. ശരീരം തളർന്നതിനാൽ ജോലിക്ക് പോകാൻ വയ്യാത്ത വ്യക്തിയുടെ ഭവനം സന്ദർശിച്ചു. ഭക്ഷണകിറ്റ് കൈമാറി. ഇന്റർനെറ്റ് ദിനത്തോടനുബന്ധിച്ചു "Be safe online' എന്ന വിഷയത്തിൽ പോസ്റ്റർ നിർമ്മാണ മത്സരം സംഘടിപ്പിച്ചു. മാതൃഭാഷ ദിനത്തോടനുബന്ധിച്ചു 'എന്റെ മാതൃ ഭാഷ' എന്ന വിഷയത്തെ ആസ്പദമാക്കി പ്രസംഗ മത്സരം നടത്തി. ഇടവകയിലെ 10, +1 and +2 വിദ്യാർത്ഥികളെ സിൻഡിക്കേറ്റ് അംഗങ്ങൾ സന്ദർശിച്ചു.

**കല്ലോടി യൂണിറ്റ്**

മാനന്തവാടി രൂപത പ്രവർത്തനവർഷ ഉദ്ഘാടന പരിപാടിയിൽ യൂണിറ്റ് അംഗങ്ങൾ പങ്കെടുത്തു. സംസ്ഥാന മത്സരത്തിൽ പങ്കെടുത്ത് മാർഗംകളിയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. കല്ലോടി ഫൊറോന അസംബ്ലിയുടെ Registration നും മറ്റു കാര്യങ്ങളിലും അംഗങ്ങൾ നേതൃത്വം വഹിച്ചു. ഇടവകയിലെ ഒരു നിർധന കുടുംബത്തിന് ഭക്ഷ്യകിറ്റ് നൽകി. റഷ്യൻ യുക്രെയിൻ യുദ്ധത്തിനെതിരെ നടത്തിയ സമാധാന വിളംബര റാലിയിലും പ്രാർത്ഥന കൂട്ടായ്മയിലും യുവജനങ്ങൾ പങ്കെടുത്തു. ലോക വനിതാദിനത്തോടനുബന്ധിച്ച് കല്ലോടി UNIT വീഡിയോ നിർമ്മിക്കുകയും പ്രകാശനം ചെയുകയും ചെയ്തു.

**പനംചിറ യൂണിറ്റ്**

പനംചിറ യൂണിറ്റിലെ പെരുന്നാൾ ദിനങ്ങളിൽ യുവജനങ്ങൾ എല്ലാവരും പള്ളിയിൽ ഒരുമിച്ച് കൂടുകയും പള്ളിയും, പരിസരവും, കുരിശടിയും വൃത്തിയാക്കുകയും തിരുനാൾ കുർബാനയിൽ യുവ നങ്ങൾ ശുശ്രുഷകരായി സഹായിക്കുകയും ചെയ്തു.

**കണിയാരം യൂണിറ്റ്**

മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനത്തിൽ യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. കണിയാരം യൂണിറ്റിന്റെ അസി. ഡയറക്ടർ ആയിരുന്ന റവ. ഫാ. റിജോസിന് പുതിയ പ്രവർത്തന മേഖലയിലേക്ക് യാത്രയയപ്പു നൽകി. കണിയാരം കത്തീഡ്രൽ പള്ളി യുടെ തിരുനാളിന്, ഇടവക ചരിത്രം ഉൾക്കൊള്ളുന്ന വീഡിയോ നിർമ്മിക്കുകയും ഓൺലൈനായി അപ്‌ലോഡ് ചെയ്യുകയും ചെയ്തു. നോമ്പുകാലത്ത് യുവജനങ്ങളുടെ നേതൃത്വത്തിൽ പള്ളി പരിസരത്ത് കുരിശിന്റെ വഴികൾ സ്ഥാപിച്ച് എല്ലാ വെള്ളിയാഴ്ച കളിലും കുരിശിന്റെ വഴി നടത്തിവരുന്നു.

**തവിഞ്ഞാൽ യൂണിറ്റ്**

തിരുനാളിനോടനുബന്ധിച്ച് കൊടിയേറ്റ് കർമ്മങ്ങളിലും തുടർ ന്നുള്ള വിശുദ്ധ ബലിയർപ്പണത്തിലും മുഴുവൻ യുവജനങ്ങളും സജീവമായി പങ്കുചേർന്നു. പ്രധാനതിരുനാൾ ദിവസത്തേക്ക് വേണ്ട ക്രമീകരണങ്ങൾ ചെയ്യാൻ യുവജനങ്ങൾ സഹായിച്ചു. തിരുനാൾ ദിനത്തിൽ യുവജനങ്ങൾ ഭക്തിപൂർവ്വം പങ്കുചേരുകയും പുതിയ ദേവാലയത്തിൽ കുരിശു സ്ഥാപിക്കുന്നതിന്റെ ഭാഗമായി ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു. രൂപതാ ക്യാമ്പിൽ യൂണി റ്റിൽ നിന്ന് അഞ്ജു മാളിയേക്കൽ പങ്കെടുത്തു. മാനന്തവാടി മെഡി ക്കൽ കോളേജ് ഹോസ്പിറ്റലിലെ പീഡിയാട്രിക്കൽ വാർഡ് ബ്ലോക്ക് മുഴുവനായും വൃത്തിയാക്കാൻ തവിഞ്ഞാൽ യൂണിറ്റിൽ നിന്നും ആൽബിൻ കുഴിഞ്ഞാലിൽ കരോട്ട്, അഞ്ജു മാളിയേക്കൽ എന്നിവർ സംബന്ധിച്ചു. നോമ്പിന്റെ ഭാഗമായി ഞായറാഴ്ചകളിൽ കെസിവൈഎം ഗ്രൂപ്പിൽ നോമ്പുകാല സന്ദേശം നൽകിവരുന്നു.

**ഡെറിൻ കൊട്ടാരത്തിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സ്**

മാർച്ച് 4,5,6 തിയതികളിൽ നടത്തിയ ഓൺലൈൻ കോഴ്സിൽ 83 പേർ പങ്കെടുത്തു. അടുത്ത കോഴ്സ് മാർച്ച് 25,26,27 ഏപ്രിൽ 8,9,10 / 22,23,24 തിയതികളിൽ.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 10 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ഏപ്രിൽ - 19

**മാതൃവേദി**

**മാതൃവേദി രൂപതാ വാർഷികം**

മാതൃവേദി രൂപതാ വാർഷികവും ജനറൽബോഡിയും 2022 മാർച്ച് 1 -ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേർന്നു. ജപമാലയോടുകൂടിആരംഭിച്ചരൂപത വാർഷികത്തിൽരൂപതാപ്രസിഡന്റ്ശ്രീമതി. വിജി നെല്ലിക്കുന്നേൽ അധ്യക്ഷയായിരുന്നു. മണിമൂളി നിലമ്പൂർ സിഞ്ചെല്ലൂസ് റവ ഫാ. തോമസ് മണക്കുന്നേൽ പ്രസ്തുത യോഗം ഉദ്ഘാടനം ചെയ്തു. സീറോ മലബാർ മാതൃവേദി അന്തർ ദേശീയ ഡയറക്ടർ റവ. ഫാ. വിൽസൻ ഇലവുത്തിങ്കൽ കൂനൻ, അന്തർ ദേശീയ പ്രസിഡന്റ് ഡോ കെ വി റീത്താമ്മ എന്നിവർ മുഖ്യ അതിഥികൾ ആയിരുന്നു. രൂപതാ സെക്രട്ടറി ശ്രീമതി തങ്കമ്മ കല്ലിങ്കൽ വാർഷിക റിപ്പോർട്ടും ട്രഷറർ ശ്രീമതി മിനി ആക്കപടിക്കൽ കണക്കും അവതരിപ്പിച്ചു 2020-2021 -ലെ മികച്ച മേഖലകൾക്കും രചനാമത്സര വിജയികൾക്കുമുള്ള സമ്മാനങ്ങൾ നൽകി. ലോഗോസ് 2022 വിജയികൾക്കുള്ള സമ്മാനങ്ങളും 70 -ൽ കൂടുതൽ മാർക്ക് ലഭിച്ച എല്ലാവർക്കും സർട്ടിഫിക്കറ്റുകളും തദവസരത്തിൽ വിതരണം ചെയ്തു. നടവയൽ മേഖലയുടെ ഗ്രൂപ്പ് സോങ്ങും കബനിഗിരി ശാഖയിലെ ഗ്രൂപ്പ് ഡാൻസ്സും വാർഷികത്തിന് മോടികൂട്ടി. 500 പേർ ജനറൽ ബോഡിയിൽ പങ്കെടുത്തു. മാതൃവേദി ആന്തത്തിനും, ഉച്ചഭക്ഷണത്തിനും ശേഷം ശാഖ ആനിമേറ്റേഴ്സ് സംഗമവും 2022-24 വർഷത്തേക്കുള്ള രൂപതാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടത്തി. ജനറൽ ബോഡിക്കായ് സൗകര്യങ്ങൾചെയ്തു

തന്ന പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. ജോജോ കുടക്കചിറയ്ക്കും ഭക്ഷണം തയ്യാറാക്കിയ പാസ്റ്ററൽ സെന്റർ കിച്ചൻ സ്റ്റാഫിനും ഹൃദ്യമായ നന്ദി. മാർച്ച് 16-ാ-ം തിയതി ചേർന്ന ജോ. എക്സിക്യൂട്ടീവ് മീറ്റിംഗിൽ പഴയ ഭാരവാഹികൾ പുതിയ ഭാരവാഹികളെ ഉത്തരവാദിത്വങ്ങൾ ഏൽപ്പിച്ചു. തുടർന്ന് 2022-വർഷത്തേക്കുള്ള പ്രവർത്തന മാർഗ്ഗരേഖ പ്രകാശനം ചെയ്തു.

**2022-ലെ രൂപത ഭാരവാഹികൾ**

പ്രസിഡന്റ് - ശ്രീമതി ഫിലോ ചേലക്കൽ
വൈസ് പ്രസിഡന്റ് - ശ്രീമതി ബ്രിജിത്ത ലിസി കൂവക്കൽ
സെക്രട്ടറി - സെലിൻ മേപ്പാടത്ത്
ജോ. സെക്രട്ടറി - ബ്രില്ലി അന്ന കേളങ്ങാട്ടിൽ
ട്രഷറർ - ജെസ്സി കവളനാൽ
മികച്ച മേഖലകൾ: തരിയോട്, മുള്ളൻകൊല്ലി

മാതൃവേദിയുടെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ പ്രോത്സാഹനങ്ങളും തരുന്ന ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്കും, ആനിമേറ്റർ സിസ്റ്റേഴ്സിനും ശാഖാ, മേഖല, രൂപത ഭാരവാഹികൾക്കും 15000-ത്തോളം വരുന്ന അംഗങ്ങൾക്കും ഹൃദ്യമായ നന്ദി.

**വനിതാദിനം**:ലോക വനിതാദിനമായ മാർച്ച്8-ാംതിയതി പെരുവകയിലുള്ള ജീവൻധാര പുനരധിവാസ കേന്ദ്രം രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ സന്ദർശിച്ചു.

**മണിമൂളി മേഖല -** ഇടവകയിൽ നിന്നും ദൈവവിളി സ്വീകരിച്ച സമർപ്പിതർ, വൈദികർ സന്യാസ വൈദികാർത്ഥികൾ എന്നിവർക്കു വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ആദ്യ വെള്ളിയാഴ്ച നടത്തിയ ആരാധനാകുരിശിന്റെ വഴി ഇവയിൽ മേഖലാ ഡയറക്ടർക്ക് ഒപ്പം മാതൃവേദി അമ്മമാരും പങ്കെടുത്തു. മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. കോവിഡ് മഹാമാരിക്കെതിരെ കരുണ കൊന്ത ചൊല്ലി പ്രാർത്ഥനാ ദിനങ്ങളാചരിച്ചു. റാണി മരിയ ദിനം എല്ലാ മിഷനറിമാർക്ക് വേണ്ടിയും കരുണ കൊന്ത ചൊല്ലി. ചെയിൻ റോസറി, പ്രത്യേക നിയോഗങ്ങൾ വെച്ച് പത്തു ഇടവകകൾക്കും നൽകി.

**പയ്യമ്പള്ളി മേഖല -**ബൈബിൾ ഭാഗത്തെ ആസ്പദമാക്കി മേഖലയിലെ ഇടവകകൾക്കായി മൂന്ന് അംഗങ്ങൾ വീതമുള്ള ഗ്രൂപ്പായി സംഘടിപ്പിച്ച് ക്വിസ് മത്സരം നടത്തി. മേഖലാ എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി.

**കൽപ്പറ്റ -** എക്സിക്യൂട്ടീവ് കൂടി. രോഗീസന്ദർശനം, ഭവനസന്ദർശനം എന്നിവ നടത്തി.

**ഒണ്ടയങ്ങാടി:** ഭിന്നശേഷിക്കാർ, വിദ്യാർത്ഥികൾ, യുവജനങ്ങൾ എന്നിവർക്കുവേണ്ടി കരുണകൊന്തചൊല്ലി. കുരിശിന്റെ വഴി നടത്തി. കിടപ്പുരോഗികളെ സന്ദർശിച്ചു. സംരക്ഷണ പ്രാർത്ഥന അച്ചടിച്ച് ഭവനങ്ങളിൽ നൽകി. രൂപത പ്രസിഡന്റായി ശ്രീമതി ഫിലോ ചേലക്കൽ തെരഞ്ഞെടുക്കപ്പെട്ടു.

**കയ്യൂന്നി**: നവവൈദികന് സ്വീകരണം നൽകി. കൊന്തറാലി നടത്തി. തിരുനാളിന് അമ്മമാർ ജപമാലയ്ക്ക് നേതൃത്വം നൽകി. ഒരു നിർദ്ദന രോഗിക്ക് 5000 രൂപ ചികിത്സ സഹായവും ഒരു ഭവനത്തിന് 1500 രൂപയുടെ ഭക്ഷ്യകിറ്റും നൽകി.

**കുറുമ്പാല:** മക്കൾക്ക് വിശ്വാസ പരിശീലനം നൽകാൻ മാതാപി താക്കൾക്കുള്ള പങ്ക് എന്ന വിഷയത്തിൽ ആശയസമാഹരണം നടത്തി.

**കൽപ്ര:** ലൂർദ്ദ് മാതാവിന്റെ തിരുനാൾ ആഘോഷപൂർവ്വം കൊണ്ടാടി. തിരുനാളിനോടനുബന്ധിച്ച് പള്ളിപരിസരവും സെമി ത്തേരിയും വൃത്തിയാക്കി. രോഗീസന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി.

**അപ്പപ്പാറ–** എല്ലാ വെള്ളിയാഴ്ചകളിലും അമ്മമാരുടെ വീടുകളിൽ കുരിശിന്റെ വഴി നടത്തി. പള്ളിയിൽ കുരിശിന്റെവഴിക്ക് അമ്മമാർ നേതൃത്വം നൽകുന്നു. മേഖലാ ക്വിസ് മത്സരത്തിൽ അമ്മമാർ പങ്കെ ടുത്തു.

**അടയ്ക്കാത്തോട്:** പള്ളിയും പരിസരവും വൃത്തിയാക്കി. കൊന്ത നമസ്കാരം നടത്തി. വീട് സന്ദർശനത്തിലൂടെ രോഗികളെ സഹാ യിച്ചു. പ്രാർത്ഥനാ കൂട്ടായ്മയ്ക്ക് നേതൃത്വം നൽകി. ഡയാലി സിസ് രോഗിയെ സഹായിച്ചു.

**തരിയോട്:** മാർഗ്ഗരേഖ പ്രകാശനം, ആനിമേറ്റേഴ്സ് സംഗമം എന്നിവ നടത്തി. ബഹു. ജോൺ പുതുക്കളം അച്ചന്റെ നേതൃത്വ ത്തിൽ ജപമാല ചൊല്ലി. വാ. റാണി മരിയയുടെ തിരുനാൾ ദിനത്തിൽ സിസ്റ്റേഴ്സിനെ ആസംസകൾ നേർന്നു. വിഭൂതി ദിനത്തിൽ ലഭിച്ച ഉപവാസ തുകകൊണ്ട് ഒരു നിർദ്ദനകുടുംബത്തെ സഹായിച്ചു. വിവിധ നിയോഗങ്ങൾവെച്ച് കരുണകൊന്ത ചൊല്ലി

**വാളേരി:** സാന്താമോനിക്കാ പ്രാർത്ഥനയിൽ പങ്കുചേരുന്നു. ഇടവ കയിൽ WSS രൂപീകരണത്തിന് മാതൃവേദി നേതൃത്വം നൽകി. ലൂർദ് മാതാവിനോട് പ്രത്രേക മാദ്ധ്യസ്ഥ്യം അപേക്ഷിച്ച് പ്രാർ ത്ഥിച്ചു. വചനകവചം നടത്തിവരുന്നു. പള്ളി പരിസരത്ത് പൂന്തോട്ടം നിർമ്മിച്ച് പരിപാലിച്ച് വരുന്നു. ചിട്ടി നറുക്കെടുപ്പ്

നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി. ഇടവകയിലെ അമ്മമാർ നിർമ്മിച്ച ജൈവ അടുക്കളത്തോട്ടങ്ങൾ സന്ദർശിച്ചു.

**വഞ്ഞോട്:** ഇടവക വികാരി ഫാ. സുനിൽ അച്ചന്റെ പിറന്നാൾ, ആശംസകൾ നേർന്നും കേക്ക് മുറിച്ചും സമ്മാനങ്ങൾ നൽകിയും നടത്തി. എക്സിക്യൂട്ടീവ് മീറ്റിങ് കൂടി. ഇടവക തിരുനാൾ ദിവസങ്ങളിൽ സ്റ്റാൾ നടത്തി ഫണ്ട് സമാഹരിച്ചു.

**കരിമാനി:** ഒരു അക്രൈസ്തവ സഹോദരന്റെ ഭവനത്തിൽ പോവുകയും അവർക്ക് വസ്ത്രം നൽകുകയും ചെയ്തു. അവരുടെ വീടും പരിസരവും വൃത്തിയാക്കുകയും ഭക്ഷണം തയ്യാറാക്കി കൊടുക്കുകയും ചെയ്തു. ദൈവവിളി ദിനത്തോടനുബന്ധിച്ച് ആരാധനയുംജപമാലയും നടത്തി. ലോക സമാധാനത്തിനായ് - പ്രത്യേകിച്ച് യുദ്ധത്താൽ കലുഷിതമായ രാജ്യങ്ങൾക്കുവേണ്ടി ജാഗരണ പ്രാർത്ഥന നടത്തി. ആരാധനയും കുരിശിന്റെ വഴിയും നടത്തി. ഡൊമിനിക്കൻ സഭാംഗമായഫാ. ജോസഫ് ട്രാൻന്റെ ആത്മശാന്തിക്കായ് കരുണകൊന്ത ചൊല്ലി. നോമ്പിന്റെ ആദ്യ വെള്ളിഉപവാസദിനമായി ആചരിച്ചു.കുരിശിന്റെവഴിക്ക് നേതൃത്വം നൽകി. രോഗീ സന്ദർശനം, മരണവീട് സന്ദർശനം നടത്തവരുന്നു. അംഗത്വം പുതുക്കി. പെരുന്നാളിനോടനുബന്ധിച്ച്, വിശുദ്ധ കുർബാനയിലും, നൊവേനയിലും മാതൃവേദി അംഗങ്ങളുടെ പങ്കാളിത്തം ഉണ്ടായിരുന്നു. ചികിത്സാ സഹായമായി 1000 രൂപ നൽകി,

**സീതാമൗണ്ട്:**വിവിധ നിയോഗങ്ങൾക്കായി കരുണകൊന്ത ചൊല്ലി. കിടപ്പുരോഗികളെ സന്ദർശിച്ചു.

**തലപ്പുഴ:** മാതൃവേദിയുടെ അംഗത്വം പുതുക്കി. പുതിയ അംഗങ്ങളെ ചേർത്തു. യുക്രെയ്ൻ, റഷ്യ എന്നീ രാജ്യങ്ങളെ സമർപ്പിച്ച് പ്രാർത്ഥിച്ചു വരുന്നു. ഞായറാഴ്ചകളിൽ വി. ബലിക്ക് ശേഷം എല്ലാ കുടുംബങ്ങളെയും, നിയോഗങ്ങളെയും സമർപ്പിച്ച് നന്മനിറഞ്ഞ മറിയമേ ചൊല്ലി പ്രാർത്ഥിച്ചു വരുന്നു.

**പൂക്കോട്ടുംപാടം:** തിരുക്കുടുംബത്തിരുന്നാൾദിനം ആചരിച്ചു. തിരുപ്പിറവിക്കൊരുക്കമായ് സുകൃതജപം, ബൈബിൾവചനം, ഉണ്ണിയീശോയുടെ രൂപം എന്നിവ പോസ്റ്ററിട്ടു. വൃദ്ധമാതാപിതാക്കളെഅനുരഞ്ജന ശുശ്രൂഷക്കു വേണ്ട ക്രമീകരണങ്ങൾ ചെയ്തു. ആദ്യ വെള്ളിയാഴ്ചകളിൽ ചെയിൻ റോസറി നടത്തി. കരോൾ ഗാനമത്സരത്തിൽ പങ്കെടുത്തു. ആനിമേറ്റർക്ക് സെന്റ് ഓഫ് നല്കി. യാത്രാമംഗളങ്ങളും പ്രാത്ഥനയും ആശംസിച്ചു. ഗിഫ്റ്റ് നല്കി.

പുതിയ ആനിമേറ്റർക്ക് സ്വാഗതം ആശംസിച്ചു. ശാന്ത സദനം സന്ദർശിച്ച് പൊതിച്ചോറ് നല്കി. ഭവന നിർമ്മാണ സഹായം 15000 രൂപ നല്കി, ഇടവകയിലെ സമർപ്പിതരുടെ പേരും ഫോട്ടോയും കളക്റ്റ് ചെയ്ത് വികാരിയച്ചനെ ഏൽപിച്ചു. ചാവറയച്ചന്റെ തിരുന്നാൾ ആഘോഷിച്ചു. പാംബ്ലാനി പിതാവിന് ആശംസ പോസ്റ്ററിട്ടു.

**പുതിയിടം:** മേഖലാ വാർഷികത്തിലും, തിരഞ്ഞെടുപ്പിലും ആനിമേറ്റർ, പ്രസിഡന്റ്, ജോയിന്റ് സെക്രട്ടറി എന്നിവർ പങ്കെടുത്തു. ഇടവകയിലെ പൊതു പണിയിൽ സാധിക്കുന്ന അമ്മമാർ വന്നു സഹകരിച്ചു. ലോഗോസ് ക്വിസ് ഇടവകയിൽ കൂടുതൽ മാർക്ക് വാങ്ങിയ അമ്മമാരെ ആദരിച്ചു. 4 രോഗികളുടെയും പ്രായമായവരുടെയും വീട് സന്ദർശനം നടത്തി. 3 മണിക്കുള്ള കരുണക്കൊന്തയിൽ സാധിക്കുന്ന അമ്മമാർ പങ്കെടുക്കുന്നു.

**മാനന്തവാടി:** എല്ലാ ദിവസവും അമ്മമാർ വി. കുർബാനയിൽ സംബന്ധിക്കുകയും ജപമാല ചൊല്ലുകയും ചെയ്യുന്നു. വൈകിട്ട് 3 മണിക്ക് സാധിക്കുന്ന അമ്മമാർ കുടുംബങ്ങൾക്കു വേണ്ടിയും ലോകസമാധാനത്തിന് വേണ്ടിയും കരുണക്കൊന്ത ചൊല്ലി. രോഗീസന്ദർശനം നടത്തി. ഒരു നിർദ്ദന കുടുംബത്തിലെ മകളുടെ വിവാഹത്തിന് 12000 രൂപ നൽകി സഹായിച്ചു.

**കളത്തുവയൽ:** ആദ്യവെള്ളിയാഴ്ച ഉപവാസമെടുത്ത് പ്രാർത്ഥിച്ചു. ക്യാൻസർ രോഗികൾക്കായി കരുണകൊന്ത ചൊല്ലി. സോപ്പുപൊടി നിർമ്മാണം നടത്തി. രോഗീസന്ദർശനം നടത്തി.

**വടപുറം:** സമർപ്പിത ദിനത്തോടനുബന്ധിച്ച് ഇടവകയിൽ ശുശ്രൂഷ ചെയ്യുന്ന ബഹുമാനപ്പെട്ട വൈദികരെയും സന്യാസിനി സഹോദരിമാരെയും പ്രത്യേകം ആദരിക്കുകയും സമർപ്പിതദിനാശംസകൾ നേരുകയും ചെയ്തു. യുദ്ധഭൂമിയിൽ ദുരിതമനുഭവിക്കുന്നവർക്കു വേണ്ടിയും റഷ്യ - യുക്രെയ്ൻ യുദ്ധം എത്രയും വേഗം അവസാനിപ്പിച്ച് സമാധാനം സംസ്ഥാപിതമാകുന്നതിനു വേണ്ടിയും അമ്മമാർ വി. ബലിയിൽ പ്രത്യേകം നിയോഗം സമർപ്പിച്ച് പ്രാർത്ഥന നടത്തി. വലിയനോമ്പിനൊരുക്കമായി അമ്മമാരെല്ലാവരും വി. കുമ്പസാരം നടത്തി.

**മുള്ളൻകൊല്ലി:** ലഹരിക്കും മദ്യത്തിനും അവിഹിത ബന്ധങ്ങളിലും അകപ്പെട്ടുപോയവർക്കായി എല്ലാ ദിവസവും ഉച്ചയ്ക്ക് ശേഷം 3 മണിക്ക് കരുണക്കൊന്ത ചൊല്ലി പ്രാർത്ഥിച്ചു. ലോകസമാധാനം, വിദ്യാർത്ഥികൾക്ക് പരീക്ഷാ വിജയം, ലഹരി വിമു

ക്തമായ ലോകം, തീവ്രവാദവും മതവർഗ്ഗീയ പോരാട്ടങ്ങളുംഇല്ലാ താവുക - എന്നീ നിയോഗങ്ങൾ സമർപ്പിച്ച് അമ്മമാർ ജപമാല ചൊല്ലി, പ്രാർത്ഥിച്ചു. ലൂർദ്ദ് മാതാവിന്റെ തിരുന്നാളിനോട നുബന്ധിച്ച് ഒരു വീഡിയോ തയ്യാറാക്കാൻ എല്ലാ ശാഖകളിലും മത്സരമായി നൽകി. വാഴ്ത്തപ്പെട്ട റാണി മരിയയുടെ തിരുന്നാൾ ആഘോഷിച്ചു. തദവസരത്തിൽ വളരെ പ്രത്യേകമായി വൈദീക സന്യാസവിളി സമർപ്പിച്ച് പ്രാർത്ഥിച്ചു.

**പോരൂർ –** മേഖലാ വാർഷികത്തിലും തെരഞ്ഞെടുപ്പിലും സിസ്റ്റർ ആനിമേറ്റർനോടൊപ്പം പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ എന്നിവർ പങ്കെടുത്തു. ഇടവക തിരുനാളിനോടനുബന്ധിച്ച് പള്ളിയും പരിസ രവും വൃത്തിയാക്കുകയും അലങ്കരിക്കുകയും ചെയ്തു. സിസ്റ്റർ ആനിമേറ്റർനോടൊപ്പം എക്സിക്യൂട്ടീവ് അംഗങ്ങൾ ഭവന സന്ദർശനം നടത്തി. പ്രായമായവരെയും രോഗികളെയും ആശ്വസി പ്പിച്ചു.

**മണിമൂളി –** എക്സിക്യൂട്ടീവ് മീറ്റിംഗ്, മാനേജിങ് കമ്മിറ്റി മീറ്റിംഗ് എന്നിവ ചേർന്നു. അസിസ്റ്റന്റ് വികാരി ബഹുമാനപ്പെട്ട അരു ണച്ചന് യാത്രയയപ്പും പുതുതായി ചാർജെടുത്ത ബഹുമാനപ്പെട്ട ആൽബിനച്ചന് സ്വാഗതവും ആശംസിച്ചു. ഇടവക അംഗം മരണമടഞ്ഞപ്പോൾ ആ ഭവനം സന്ദർശിച്ച് പ്രാർത്ഥിച്ചു. ഒരമ്മ ഒരു കരുണക്കൊന്ത ചൊല്ലൽ പൂർത്തിയാക്കി. എല്ലാ അമ്മമാരും പഴയ നിയമം വായനയും ലോഗോസ് പഠനവും തുടരുന്നു. ഇടവക തിരു നാളിനു ഒരുക്കമായി പള്ളിയും പരിസരവും സെമിത്തേരിയും അമ്മ മാർ വൃത്തിയാക്കി. പലഹാരങ്ങൾ തയ്യാറാക്കി പള്ളിയിൽ എത്തിച്ചു. നേർച്ച ഭക്ഷണത്തിനുള്ള പച്ചക്കറികൾ അരിയുന്നതിനും നേർച്ച ഭക്ഷണം വിളമ്പുന്നതിനും അമ്മമാർ സഹകരിച്ചു. തിരുനാൾ പ്രദക്ഷിണത്തിന് അമ്മമാർ യൂണിഫോം സാരിയണിഞ്ഞ് മുത്തു ക്കുടകൾ കൈകളിലേന്തി പ്രദക്ഷിണത്തിന് മാറ്റുകൂട്ടി.

സ്നേഹാശംസകളോടെ,

**ഫാ. ജോജോ കുടക്കച്ചിറ**
**ഫാ. എമ്മാനുവേൽ വടക്കേൽ**

# സീയോൻ വാർത്തകൾ

മാർച്ച് 5 ന്, സിയോൻ ആദ്യശനി ഏകദിന കൺവെൻഷൻ രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 2.00 മണിവരെ പാസ്റ്ററൽ സെന്റർ ചാപ്പലിൽ നടന്നു. ബ്ര. ജോസഫ് വട്ടക്കുന്നേൽ ജപമാലയ്ക്ക് നേതൃത്വം നൽകി. ഈ വർഷത്തെ രൂപതയിലെ നവവൈദികരായ ബഹു. ഫാ. ഷാന്റോ കാരാമയിൽ, ഫാ. റോബിൻസ് കുമ്പളക്കുഴി, ഫാ. അജയ് തേക്കിലക്കാട്ട് എന്നിവർ വി. ബലിയപ്പിച്ചു. ബഹു. ഫാ. ലിൻസൺ CST കരിമാനി 'നോമ്പും അനുതാപവും' എന്ന വിഷയത്തെപ്പറ്റി വചനപ്രഘോഷണം നടത്തി. സിയോൻ ഡയറക്ടർ ബഹു. ഫാ. സോണി വാഴകാട്ട് ദിവ്യകാരുണ്യ ആരാധനയ്ക്ക് നേതൃത്വം നൽകി. ബ്ര. ബിജു പുളിക്കൽ, സി. അന്ന FCC സി. ലിസ SKDഎന്നിവർ ഗാനങ്ങൾ ആലപിച്ചു.

മാർച്ച് 12 ന് രണ്ടാം ശനിയാഴ്ച പൊതു Spiritual Sharing, നടത്തി. റവ. ഫാ. പ്രിൻസ് തെക്കേതിൽ, റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ, റവ. ഫാ. സോണി വാഴക്കാട്ട് എന്നിവർ എല്ലാ ഞായറാഴ്ചകളിലും ഓൺലൈൻ സുവിശേഷ വിചിന്തനങ്ങൾ നൽകി.

വലിയനോമ്പിനോടനുബന്ധിച്ച് സിയോൻ ടീം, എലപ്പീടിക, പാലാങ്കര, തലഞ്ഞി, വടക്കനാട്, കോട്ടത്തറ, പ്രശാന്തിഗിരി, സീതാമൗണ്ട്, മംഗലശ്ശേരി, കബനിഗിരി, എടപ്പെട്ടി എന്നീ ഇടവകകളിൽ വാർഷിക ധ്യാനം നടത്തി.

മാർച്ച് 17-20 തിയതികളിൽ സിയോൻ ധ്യാനകേന്ദ്രത്തിൽ താമസിച്ചുള്ള ധ്യാനം നടത്തി.

NB: ഏപ്രിൽ മാസത്തെ താമസിച്ചുള്ള ധ്യാനം 21-24 തീയതികളിലായിരിക്കും. മുൻകൂട്ടി ബുക്ക് ചെയ്യാൻ ശ്രദ്ധിക്കുമല്ലോ.

നേരത്തെ ബുക്ക് ചെയ്യുന്നവർക്ക് Spiritual Sharing - ന് സൗകര്യം ഉണ്ടായിരിക്കും.

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി. ആർ. സി.

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

**പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ,**

*നിനക്ക് ചെയ്യാൻ കഴിവുള്ള നന്മ അത് ലഭിക്കാൻ അവകാശമുള്ളവർക്ക് നിഷേധിക്കരുത്* (സുഭാഷിതങ്ങൾ: 3:27)

ഒരു വിശുദ്ധവാരത്തിലേക്കുകൂടി നാം കടന്നുചെല്ലുകയാണ്. യേശുവിനെ ജറുസലേം നഗരത്തിലൂടെ ജയഘോഷങ്ങളോടെ ജനങ്ങൾ എതിരേറ്റതും, ഇതേ ജനങ്ങൾ അവനെ ക്രൂശിക്കുകയെന്ന് പീലാത്തോസിന്റെ അരമനയിൽവച്ച് ആക്രോശിച്ചതും, പീഡകളേറ്റ് മരിച്ച് മൂന്നാംദിനം ഉയിർത്തെഴുന്നേറ്റതും നാം ഒരിക്കൽകൂടി അനുസ്മരിക്കുകയാണ്. നമ്മുടെ ഇതുവരെയുള്ള ജീവിതത്തിൽ എത്രയോ വിശുദ്ധവാരങ്ങളിലൂടെ നാം കടന്നുപോയിട്ടുണ്ട്. എന്നിട്ടും നമ്മുടെ മനസ്സിന്റെ അടിസ്ഥാനതലങ്ങളിൽ ഈ പീഡാനുഭവത്തിന്റെയും ഉയിർപ്പിന്റെയും സത്ത ഇതുവരെ സ്വീകരിച്ചിട്ടുണ്ടോയെന്ന് ഇത്തരുണത്തിൽ വിചിന്തനം ചെയ്യുന്നത് ഉത്തമമായിരിക്കും. നമ്മുടെ സഹോദരനെ, സഹോദരിയെ അവർക്ക് അവകാശപ്പെട്ട നന്മ ചെയ്ത് നാം അവരെ സ്വീകരിക്കണം.

നന്മപ്രവർത്തികൾ ചെയ്യുവാൻ ഓരോ വിൻസെൻഷ്യന്റെയും മുന്നിൽ ഒട്ടേറെ അവസരങ്ങൾ ദൈവം തുറന്നു തരുന്നുണ്ട്. നന്മ ചെയ്യുവാനുള്ള ദൈവവിളിയാണത്. ഈ ദൈവവിളിക്ക് പ്രത്യുത്തരമായി ഇതാ ഞാൻ എന്നെ അയച്ചാലും എന്ന പ്രവാചക മറുപടിയാണ് ഓരോ വിൻസെൻഷ്യനിൽനിന്നും ദൈവം പ്രതീക്ഷിക്കുന്നത്. *കുറച്ചേ ഉള്ളുവെങ്കിൽ അതനുസരിച്ച് ദാനം ചെയ്യുവാൻ മടിക്കരുത്* (തോബിയാസ് 4,8) *സമ്പത്തുകൊണ്ടുള്ള ദാനത്തോടൊപ്പം, വേദനിക്കുന്നവരെ നല്ല വാക്കുകൾകൊണ്ട് ആശ്വസിപ്പിക്കുവാനും നമുക്ക് കഴിയും. ആരും കുറ്റം പറയാത്തവിധം നിർദ്ദോഷമായ സംസാരരീതി പ്രകടമാക്കുക* (തിത്തോസ് 2,7) നന്മപ്രവർത്തികൾ ചെയ്തതിനുശേഷം അപരനെ വേദനിപ്പിക്കുന്ന വാക്കുകൾ നാം പറയുമ്പോൾ ആ നന്മ പ്രവർത്തി കുടം കമഴ്ത്തിവച്ച്

വെള്ളം ഒഴിക്കുന്നതിന് സമാനമാകും. ഓരോ വിൻസെൻഷ്യന്റെയും വാക്കുകളും പ്രവർത്തികളും മറ്റുള്ളവർക്ക് സന്തോഷം പ്രദാനം ചെയ്യുന്നവയാകട്ടെ. *വിശുദ്ധിയിലേക്കാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്* (1. തെസ 4,7)

**സംഘടനപ്രവർത്തനങ്ങൾ**

കൊവിഡിന്റെയും ഇതോടനുബന്ധിച്ചുണ്ടായ ലോക്ഡൗണിന്റെയും പ്രതിസന്ധികളിൽനിന്നും നാം കരകയറിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ കോൺഫ്രൻസ് പ്രവർത്തനങ്ങൾ അടുത്ത കാലംവരെ മന്ദീഭവിച്ച അവസ്ഥയിലായിരുന്നു. ഈ മരവിപ്പ് നാം മാറ്റിയെടുക്കണം. ഭവനസന്ദർശനം, രോഗീസന്ദർശനം, പ്രാർത്ഥന കൂട്ടായ്മകൾ, പ്രതിവാര യോഗങ്ങൾ എന്നിവ അടിയന്തരമായി പുനരാരംഭിക്കണം. പല കോൺഫ്രൻസുകളും ഇവ പുനരാരംഭിച്ചുവെന്നതിൽ സന്തോഷമുണ്ട്. എന്നാൽ ഇനിയും ചില കോൺഫ്രൻസുകൾ ഇക്കാര്യത്തിൽ സ്തംഭനാവസ്ഥയിൽത്തന്നെയാണുള്ളത്. ഇത് മാറ്റിയെടുത്തേ പറ്റൂ. ഏപ്രിൽ ആദ്യവാരത്തോടെ കോൺഫ്രൻസുകൾ യോഗങ്ങൾ ചേർന്ന് യോഗനടപടികൾ എ.സി. പ്രസിഡണ്ടുമാരെ അറിയിക്കേണ്ടതും, എ.സി. പ്രസിഡണ്ടുമാർ ഈ വിവരം സി.സി.യിൽ അറിയിക്കേണ്ടതുമാണ്. കോൺഫ്രൻസ് യോഗങ്ങൾ ചേരുന്നുവെന്ന് എ.സി. ഭാരവാഹികൾ ഉറപ്പുവരുത്തേണ്ടതാണ്. കഴിയുമെങ്കിൽ ഈ കോൺഫ്രൻസ് യോഗങ്ങളിൽ അതാത് മേഖലകളിലെ എ.സി, സി.സി. ഭാരവാഹികൾ പങ്കെടുക്കേണ്ടതുമാണ്.

**സി. സി. വാർഷികം**

ഈ വർഷത്തെ സി.സി. വാർഷികം ദ്വാരക പാസ്റ്റൽ സെന്റർ ഹാളിലാണ് നടത്തപ്പെടുന്നത്. ഏപ്രിൽ 26ന് 11 മണിക്ക് നടക്കുന്ന വാർഷികം മാനന്തവാടി രൂപതാധ്യക്ഷൻ മാർ. ജോസ് പൊരുന്നേടം ഉദ്ഘാടനം ചെയ്യുന്നതാണ്. രൂപത വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ, നാഷണൽ പ്രസിഡണ്ട് ബ്ര. ജൂഡ് മംഗൾരാജ്, കെ.ആർ.സി.സി. കോ-ഓർഡിനേറ്റർ ബ്ര. അനിൽ ആൻറണി, ബ്ര. അഡ്വ. ലിറ്റൊ, പാസ്റ്ററൽ സെൻറർ ഡയറക്ടർ റവ. ഫാ. ജോജോ കുടക്കച്ചിറ, സി.സി. ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര, സി.സി. പ്രസിഡണ്ടുമാർ തുടങ്ങിയ

വർ പങ്കെടുക്കുന്നതാണ്. രാവിലെ 9.30 – ന് ദിവ്യബലിയോടെയാണ് വാർഷികം ആരംഭിക്കുന്നത്. വിൻസെൻറ് ഡി പോൾ സൊസൈറ്റിയിലെ മുഴുവൻ അംഗങ്ങളും വാർഷികത്തിൽ പങ്കെടുക്കേണ്ടതാണ്.

**ഓസാനംഭവൻ**

ഓസാനംഭവൻ വാർഷികജനറൽബോഡി യോഗം ഏപ്രിൽ 6ന് ഓസാനംഭവൻ ഹാളിൽ ചേരുന്നതാണ്. 2022-23 വർഷത്തെ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് യോഗത്തിൽ നടത്തപ്പെടുന്നതാണ്. ഇക്കഴിഞ്ഞ മാസത്തിൽ ജോർജ്ജ് ആടിക്കൊല്ലി, പളനി സ്വാമി പൊഴുതന എന്നിവർക്ക് ഓസാനംഭവനിൽ പ്രവേശനം നല്കി. വർഗീസ് പുത്തേട്ട് (പാറത്തോട്ടം), പളനിസ്വാമി (പൊഴുതന) എന്നിവർ ദൈവസന്നിധിയിലേക്ക് യാത്രയാവുകയും ചെയ്തു.

*എല്ലാവർക്കും ഈസ്റ്റർ മംഗളങ്ങൾ നേർന്നുകൊണ്ട്,*
സ്നേഹാശംസകളോടെ,

**റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര**
(സി.സി. ആത്മീയ ഉപദേഷ്ടാവ്)
**ബ്ര. ജോർജ്ജ് ആക്കാന്തിരി**
(സി. സി. പ്രസിഡന്റ്)

# സാമൂഹ്യ സേവനരംഗം (WSSS)

**വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ടീം ശാക്തീകരണ ശില്പശാല സംഘടിപ്പിച്ചു**

മാനന്തവാടി രൂപതയുടെ ഔദ്യോഗിക സാമൂഹ്യ വികസന പ്രസ്ഥാനമായ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ടീം ശാക്തീകരണ ശില്പശാല നടത്തി. റിപ്പോർട്ടിങ്, ഡോക്യുമെന്റേഷൻ, ഫിനാഷ്യൽ മാനേജ്മെന്റ് തുടങ്ങിയ വിഷയങ്ങളിൽ നടത്തിയ രണ്ടു ദിവസത്തെ ശില്പശാല വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല ഉത്ഘാടനം ചെയ്തു. ശില്പശാലക്ക് പ്രമുഖ ചാർട്ടേർഡ് അക്കൗണ്ടന്റ് വിപിൻ വിൻസെന്റ്, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, നീലഗിരി ഡെവലൊപ്മെൻറ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ബിനോയ് കാശംകുറ്റിയിൽ, പ്രോഗ്രാം ഓഫീസർ ജോസ്.പി.എ. എന്നിവർ നേതൃത്വം നൽകി.

**പരിശീലന പരിപാടി നടത്തി**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കിവരുന്ന ഉപജീവന പരിപോഷണ പദ്ധതിയുടെ (എൽ. ഇ.ഡി.പി.) ഭാഗമായി പാലോട്ട് തറവാട്ടിൽ വെച്ച് പരിശീലന പരിപാടി നടത്തി. പരിശീലന പരിപാടി വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ്. പി. എ അദ്ധ്യക്ഷത വഹിച്ചു. പ്രോഗ്രാം കോ ഓർഡിനേറ്റർ ജോജോ തോമസ് ഫീൽഡ് കോ ഓർഡിനേറ്റർ ഷീന ആന്റണി എന്നിവർ സംസാരിച്ചു. ക്ലാസ്സിന് ഡോക്ടർ നീതു. കെ .എസ് നേതൃത്വം നൽകി.

എടമുണ്ട ട്രൈബൽ കോളനിയിൽ വെച്ച് പരിശീലന പരിപാടി നടത്തി. പരിശീലന പരിപാടി വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവീസ്

സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ്. പി.എ അദ്ധ്യക്ഷത വഹിച്ചു. പ്രോഗ്രാം കോ ഓർഡിനേറ്റർ ജോജോ തോമസ്, ഫീൽഡ് കോ ഓർഡിനേറ്റർ ഷീന ആന്റണി എന്നിവർ സംസാരിച്ചു. വളർത്തുമൃഗങ്ങളുടെ സംരക്ഷണം എന്ന വിഷയത്തിൽ നടന്ന പരിശീലനത്തിന് ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഷാജി. എ. എസ് നേതൃത്വം നൽകി.

**കഠിനമായ വെയ്ലിൽ കാർഷിക വിളകളെ സംരക്ഷിക്കുന്നതിന് സൂക്ഷ്മ ജലസേചന പദ്ധതി**

വയനാട് കഠിനമായ വെയ്ലിൽ കരിഞ്ഞുണങ്ങുകയാണ്. കാർഷിക വിളകൾ എല്ലാം തന്നെ വാടി കരിയുന്നു. വേനൽമഴ നാളിതു വരെ ലഭിച്ചിട്ടില്ല. ഈ പശ്ചാത്തലത്തിൽ ആണ് കർഷകർക്ക് ഏറെ പ്രയോജന പ്രദമായ രീതിയിൽ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി സൂക്ഷ്മ ജലസേചന പദ്ധതി നടപ്പിലാക്കുന്നത്. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിലെ മട്ടിലയം, പോർലോം നീർത്തട പ്രദേശങ്ങളിൽ നടപ്പിലാക്കിവരുന്ന നബാർഡ് കെ എഫ് ഡബ്ല്യൂ സോയിൽ പ്രോജെക്ടിൽ ഉൾപ്പെടുത്തി 26 കർഷകർക്കാണ് സൂക്ഷ്മ ജലസേചന പദ്ധതിക്ക് സാമ്പത്തിക സഹായം നൽകിയത്. അര ഏക്കറോളം വരുന്ന സ്ഥലത്ത് മൈക്രോ സ്പ്രിംഗ്ളർ സെറ്റ് വെച്ച് നനക്കുന്നതിനുള്ള സഹായമാണ് നബാർഡ് നൽകിയത്. മോട്ടോർ, പൈപ്പ്, മൈക്രോ സ്പ്രിംഗ്ളർ എന്നിവ ഉൾപ്പെടുന്ന ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിന് 22000 രൂപയോളം ചെലവ് വരും. ഇതിൽ 18375 രൂപ നബാർഡ് കർഷകർക്ക് ഗ്രാന്റ് ആയി അനുവദിക്കുന്നു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഈ മേഖലയിൽ പ്രാവിണ്യം ഉള്ള വിദഗ്ദരാണ് മൈക്രോ സ്പ്രിംഗ്ളർ സെറ്റുകൾ കൃഷിയിടങ്ങളിൽ സ്ഥാപിക്കുന്നത്. കാപ്പി, കുരുമുളക്, പച്ചക്കറികൾ, ഏലം, തീറ്റപ്പുൽ തുടങ്ങി എല്ലാ വിളകളുടെയും പരിപാലനത്തിന് സൂക്ഷ്മ ജലസേചന പദ്ധതി ഏറെ സഹായകരമാകുന്നു എന്ന് കർഷകർ സാക്ഷ്യപ്പെടുത്തുന്നു. പദ്ധതി പ്രവർത്തനങ്ങൾക്ക് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല, അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ്. പി. എ, നീർത്തട കമ്മിറ്റി ഭാരവാഹികളായ വെള്ളൻ പി, വേണുമാസ്റ്റർ മുള്ളാട്ട്,

എൻ. എസ്. ബെന്നി, അനിൽകുമാർ വി.ടി എന്നിവർ നേതൃത്വം നൽകുന്നു

**കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ മാധ്യമ പുരസ്കാരത്തിന് സിസ്റ്റർ ജിനി ജോസഫ് അർഹയായി**

അന്താരാഷട്ര വനിതാ ദിനാചാരത്തിന്റെ ഭാഗമായി കേരള കാത്തലിക് ബിഷപ്സ് കോൺഫ്രൻസിന്റെ സാമൂഹ്യ സേവന പ്രവർത്തങ്ങൾക്ക് സംസ്ഥാന തലത്തിൽ നേതൃത്വം നൽകുന്ന കേരള സോഷ്യൽ സർവീസ് ഫോറം മാധ്യമ രംഗത്ത് നിസ്തുലമായ രീതിയിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് ഏർപ്പെടുത്തിയ മാധ്യമ പുരസ്കാരത്തിന് സിസ്റ്റർ ജിനി ജോസഫ് അർഹയായി. മാനന്തവാടി രൂപതയുടെ മീഡിയ കമ്മീഷനിൽ സാങ്കേതിക വിദഗ്ദ്ധയായി പ്രവർത്തിച്ചുവരുന്ന സിസ്റ്റർ മാധ്യമ രംഗത്ത് സജീവമാണ്. കോട്ടയം സോഷ്യൽ സർവീസ് ഫോറത്തിൽ വെച്ച് നടന്ന ചടങ്ങിൽ വെച്ച് കേരള കാത്തലിക് ബിഷപ്സ് കോൺഫ്രൻസ് ജസ്റ്റിസ് പീസ് ആൻഡ് ഡെവലൊപ്മെന്റ് കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ ജോസ് പുളിക്കലിൽ നിന്നും സിസ്റ്റർ ജിനി ജോസഫ് അവാർഡ് ഏറ്റുവാങ്ങി.

**ജല സ്രോതസ്സിന്റെ സംരക്ഷണത്തിന് ഒരു നാട് ഒന്നായി അണിചേർന്നു**

വരൾച്ച രൂക്ഷമായി, വേനൽമഴ ഇനിയും പെയ്തിട്ടില്ല, ജല സ്രോതസ്സുകൾ എല്ലാം വറ്റി തുടങ്ങി. ജല സംരക്ഷണത്തിന്റെ പ്രസക്തി ഏറെ ഉള്ള സമയത്താണ് ഒരു നാട് മുഴുവൻ ഒന്നായി പ്രദേശത്തെ പ്രധാന ജല സ്രോതസ്സിനെ സംരക്ഷിക്കുവാൻ മുന്നിട്ടിറങ്ങിയത്. തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ മുള്ളൻകൊല്ലി നീർത്തട പ്രദേശത്തെ ഏറ്റവും പ്രധനപ്പെട്ട ജലസ്രോതസ്സായ നൊച്ചിക്കണ്ടി തോടും, ചെക്ക് ഡാമും, കനാലും വൃത്തിയാക്കുവാൻ പ്രദേശത്തെ ഇരുന്നൂറോളം പേർ ഒത്തുചേർന്നു. കുട്ടികളും, സ്ത്രീകളും, യുവജനങ്ങളും, മുഴുവൻ ജനവിഭാഗങ്ങളും ഈ മഹാ ഉദ്യമത്തിൽ പങ്കാളികളായി. തോട്ടിലെ മാലിന്യങ്ങൾ നീക്കം ചെയ്തും, ചെക്ക് ഡാമിൽ അടിഞ്ഞു കൂടിയ മണലും ചെളിയും നീക്കം ചെയ്തും, കനാൽ വൃത്തിയാക്കിയും ജല സ്രോതസ്സ് സംരക്ഷിച്ചു. കൂടാതെ ജലസേചനത്തിന് ഈ ജല സ്രോതസ്സിലെ ജലം ഉപയോഗിക്കുന്നതിനായി 50 മീറ്ററോളം നീളത്തിൽ കനാൽ നിർമിക്കുകയും ഉണ്ടായി. നബാർഡ് തിരുനെല്ലി ഗ്രാമ പഞ്ചായത്തിൽ മുള്ളൻകൊല്ലി നീർത്തട സമിതിയുടെ നേതൃത്വത്തിൽ, വയനാട്

സോഷ്യൽ സർവീസ് സൊസൈറ്റിയുടെ സാങ്കേതിക സഹായ ത്തോടെ പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന നീരുറവ അടി സ്ഥാനമാക്കിയുള്ള വികസന പദ്ധതിയുടെ ജനകീയ ശ്രമദാനം എന്ന രീതിയിലാണ് ജല സ്രോതസ് വൃത്തിയാക്കിയത്. പരിപാ ടിയുടെ ഔപചാരികമായ ഉത്ഘാടനം  നിയോജക മണ്ഡലം എം എൽ എ ഒ.ആർ.കേളു നിർവഹിച്ചു. വയനാടിന്റെ പ്രത്യക സാഹചര്യത്തിൽ നീരുറവകളെ അടിസ്ഥാനമാക്കിയുള്ള ജല സംരക്ഷണ പ്രവർത്തനങ്ങൾ ഏറെ പ്രാധാന്യം അറിയിക്കുന്നു വെന്നും ജില്ലയിൽ ആദ്യമായി ആരംഭിക്കുന്ന ഈ പദ്ധതി വരും കാലങ്ങളിലെ വികസന പ്രവർത്തങ്ങൾക്ക് ഒരു മാതൃക ആകട്ടെ എന്നും ഉദ്ഘാടന പ്രസംഗത്തിൽ എം എൽ എ ആശംസിച്ചു. തിരുനെല്ലി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി. വി.ബാലകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ. ജയഭാരതി, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സി ക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല, വാർഡ് മെമ്പർമാരായ ബേബി മാസ്റ്റർ, കെ. സിജിത്ത്, ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ അരുൺകുമാർ ഇ. കെ, ജില്ലാ ജൈവ വൈവിധ്യ ബോർഡ് മാനേജ് മെന്റ് ബോർഡ് മെമ്പർ ടി.സി.ജോസഫ്, വാർഡ് വികസന സമിതി കൺവീനർ ബിജു കുഞ്ഞുമോൻ, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ ജിനോജ് പാലത്ത ടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ്. പി.എ., നീർത്തട കമ്മിറ്റി ഭാരവാഹികളായ പി. ആർ . സുനിൽ കുമാർ, രാജേഷ് കൃഷ്ണൻ, ഏ. പി. പ്രഭാകരൻ എന്നിവർ സംസാരിച്ചു. പരിപാടിക്ക് പ്രദേശത്തെ കുടുംബശ്രീ യൂണിറ്റുകൾ, സ്വാശ്രയ സംഘങ്ങൾ, സാമൂഹ്യ സന്നദ്ധ സംഘടനകൾ, മുള്ളൻകൊല്ലി നീർത്തട സമിതി എന്നിവർ നേതൃത്വം നൽകി

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

**MBFHI Certificate നായുള്ള inspection നടത്തപ്പെട്ടു.**

മാതൃ ശിശു സൗഹൃദ ഹോസ്പിറ്റലുകൾക്കുള്ള അംഗീകാരം നേടുന്നതിനുള്ള Inspection 21/2/2022 ന് നടത്തപ്പെട്ടു. 90 % മാർക്കോടെ MBFHI സർട്ടിഫിക്കറ്റിനായുള്ള യോഗ്യത ഹോസ്പിറ്റൽ കൈവരിച്ചു.

**CNGI രൂപതാ സംഗമം നടത്തി**

കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യയുടെ രൂപതാ സംഗമം 23/2/2022, ബുധനാഴ്ച വൈകുന്നേരം 8. 30 ന് ഓൺലൈനായി നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് ഉദ്ഘാടനം ചെയ്ത യോഗത്തിൽ, CNGI State Ecclesiastical Advisor ഫാ. ജെയിംസ് കുന്നത്ത് അധ്യക്ഷനായിരുന്നു. സംസ്ഥാന പ്രസിഡണ്ട് സി. സോണിയ സെബാസ്റ്റ്യൻ CMC, സംഘടനയെ എല്ലാവർക്കും പരിചയപ്പെടുത്തി. അന്നേ ദിവസം നടന്ന ഇലക്ഷനിൽ മാനന്തവാടി രൂപതാ ഭാരവാഹികളായി, പ്രസിഡൻറ് സിസ്റ്റർ ജിസ്മി CMC, വൈസ് പ്രസിഡൻറ് മിസ്റ്റർ തോമസ് എം.പി, സെക്രട്ടറി മിസ്സിസ് മിനിമോൾ മാത്യു, ജോയിൻ സെക്രട്ടറി സി. ട്രീസ ജോസ് SCV, ട്രഷറർ സി. ലിസിൻ പോൾ SH, എക്സിക്യൂട്ടീവ് മെമ്പേഴ്സ് ആയി സി. ദീപ റോസ് SABS, മിസ്റ്റർ ജിനീഷ് എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. ഭാരവാഹികൾക്ക് എല്ലാവിധ വിജയാശംസകളും.

**ഒഫ്താൽമോളജി ഡിപ്പാർട്ട്മെൻറ് ആരംഭിച്ചു**

ഒഫ്താൽമോളജിയുടെ O.P ഡിപർട്ടുമെന്റ് ആരംഭിച്ചു. രാവിലെ 8 മണി മുതൽ 1 മണി വരെയും, ഉച്ചകഴിഞ്ഞ് 4 മണി മുതൽ 6 മണിവരെയും ആയിരിക്കും പരിശോധന സമയം. കണ്ണു സംബന്ധമായ എല്ലാ ചികിത്സകൾക്കും ഇനി ഹോസ്പിറ്റലിൽ സൗകര്യമുണ്ടായിരിക്കും.

**ഫാ. മനോജ് കവളക്കാടൻ**
ഡയറക്ടർ

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

മണ്ണ്, ജലം, വായു സംരക്ഷണത്തിലൂന്നി രാസപദാർത്ഥങ്ങളെ അകറ്റി നിർത്തിയുള്ള കാർഷികവൃത്തിയിലൂടെ മികച്ച വിളവും മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളും നേടിയെടുക്കാൻ കർഷകനെ പരിശീലിപ്പിക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 18451 കർഷകരാണ് 1101 ഗ്രൂപ്പുകളിലായി (48 ICS Internal control System) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICSൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂനത മാറ്റങ്ങളും കീടരോഗ നിയന്ത്രണരീതികളും, ഫെയർ ട്രേഡ് സംവിധാനം എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ ആലൂർക്കുന്ന്, വേലിയമ്പം, കാപ്പിക്കുന്ന് എന്നിവിടങ്ങളിൽ നടക്കുകയും മീറ്റിങ്ങുകളിൽ അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർമാർ പങ്കെടുക്കുകയും കർഷകരുടെ പ്രശ്നങ്ങൾചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, കർഷകരിൽനിന്നും ആവിശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

**റയിൻഫോറെസ്റ്റ് അലയൻസ് 2020 സ്റ്റാൻഡേർഡ് ഓഡിറ്റ്**

റയിൻഫോറെസ്റ്റ് അലയൻസ് സർട്ടിഫിക്കേഷന്റെ ഓഡിറ്റ് ഓഫീസിലും കൃഷിയിടങ്ങളിലുമായി പൂർത്തീകരിച്ചു. ഇൻഡോസേർട്ട് സർട്ടിഫിക്കേഷൻ ഏജൻസിയിൽ നിന്നും ശ്രീ. ബബീഷ് ഭാസ്കരൻ, ശ്രീ. ശ്യാം കുമാർ, ശ്രീ. ഇസ്മായിൽ എന്നിവർ ഓഡിറ്റ് നയിക്കുകയും, ശ്രീ. ഷാജി ജോസ്, ശ്രീമതി. രമ്യ, ശ്രീ. ജോസ് പോൾ, അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവർ ആവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു. ഏഴ് പഞ്ചായത്തുകളിലായി 55 കൃഷിയിടങ്ങൾ സന്ദർശിച്ചു.

**കുരുമുളക് നേഴ്സറി**

കർഷകർക്ക് മെച്ചപ്പെട്ട കുരുമുളക് തൈ വിതരണം ചെയ്യുന്നതിനായി ഫെയർട്രേഡ് ജർമ്മനിയിൽ വൊഫ സമർപ്പിച്ച പ്രോജക്ടിന് അഗീകാരമാവുകയും നേഴ്സറി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ ആരംഭിക്കുകയും ചെയ്തു. ഗുണമേന്മയുള്ള കുരുമുളക് തൈകൾ ജൂലൈ മാസത്തോടെ കർഷകർക്ക് വിതരണം ചെയ്യുവാൻ സാധിക്കും.

**മാവിൻ തൈ വിതരണം**

ഇൻകം ജനറേഷൻ പ്രോഗ്രാമിന്റെ ഭാഗമായി കർഷകർക്കായി കേസർ ഇനത്തിൽപ്പെട്ട 600 മാവിൻ തൈകൾ വിതരണം ചെയ്യുവാൻ തീരുമാനിച്ചു.

**മാർക്കറ്റിങ്**

ഫെബ്രുവരി മാസം കാപ്പിപ്പരിപ്പ്, കുരുമുളക്, മഞ്ഞൾ, ചുക്ക്, ഏലക്ക തുടങ്ങിയ ഉത്പ്പന്നങ്ങൾക്ക് അമേരിക്ക, കാനഡ, ബെൽജിയം, ഇറ്റലി, ജർമ്മനി, ഫ്രാൻസ്, ആസ്ട്രേലിയ, ഡെന്മാർക്ക് തുടങ്ങിയ രാജ്യങ്ങളിൽ നിന്നും പുതുതായി ഓഡറുകൾ സ്വീകരിക്കുവാൻ സാധിച്ചു.

**സംഭരണം**

പദ്ധതിയിൽ അംഗങ്ങളായ കർഷകരിൽ നിന്നും ജനുവരി മാസം 1572304 കിലോ കാപ്പി 90 രൂപ നിരക്കിലും, 298873 കിലോ പച്ച ഇഞ്ചി 48.33 രൂപ നിരക്കിലും, 13570 കിലോ പച്ച കുരുമുളക് 30 രൂപ നിരക്കിലും, 8392 കിലോ പച്ചമഞ്ഞൾ 23 രൂപ നിരക്കിലും സംഭരിച്ചു.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്യവർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ ജനുവരി മാസത്തിലും മഞ്ഞൾ, ഇഞ്ചി, കൈതച്ചക്ക, വാഴപ്പഴം, കാപ്പി തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**ധ്വനി 2022, റേഡിയോ മാറ്റൊലി 13 ഇന കർമ്മ പദ്ധതികൾ ഉദ്ഘാടനം ചെയ്തു.**

തിരക്കിട്ട ലോകത്ത് ആരുടെയും സമയം നഷ്ടപ്പെടുത്താതെ അറിവിന്റെ ലോകത്തിലേക്ക് എത്തിക്കുവാൻ റേഡിയോയ്ക്ക് കഴിയുന്നുവെന്ന് എടവക ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എച്ച്. ബി. പ്രദീപ് മാസ്റ്റർ പറഞ്ഞു. കർമ്മനിരതമായ 12 വർഷങ്ങൾ കൊണ്ട് ജനഹൃദയങ്ങൾ മാറ്റൊലി കീഴടക്കിയെന്നും അദ്ദേഹം പറഞ്ഞു. 13-ാം വാർഷികത്തോടനുബന്ധിച്ച് നടപ്പിലാക്കുന്ന 100 ദിന കർമ്മ പദ്ധതികൾ ധ്വനി 2022 ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കോവിഡ് അവയർനെസ് വാരിയർ ദേശീയ പുരസ്കാരം കരസ്ഥമാക്കിയ അശ്വതി മുരളിയെ ചടങ്ങിൽ ആദരിച്ചു. മാർച്ച് 4 മുതൽ ജൂൺ 11 വരെയുള്ള 100 ദിവസങ്ങളിൽ നടപ്പിലാക്കുന്ന 13 പദ്ധതികൾ സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ തോമസ് അവതരിപ്പിച്ചു. യൂ എൻ 17 സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ റേഡിയോ പരിപാടികൾ, 100 ശ്രോതാക്കളുടെ അനുഭവങ്ങൾ, 13 പുതിയ റേഡിയോ പരിപാടികൾ, പൊതുസ്ഥലങ്ങളിൽ 13 റേഡിയോ സെറ്റുകൾ സ്ഥാപിക്കുക, കേരളത്തിലെ റേഡിയോ സ്റ്റേഷൻസ് പരിചയപ്പെടുത്തുക, റേഡിയോ ജിംഗിൾസ്, തീംസോങ്സ്, മ്യൂസിയം, ഗ്രാമമാറ്റൊലി, റേഡിയോ നാടകങ്ങൾ, കുട്ടി ആർ ജെ ഹണ്ട് ആൻഡ് ട്രെയിനിങ്, മാറ്റൊലിക്കൂട്ടങ്ങൾ, ശ്രോതാക്കളുടെ സംഗമം എന്നിങ്ങനെയാണ് 13 ഇനകർമ്മ പദ്ധതികൾ. 2022 ജൂൺ 11 ന് ശ്രോതാക്കളുടെ സംഗമം നടത്തുമെന്നും സ്റ്റേഷൻ ഡയറക്ടർ അറിയിച്ചു. ചടങ്ങിൽ റെനീഷ് ആര്യപ്പിള്ളിൽ നന്ദി പറഞ്ഞു. 2022 ജൂൺ 11 ന് ശ്രോതാക്കളുടെ സംഗമം നടത്തുമെന്നും സ്റ്റേഷൻ ഡയറക്ടർ അറിയിച്ചു.

**റേഡിയോ സാന്ത്വനം 90.4 FM**

കൊല്ലം പെയ്ൻ ആന്റ് പാലിയേറ്റീവ് കെയർ സെന്ററിന്റെ കീഴിൽ പ്രവർത്തനമാരംഭിക്കുന്ന കമ്മ്യൂണിറ്റി റേഡിയോയായ റേഡിയോ സാന്ത്വനം 90.4 FM ന്റെ സ്റ്റേഷൻ ഡയറക്ടർ ശ്രീ എം. പിള്ളയുമായി ഫെബ്രുവരി 23 ന് മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ.

ബിജോ കറുകപ്പിള്ളി ചർച്ച നടത്തി. റേഡിയോ സ്റ്റേഷന്റെ സുഗമമായ നടത്തിപ്പിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

### കോർ ടീം ആന്റ് സ്റ്റാഫ് മീറ്റിംഗ്

റേഡിയോയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനും 13-ാം വാർഷികത്തിന്റെ കാര്യങ്ങളെക്കുറിച്ച് ആലോചിക്കുന്നതിനുമായി മാർച്ച് 1 ന് കോർ ടീമും 2 ന് സ്റ്റാഫ് മീറ്റീഗും നടത്തി.

### വിമൻസ് റിപ്പബ്ലിക്- സെമിനാർ

മാർച്ച് 8 വനിതാ ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി എടവക ഗ്രാമപഞ്ചായത്ത് 12-ാം വാർഡ് കുടുംബശ്രീ എ.ഡി. എസ് സംഘടിപ്പിച്ച സ്ത്രീപക്ഷ നവകേരളം പരിപാടി വിമൻസ് റിപ്പബ്ളിക് സെമിനാറിൽ ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളി ക്ലാസ്സെടുത്തു.

### ജീവനം

മാർച്ച് 8 വനിതാ ദിനത്തോടനുബന്ധിച്ച് ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ വനിതാഘടകം ജീവനം എന്ന പേരിൽ പുതിയ പ്രക്ഷേപണ പരമ്പര ആരംഭിച്ചു.

### പ്രൊജക്ട് വർക്ക്

കണ്ണൂർ സർവ്വകലാശാലയിൽ ലൈബ്രറി സയൻസിൽ റിസേർച്ച് ചെയ്യുന്ന ജിൽഷ ഹേമന്ത് കോവിഡ് കാലത്ത് റേഡിയോ മാറ്റൊലി പ്രവർത്തനങ്ങളേക്കുറിച്ച് പഠിക്കുന്നതിനായി വന്നു.

### പഠന സന്ദർശനം

കോഴിക്കോട് പേരാമ്പ്രയിൽ പ്രവർത്തിക്കുന്ന മിൽക്കി വേ അക്കാദമി ഓഫ് മീഡിയ സ്റ്റഡീസിലെ വിദ്യാർത്ഥികൾ മാർച്ച് 8 നും എടക്കര ജി.എച്ച്.എസ്.എസ് ലെ പ്ലസ് ടു ഹ്യുമാനിറ്റീസ് ജേർണലിസം വിദ്യാർത്ഥികൾ 9 നും പഠനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു.

### സന്ദർശനം

കാഞ്ഞിരപ്പള്ളി അമൽജ്യോതി എൻജിനീയറിംഗ് കോളേജിൽ കമ്മ്യൂണിറ്റി റേഡിയോ തുടങ്ങുന്നതിന്റെ ഭാഗമായി റേഡിയോയുടെ പ്രവർത്തനങ്ങളേക്കുറിച്ചു മനസിലാക്കുന്നതിനും പഠിക്കുന്നതിനുമായി രൂപതാ വൈദികരും കോളേജ് ഫാക്കൽറ്റീസും ഫെബ്രുവരി 23 ന് മാറ്റൊലി സന്ദർശിച്ചു.

**പുരസ്കാരനിറവിൽ**

മികച്ച തഹസിൽദാർക്കുള്ള സംസ്ഥാന സർക്കാരിന്റെ പുരസ്കാരം നേടിയ മാനന്തവാടി തഹസിദാർ അഗസ്റ്റിൻ എം. ജെ. മാറ്റൊലി സന്ദർശിക്കുകയും അനുഭവങ്ങൾ പങ്കുവെയ്ക്കുകയും ചെയ്തു. മാർച്ച് 15 ന് പുരസ്കാരനിറവിൽ എന്ന പേരിൽ അദ്ദേഹത്തിന്റെ അനുഭവങ്ങൾ പ്രക്ഷേപണം ചെയ്തു.

**ഇന്റേൺഷിപ്**

അരീക്കോട് സുല്ലമുസ്സലാം സയൻസ് കോളേജിലെ ബ്രോഡ് കാസ്റ്റിംഗ് ആന്റ് ജേർണലിസം അവസാന വർഷ ബിരുദ വിദ്യാർത്ഥികളായ ബാഹ്ജ എൻ. കെ, സുനൈന കെ.കെ, ഫാത്തിമ ഹിബ എൻ എന്നിവർ ഒരുമാസത്തെ ഇന്റേൺഷിപ്പ് പൂർത്തിയാക്കി.

**തത്സമയ ഫോൺ ഇൻ പരിപാടി**

ഗ്ലോക്കോമ വാരാചരണത്തിന്റെ ഭാഗമായി മാർച്ച് 12 ന് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ജില്ലാ ഒഫ്താൽമിക് സർജൻ ഡോ. എം. വി. റൂബി ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

ദേശീയ വാക്സിനേഷൻ ദിനമായ മാർച്ച് 16 ന് ശിശുക്കൾക്ക് നൽകുന്ന പ്രതിരോധ കുത്തിവെയ്പ്പുകളെക്കുറിച്ച് ശ്രോതാക്കളുടെ സംശയങ്ങൾക്ക് സെന്റ് ജോസഫ്സ് ഹോസ്പിറ്റലിലെ ഡോ. സിസ്റ്റർ ജെസിൻ സി.എം.സി മറുപടി നൽകി.

**താങ്ങും തണലും റിവ്യൂ മീറ്റിംഗ്**

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ പ്രക്ഷേപണം ചെയ്ത സാമ്പത്തിക സാക്ഷരതാ പരിപാടിയായ താങ്ങും തണലും പരിപാടി പൂർത്തിയായതിന്റെ ഭാഗമായി പ്രൊജക്ട് റിവ്യൂ നടത്തി. കല്പറ്റ ലീഡ് ബാങ്ക് ഓഫീസിൽ മാർച്ച് 15 ന് നടത്തിയ മീറ്റിംഗിൽ നബാർഡ് ഡി.ജി.എം ജിഷ വടക്കുംപറമ്പിൽ, ലീഡ് ബാങ്ക് മാനേജർ സുനിൽ റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളി, പ്രോഗ്രാം പ്രൊഡ്യൂസർ ഭാഗ്യലക്ഷ്മി എന്നിവർ പങ്കെടുത്തു.

**ട്രാൻസ്മിററർ**

നിലവിൽ ഉണ്ടായിരുന്ന ട്രാൻസ്മിറ്റർ പ്രവർത്തനരഹിതമായതിനേതുടർന്ന് പുതിയ ട്രാൻസ്മിറ്റർ വാങ്ങി സെറ്റ് ചെയ്തു.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖം സഹജീവികൾക്ക് പകർന്നുകൊടുക്കുവാൻ ഉതകുന്ന തരത്തിൽ സാമൂഹികക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും അതുവഴി അനേകം ആളുകളുടെ ജീവിതത്തിന് പ്രത്യാശപകരുവാനും നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് അതിന്റെ വ്യത്യസ്തയും തനിമയുമുള്ള പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു.

**മേഖലാ ഇവാലുവേഷൻ മീറ്റിംഗ്**

ജനുവരി, ഫെബ്രുവരി മാസത്തിലെ ഇവാലുവേഷൻ മീറ്റിങ് 12/02/2022, ശനിയാഴ്ച്ച NDS ഓഫീസിൽവെച്ച് നടത്തപ്പെട്ടു. NDS. അസി. ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ മീറ്റിംഗിന് സ്വാഗതം ആശംസിച്ചു. NDS ഡയറക്ടർ ഫാ. ബിനോയ് കാശാംകുറ്റി ഉദ്ഘാടനം ചെയ്യുകയും ചർച്ചകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. യൂണിറ്റ് ഇവാലുവേഷൻ മീറ്റിങ് എല്ലാ മാസവും കൃത്യമായി നടത്തണമെന്നും യൂണിറ്റിലെ എല്ലാ ഗ്രൂപ്പുകളിലും നിന്ന് ചുരുങ്ങിയത് 2 പേരെങ്കിലും പങ്കെടുക്കുന്നുവെന്ന് യൂണിറ്റ് ഭാരവാഹികൾ ഉറപ്പ് വരുത്തുകയും ചെയ്യണമെന്ന് നിർദ്ദേശിച്ചു. സ്വയം തൊഴിൽ തുടങ്ങുന്നതിന് മേഖലയിൽനിന്നും ഓരോ യൂണിറ്റിനും നൽകുന്ന സാമ്പത്തിക സഹായത്തെക്കുറിച്ചു അവരെ അറിയിച്ചു. വ്യക്തികൾക്കോ ഗ്രൂപ്പുകൾക്കോ ആണ് യൂണിറ്റിന്റെ ഉത്തരവാദിത്വത്തിൽ സാമ്പത്തിക സഹായം നൽകുക. അർഹരായ ഗുണഭോക്താക്കളെ യൂണിറ്റ് എക്സിക്യൂട്ടീവ് തിരഞ്ഞെടുക്കണം എന്ന് നിർദ്ദേശിച്ചു. യൂണിറ്റുകളുടെ പ്രവർത്തന റിപ്പോർട്ടും കണക്കും അതാത് യൂണിറ്റ് ഭാരവാഹികൾ അവതരിപ്പിക്കുകയും മീറ്റിംഗിൽ അതിനെ വിലയിരുത്തി സംസാരിക്കുകയും, യൂണിറ്റുകൾ ചെയ്ത മികച്ച പ്രവർത്തനങ്ങൾക്ക് അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു.

**ലോക വനിതാ ദിന ആചരണം**

മാർച്ച് 8 ലോക വനിതാ ദിനത്തോടനുബന്ധിച്ച് NDS ന്റെ

കീഴിലുള്ള എല്ലാ യൂണിറ്റുകളിലെയും വനിതകളെ പ്രത്യേകമാം വിധം ആദരിച്ചു.

06.03.2022 ന് 3.00 മണിക്ക് NDS വിമലഗിരി യൂണിറ്റിൽ വെച്ച് വനിതാദിനാഘോഷം യൂണിറ്റ് ഡയറക്ടർ ഫാ. സ്റ്റീഫൻ കോട്ട യ്ക്കലിന്റെ അധ്യക്ഷതയിൽ നടത്തി. പ്രസിഡണ്ട് എല്ലാവ രെയും സ്വാഗതം ചെയ്തു. പൊതു പരിപാടികളുടെ ഉദ്ഘാടനം ഡീക്കൻ ഡെയ്സൻ തരകൻ തിരിതെളിച്ച് ഉദ്ഘാടന കർമ്മം നിർ വഹിച്ചു. യൂണിറ്റ് ഡയറകുർ ഫാ. സ്റ്റീഫൻ കോട്ടക്കൽ അധ്യക്ഷ പ്രസംഗം നടത്തി. തുടർന്ന് ഈ പ്രദേശത്തുനിന്നും തെരഞ്ഞെടുപ്പിൽ ജയിച്ച വനിതാ പ്രതിനിധിയായ ദേവർഷോലടൺ പഞ്ചായത്ത് മെമ്പർ ശ്രീമതി അനു ഗിരിജ ജോസിനെയും, ആരോഗ്യ പ്രവർത്തകയായ സിസ്റ്റർ ജാൻസി പോൾ SH നെയും ഷാൾ അണിയിച്ച് ആദരിച്ചു. അവർക്ക് ആശംസകൾ അറിയിക്കുകയും ചെയ്തു. കുട്ടികൾ പരിപാടികൾ അവതരിപ്പിച്ചു. തുടർന്ന് അനു ഗിരിജ NDS ലെ അംഗങ്ങൾക്ക് വനിതാദിനാശം സകൾ അറിയിക്കുകയും സിസ്റ്റർ ജാൻസി പോൾ സ്ത്രീ ശാസ്ത്രീ കരണത്തെക്കുറിച്ച് ക്ലാസ് എടുക്കുകയും ചെയ്തു. തുടർന്ന് ക്ലാസ്സിൽ പറഞ്ഞ കാര്യങ്ങൾ ഉൾപ്പെടുത്തി ചർച്ച നടത്തുകയും ചെയ്യു.

NDS ധർമ്മഗിരി യൂണിറ്റ് വനിതാദിനാഘോഷം മാർച്ച് ഒന്ന് 2.30ന് ഈശ്വര പ്രാർഥനയോടെ ആരംഭിച്ചു. യൂണിറ്റ് സെക്രട്ടറി ശ്രീമതി ജോളി കരികത്തിൽ സ്വാഗതം പറഞ്ഞു. തുടർന്ന് യുണിറ്റ് പ്രസിഡണ്ട് ശ്രീ മാത്യു വല്ല്യത്ത് ആശംസ അറിയിച്ചു, വനിതാദിന സന്ദേശത്തിനു ശേഷം നടന്ന കായിക പരിപാടികൾക്ക് യൂണിറ്റ് ഡയറ ക്ടർ ഫാ. റോബിൻ പടിഞ്ഞാറയിൽ നേതൃത്വം നൽകി. ബോൾ പാസിംഗ്, കുപ്പിയിൽ വെള്ളം നിറക്കൽ, മെഴുകുതിരി കത്തിക്കൽ, സ്പൂൺ റൈസിംഗ് എന്നിവ നടത്തി എല്ലാ ഗ്രുപ്പുകളുടെയും പങ്കാളി ത്തമുണ്ടായിരുന്നു.

NDS ആറാട്ടുപാറ യൂണിറ്റ് വനിതാ ദിനത്തിൽ പഞ്ചായത്തിലെ എല്ലാ വനിതാ മെമ്പർമാരെയും ആദരിച്ചു

**ജൽ ജീവൻ മിഷൻ PROGRAMME:-**

കേന്ദ്ര സർക്കാരിന്റെ 'എല്ലാവർക്കും കുടിവെള്ളം' എന്ന പദ്ധതിയുടെ ഭാഗമായി മലപ്പുറം ജില്ലയിലെ എടവണ്ണ, ഊർങ്ങാട്ടിരി

പഞ്ചായത്തുകളിൽ നടത്തുന്ന ജൽ ജീവൻ മിഷൻ പരിപാടികൾ ആരംഭിച്ചു. 2021 ഒക്ടോബർ 16ന് എടവണ്ണ, ഊർങ്ങാട്ടിരി പഞ്ചായത്തുകളുമായി ചേർന്ന് കരാറിലേർപ്പെട്ടു.

ജല ജീവൻ പദ്ധതിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ISA ഡയറക്ടർ റവ. ഫാദർ ബിനോയ് കാശാംകുറ്റി, പ്രോജക്ട് കോഡിനേറ്റർ ശ്രീ. സുബിൻ ജോസ് എന്നിവർ 02.03.2022 രാവിലെ 1 മണിക്ക് മലപ്പുറം ജില്ലയിലെ എടവണ്ണ, ഊർങ്ങാട്ടിരി എന്നീ ഗ്രാമപഞ്ചായത്തുകൾ സന്ദർശിക്കുകയുണ്ടായി. പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിൽ പഞ്ചായത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സാമൂഹ്യ ശാക്തീകരണ പരിപാടികളെക്കുറിച്ചു വിശദീകരിച്ചു. തുടർന്ന് ആക്ഷൻ പ്ലാനിന്റെ കോപ്പി ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് എന്നിവർക്കു കൈമാറി. പദ്ധതിയുടെ തുടക്കം എന്നോണം ബോർഡ് മെമ്പേഴ്സിനും, സ്റ്റാഫിനും മറ്റും അർദ്ധദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്ന കാര്യം ചർച്ച ചെയ്തു.

**JAL JEEVAN ORIENTATION PROGRAMME:-**

07.03.2022 തിങ്കളാഴ്ച രാവിലെ 11 മണിക്ക് എടവണ്ണ ഗ്രാമപഞ്ചായത്തിലെ കോൺഫറൻസ് ഹാളിൽ വച്ച് പ്രസിഡണ്ട് ശ്രീ അഭിലാഷ് ടി യുടെ അധ്യക്ഷതയിൽ Orientation പ്രോഗ്രാം ആരംഭിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡ് ശ്രീ അഭിലാഷ് ടി സ്വാഗതമാശംസിച്ചു. പഞ്ചായത്ത് സെക്രട്ടറി ശ്രീ. ജയ് ആശംസ അറിയിച്ചു തുടർന്ന് WSSS ന്റെ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജിനോജ് പാലതടത്തിൽ ISA പ്രവർത്തനങ്ങളെയും, സ്റ്റാഫുകളെയും മറ്റും പരിചയപ്പെടുത്തി. തുടർന്ന് WSSS പ്രോഗ്രാം മാനേജർ ശ്രീ ജോസ് P. A. ജലജീവൻ മിഷൻ പദ്ധതിയുടെ പ്രാരംഭ പ്രവർത്തന പദ്ധതികളെപ്പറ്റി വിശദീകരിച്ചു. ജലജീവൻ മിഷൻ പദ്ധതിയിൽ ജലജീവൻ ISA പ്രാരംഭ ഘട്ടത്തിൽ പഞ്ചായത്തുമായി കരാറിലേർപ്പെട്ടതിനുശേഷം നടത്തുന്ന പ്രവർത്തനങ്ങൾ, ഘട്ടം ഘട്ടമായി നടത്തേണ്ട കാര്യങ്ങൾ എന്നിവയെല്ലാം വിശദീകരിച്ചു. തുടർന്ന് ബോർഡ് മെമ്പേഴ്സിന്റെ സംശയങ്ങൾക്ക് മറുപടി നൽകി. തുടർന്ന് ആക്ഷൻ പ്ലാനിന്റെ കോപ്പി എല്ലാ ബോർഡ് മെമ്പേഴ്സിനും കൈമാറി. ജലജീവൻ NDS ഡയറക്ടർ ഫാദർ ബിനോയ് കാശംകുറ്റിയിൽ നന്ദി പ്രകാശിപ്പിച്ചു. ഒരു മണിക്ക് പരിപാടി അവസാനിപ്പിച്ചു. 07-03-2022

തിങ്കളാഴ്ച ഉച്ചതിരിഞ്ഞ് രണ്ടുമണിക്ക് ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വച്ച് പ്രസിഡണ്ട് ശ്രീമതി ജിഷ സിയുടെ അധ്യക്ഷതയിൽ അർദ്ധദിന Orientation പ്രോഗ്രാം ആരംഭിച്ചു. ഗ്രാമപ്പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീ ഷിജോ ആന്റണി ഏവർക്കും സ്വാഗതം ആശംസിച്ചു പഞ്ചായത്ത് സെക്രട്ടറി ശ്രീമതി ഇ ആർ ഓമന അമ്മാൾ ആശംസ അറിയിച്ചു. പിന്നീട് പഞ്ചായത്ത് ബോർഡിന് പദ്ധതിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന സംശയങ്ങൾക്ക് മറുപടി നൽകി NDS ന്റെ ഡയറക്ടറുമായ ഫാ. ബിനോയി കാശംകുറ്റിയിൽ നന്ദി പ്രകാശിപ്പിച്ചു. 4 p.m. ഓടുകൂടി യോഗം അവസാനിച്ചു.

## യൂണിറ്റ് സന്ദർശനം

NDS ന്റെ നേതൃത്വത്തിൽ യൂണിറ്റുകളിൽ നടന്നുകൊണ്ടിരിക്കുന്നു. യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും, റെക്കോർഡുകൾ പരിശോധിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനുമായാണ് വിസിറ്റ് നടത്തുന്നത്. അതോടൊപ്പം എല്ലാ യൂണിറ്റ്, SHG ഭാരവാഹികളെയും കാണുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും പുതിയ പ്രവർത്തനങ്ങൾക്ക് ആവശ്യമായ അഭിപ്രായങ്ങൾ നൽകുകയും, പുതിയ സാധ്യതകളെ അവർക്ക് പരിചയപ്പെടുത്തുകയും ചെയ്യുന്നു. പ്രത്യേകമായി ക്രെഡിറ്റ് യൂണിയൻ സംവിധാനം കൂടുതൽ സജീവമാക്കാനും പരമാവധി ആളുകളെ ഇതിന്റെ ഗുണഭോക്താക്കളാക്കാനും നിർദ്ദേശം നൽകുന്നു. NDS അസ്സിസ്റ്റൻറ്റ് ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, മേഖല കോർഡിനേറ്റർ ലിൻറ്റോ പാട്ടശ്ശേരിയിൽ എന്നിവരാണ് യൂണിറ്റ് സന്ദർശനങ്ങൾക്ക് നേതൃത്വത്തെ നൽകുന്നത്. ഫെബ്രുവരി മാസത്തിൽ ബോസ്പാറ, വിമലഗിരി, മൺവയൽ, കയ്യൂന്നി യൂണിറ്റുകളിലാണ് സന്ദർശനം നടത്തിയത്.

**ഫാ. ബിനോയ് കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS

**February 2022– March 2022**

1. Merit day and farewell function was conducted on 9th March 2022. His Excellency Mar Jose Porunnedom was the Chief Guest. Dr. Maria Martin Joseph, Principal, welcomed the gathering and Fr. George Myladoor, Manager, delivered the presidential address. Ms. Amrutha E.P. was awarded as the best outgoing student. The Manager, Staff and students gave a farewell in honour of Dr Joseph K J, Dr Rakesh Kalia, Dr Pamy Sebastian and Dr George P V.
2. Mahathma Gandhi National Council of Rural education organized a visit to the college and conducted a workshop on Sustainable Index Proforma on 10th March 2022. Programme Co-ordinator of MGNCRE Sri. Razak Cheruvanasery was the resource person.
3. Interview for the post of Office Assistant was held on 12th March 2022.
4. IQAC in association with ICT Academy and FEDAR Foundation organized an orientation on K-DISK sponsored full stack development course for second-year degree programme on 7th March 2022. Mr. Gokul, Knowledge officer ICTAK, Technopark Trivandrum, was the resource person.
5. Women Cell in association with IQAC conducted a debate competition as part of Women's Day celebration on 8th March 2022.
6. Department of Social Science – Economics in association with IQAC organized a webinar on the topic Unpacking the Budget 2022 -2023 on 26th February 2022. Dr. Syam Prasad, Assistant Professor, Department of Economics, Central University of Kerala was the resource person.
7. Department of Physics in association with IQAC, Career

Guidance and Placement Cell organized invited talk on Exploring opportunities/ campus placement and scope of higher education on 3rd March 2022. Prof. Shaji P. E., Corporate Relations Officer, Christ College of Engineering, Irinjalakuda was the resource person.

8. Department of Commerce organized an orientation programme on the topic "Skill development and Career orientation Programme" on 10th March 2022. Mr Arjun Kumar, Assistant Professor, SNES IMSAR, Calicut was the resource person.
9. Department of Computer Science in Association with IQAC organized a webinar on the topic Image Processing on 8th March 2022. Dr Sruthy S, Assistant Professor, Department of Computer Science & Engineering, St. Joseph's College of Engineering and Technology, Palai was the resource person.
10. Dr. Eldho K J, Published a Research Paper "Impact of Unbalanced Classification on the Performance of Software Defect Prediction Models" in Indian Journal of Science and Technology which is a SCOPUS indexed Web of Science and UGC Care Listed Journal. DOI is https://doi.org/10.17485/IJST/v15i6.2193

    Attended a National Webinar on the topic Advanced Machine Learning and Signal Processing (AMLSP 2022) held on 7th and 8th of March, 2022 organized by the Department of Computer Science, University of Calicut.
11. Dr. Sijo A. K. and Akhila B Edathaze were appointed as subject expert for evaluation of SWAYAM courses by University of Delhi on 7th March 2022.
12. Dr. Bindhu K. Thomas participated in the International FDP on "Education : Soft Skills" organized by the department of basic Science and Humanities, SSET, Karukutty from 21st to 25th February 2022.
13. Mr. Jerin George participated in the Faculty Orientation Programme conducted by Ramanujan College, Delhi from 14th February 2022 to 15th March 2022.

**Dr Maria Martin Joseph**

Principal

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

2021-22 അധ്യയനവർഷത്തിൽ കേരള കാത്തലിക് ബിഷപ്സ് കൗൺസിൽ വിദ്യാഭ്യാസ കമ്മീഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന തലത്തിൽ നടത്തപ്പെട്ട സന്മാർഗശാസ്ത്രം വാർഷിക സ്കോളർ ഷിപ്പ് പരീക്ഷയിൽ മാനന്തവാടി രൂപതകോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിക്ക് കീഴിലുള്ള വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ അഭിമാ നാർഹമായ നേട്ടങ്ങൾ കൈവരിച്ചു. നാലാം ക്ലാസ്സിലെ വിദ്യാർ ത്ഥികൾക്കായി നടത്തിയ സ്കോളർഷിപ്പ് പരീക്ഷയിൽ പഴൂർ സെന്റ് ആന്റണീസ് വിദ്യാലയത്തിലെ ശാരിക പി നായർ സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനവും ഏഴാം ക്ലാസ് വിദ്യാർത്ഥികൾക്കായി നടത്തിയ സ്കോളർഷിപ്പ് പരീക്ഷയിൽ ദ്വാരക എ യു പി സ്ക്കൂ ളിലെ മേഘ്ന മരിയ കാഷിൻ രണ്ടാം സ്ഥാനവും നേടി. നടവയൽ സെന്റ് തോമസ് ഹൈസ്ക്കൂളിലെ വിദ്യാർത്ഥികളായ ലിയോന ജോസ്, വൈഗ ടി. എസ്, ജീന സെബാസ്റ്റ്യൻ എന്നിവരും, ബത്തേരി അസംപ്ഷൻ ഹൈസ്കൂളിലെ ദിയ അന്ന ജോസഫും പത്താം ക്ലാസ് വിദ്യാർത്ഥികൾക്കായി നടത്തിയ സ്കോളർഷിപ്പ് പരീക്ഷയിൽ ഉന്നതവിജയം കൈവരിച്ചു.

**വിദ്യാലയ വാർത്തകൾ**

**1. ദ്വാരക എ യു പി സ്കൂൾ**

നിരവധി സാമൂഹിക പ്രതിബദ്ധതയുള്ള പ്രവർത്തനങ്ങളി ലൂടെ മലയാളമനോരമ നല്ലപാഠം ജില്ലാതലപുരസ്കോരത്തിന് അർഹരായി. നാല്, ഏഴ് ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസവകുപ്പ് നടത്തിയ എൽ എസ് എസ് സ്കോളർ ഷിപ്പ് പരീക്ഷയിൽ 17 വിദ്യാർത്ഥികളും ഏഴാം ക്ലാസ് വിദ്യാർ ത്ഥികൾക്കായി നടത്തിയ യു എസ് എസ് പരീക്ഷയിൽ 8 വിദ്യാർ ത്ഥികളും വിജയികളായി.

വിദ്യാലയത്തിൽ നടത്തിയ പുഷ്പോത്സവം, ബോട്ടിൽ ആർട്ട് മത്സരം, വിളവെടുപ്പുത്സവം എന്നിവ ശ്രദ്ധേയമായി. ശാസ്ത്ര ദിനത്തോടനുബന്ധിച്ചു വിദ്യാലയത്തിലെ 1350 വിദ്യാർത്ഥികളും ലഘുപരീക്ഷണങ്ങളിൽ പങ്കോളികളായി.

**2. ദേവമാതാ എ എൽ പി സ്ക്കൂൾ ആടിക്കാല്ലി**

സ്ക്കൂളിന്റെ ഭൗതിക പുരോഗതിയെ മുൻനിർത്തി നിർമിച്ച

ഓഫീസ് കെട്ടിടം, സ്മോർട്ട്ക്ലാസ്റൂം എന്നിവയുടെയും അടിസ്ഥാന സൗകര്യങ്ങളുടെ വികസന ഭാഗമായി നിർമിച്ച കളിസ്ഥലത്തിന്റെയും വെഞ്ചരിപ്പ് കർമം അഭിവന്ദ്യ മെത്രാൻ മാർ ജോസ് പോരുന്നേടം പിതാവ് നിർവഹിച്ചു. എസ് എസ് കെ യുടെ ഭാഗമായി കുട്ടികളിൽ ഗണിത ആശയം രസകരമായി എത്തിക്കുന്ന തരത്തിൽ സർക്കാർ ആവിഷ്കരിച്ച ഉല്ലാസ ഗണിതം, ഗണിത വിജയം എന്നീ പരിപാടികൾ സ്കൂൾ തലത്തിൽ സംഘടിപ്പിച്ചു.

**3. സെന്റ് പോൾസ് എൽ പി സ്ക്കൂൾ പുതിയിടംകുന്ന്**

കുട്ടികളുടെ ഗണിതശേഷി വികസനം ലക്ഷ്യമാക്കികൊണ്ട് ഉല്ലാസഗണിതം പദ്ധതി നടപ്പിലാക്കുകയും കായികശേഷി വികസനത്തിനായി കായികമേളയും നടത്തി.

**4. നിർമല എ എൽ പി സ്ക്കൂൾ ആലാറ്റിൽ**

മാതൃഭാഷദിനത്തിന്റെയും ശാസ്ത്രദിനത്തിന്റെയും ഭാഗമായി വായനശാലയുടെ സഹകരണത്തോടെ മികവുത്സവം 2022 -23 ന് തുടക്കം കുറിച്ചു. നമ്മുടെ തനതു സംസ്കാരത്തിന്റെ ശേഷിപ്പുകളായ മെതിയടി, കുത്തുവല, വഞ്ചി, മീൻകൂട്, കേര, ചോട, കോമ്മ, വെറ്റിലച്ചെല്ലം തുടങ്ങിയ പഴയകോല ഉപകരണങ്ങൾ കുട്ടികൾക്ക് മുന്നിൽ അവതരിപ്പിച്ചത് ജനശ്രദ്ധ പിടിച്ചുപറ്റി. കുട്ടി ശാസ്ത്രജ്ഞന്മാർ അണിയിച്ചാരുക്കിയ ശാസ്ത്രപരീക്ഷണം മികവുത്സവം പരിപാടി മികവുറ്റതാക്കി തീർത്തു. പ്രകൃതിയെയും അതിലെ ജീവജാലങ്ങളെയും കുറിച്ചുള്ള കരുതലിന്റെ ഭാഗമായി വിദ്യാലയത്തിലെ ക്ലബ്ബ് ബുൾബുൾ സംഘടനകൾ വേനൽച്ചൂടിൽ വെള്ളം കിട്ടാതെ വരുന്ന പക്ഷികൾക്ക് ദാഹമകറ്റാൻ ജീവാമൃതം എന്ന പേരിൽ കുടിവെള്ളമാരുക്കി.

**5. സെന്റ് ആന്റണീസ് യു പി സ്ക്കൂൾ കോട്ടത്തറ**

വിദ്യാലയത്തിൽ ദേശീയ ശാസ്ത്രദിനത്തോടനുബന്ധിച്ചു ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ ശാസ്ത്രദിനാചരണം നടത്തി. കുട്ടികൾ ലഘുപരീക്ഷണങ്ങളിൽ ഏർപ്പെട്ടു.

**6. സെന്റ് ജോർജ് എ എൽ പി സ്ക്കൂൾ കൊളവയൽ.**

വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം വർധിപ്പിക്കുന്നതിന്റെ ഭാഗമോയി ഇംഗ്ലീഷ് ക്ലബ്ബിന്റെ നേതൃത്തിൽ വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഗണിതപഠനം സുഗമമാക്കാൻ ഉല്ലോസഗണിതം, ഗണിതവിജയം പദ്ധതിയുടെ ഭാഗമായി രക്ഷിതാക്കൾക്ക് ശില്പശാല നടത്തി.

**7. സെന്റ് തോമസ് ഹൈസ്ക്കൂൾ നടവയൽ**

ഈ അധ്യയന വർഷത്തിൽ വിദ്യാലയത്തിൽ നിന്നും വിരമിക്കുന്ന അധ്യാപകർക്കായി വിപുലമായ യാത്രയയപ്പ് നൽകി.

വിദ്യാലയത്തിലെ പൂർവവിദ്യാർഥിയും ഈ വർഷത്തെ മെഡിക്കൽ എൻട്രൻസു പരീക്ഷയിൽ സംസ്ഥാനതലത്തിൽ എസ് ടി വിഭാഗ ത്തിൽ നാലാം റാങ്ക് നേടി വിജയം കൈവരിക്കുകയും ചെയ്ത കണ്ടോഷ്നി എൻ എസ് നെ ആദരിച്ചു. ശാസ്ത്രദിനത്തോടനുബ ന്ധിച്ചു വിവിധ പരിപാടികളോടെ ശാസ്ത്രവാരോഘോഷം നടത്തി.

**8. അസംപ്ഷൻ യു പി സ്ക്കൂൾ ബത്തേരി**

വിദ്യാർഥികളിലെ പഠനവിടവ് നികത്തുക എന്ന ലക്ഷ്യ ത്തോടെ 'ഒപ്പം' പരിപാടിക്ക് തുടക്കമായി. വനിതാദിനാചരണ ത്തിന്റെ ഭാഗമായി ഏഴാം ക്ലാസ് വിദ്യാർത്ഥികൾക്കായി 'ക്വീൻ ഓഫ് അസംപ്ഷൻ' പ്രോഗ്രാം നടത്തി. മത്സര പരീക്ഷകൾക്ക് വിദ്യാർ ത്ഥികളെ ഒരുക്കുന്നതിന്റെ ഭാഗമായി Monthly quiz നടത്തി. ഇംഗ്ലീഷ് ഗണിതം വിഷയങ്ങളിൽ പ്രാവീണ്യം നൽകുന്നതിനായി ഡയറ്റ് വയനാട് നടത്തുന്ന ആസ്പിരേഷൻ പരിപാടിക്ക് തുടക്കമായി. രക്ഷിതാക്കൾക്ക് ഉണർവ് എന്ന പേരിൽ സെമിനാർ സംഘടിപ്പിച്ചു.

**9. സെന്റ് തോമസ് എ യു പി സ്ക്കൂൾ മുള്ളൻകൊല്ലി**

വിദ്യാലയത്തിലെ എസ് ടി വിഭാഗം കുട്ടികൾക്കായി കോളനി കൾ സന്ദർശിച്ച് നല്ലപാഠം ക്ലബ്ബിന്റെയും അധ്യാപകരുടെയും നേതൃ ത്വത്തിൽ പരിശീലനം നൽകി. ലോകമാതൃഭാഷാദിനം, ശാസ്ത്ര ദിനം, ലോകവനിതാദിനാചരണം എന്നീ ദിനങ്ങളിൽ വിപുലമായ പരിപാടികൾ സംഘടിപ്പിച്ചുകൊണ്ട് കുട്ടികളിൽ ആ ദിനങ്ങളുടെ അവബോധം ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി. ഒന്നാം ക്ലാസ്സിലെ കുട്ടികളുടെ രക്ഷിതാക്കൾക്കായി ഉല്ലാസഗണിതം പരി ശീലനം സംഘടിപ്പിച്ചു. വയനാട് DIET നടപ്പിലാക്കുന്ന ആസ്പി രേഷൻ ഡിസ്ട്രിക്ട് പ്രോഗ്രാമിന് തുടക്കമായി. കേന്ദ്ര സർക്കാ രിന്റെ ഇൻസ്പയർ അവാർഡ് നേടിയ വിദ്യാർത്ഥിയെ ആദരിച്ചു.

**10. എ എൽ പി സ്ക്കൂൾ കണിയാരം**

ശാസ്ത്രദിനത്തോടനുബന്ധിച്ചു ശാസ്ത്രതത്വങ്ങൾ മസ്സിലാ ക്കാനുതകുന്ന പരീക്ഷണങ്ങൾ നടത്തിക്കൊണ്ട് വിദ്യാർത്ഥികൾ നടത്തിയ സയൻസ് എക്സിബിഷൻ കൗതുകകരമായി.

**11. അമ്പായത്തോട് യു പി സ്ക്കൂൾ**

അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ചു ലോകം ശ്രദ്ധിച്ച 100 വനിതകളുടെ ചിത്രപ്രദർശനം നടത്തിയത് വിദ്യാർത്ഥി കൾക്ക് വിജ്ഞാനപരവും കൗതുകപരവുമായി. സംസ്ഥാനതല മിനി ഗേൾസ് ആർച്ചി വിഭാഗം മത്സരത്തിൽ ഏഴാം ക്ലാസ് വിദ്യാർ ത്ഥിയായ അർച്ചന റോജൻ ആറാം സ്ഥാനം കരസ്ഥമാക്കി.

**12. സെന്റ് ജോർജ് എൽ പി സ്ക്കൂൾ അമ്പായത്തോട്**

ലോകമാതൃഭാഷദിനം, ദേശീയ ശാസ്ത്രദിനം എന്നിവ വിപുല

മായ പരിപാടികളോടെ ആചരിച്ചു. ഒന്ന് രണ്ട് ക്ലാസ്സുകളിലെ കുട്ടികൾക്കായി ഉല്ലാസഗണിതം ശില്പശാല നടത്തി .

**13. സെന്റ് സെബാസ്ത്യൻസ് എൽ പി സ്ക്കൂൾ പോരൂർ**

ഭാഷാപഠനത്തിലും ഗണിതത്തിലും കൂടുതൽ പ്രാവീണ്യം നേടുന്നതിനായി 'അക്ഷരക്കൂട്ട്' പദ്ധതിക്ക് തുടക്കമായി. വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമായി ആഴ്ചയിൽ രണ്ടു ദിവസം കമ്പ്യൂട്ടർ ക്ലാസുകൾ നൽകിവരുന്നു. വായനയെ പ്രോത്സാഹിപ്പിക്കുന്നതിനായി ലൈബ്രറി പുസ്തകങ്ങൾ വീടുകളിൽ എത്തിച്ചു നൽകുകയും എല്ലാവർക്കും വായിക്കാം വായനകുറിപ്പ് തയ്യാറാക്കാം എന്ന പ്രവർത്തനത്തിലൂടെ വായനയുടെ പ്രാധാന്യം കുട്ടികളിലേക്കും സമൂഹത്തിലേക്കും എത്തിക്കാൻ കഴിഞ്ഞു.

**14. സെന്റ് സെബാസ്ത്യൻസ് എ യു പി സ്ക്കൂൾ പാടിച്ചിറ**

ലോക വനിതാദിനം സമുചിതമായി ആചരിച്ചു.

**15. നിർമല ഹൈസ്ക്കൂൾ കബനിഗിരി**

പത്താം ക്ലാസ് വിദ്യാർത്ഥികൾക്കായി 'വിജയജ്വാല' ക്യാമ്പിന് തുടക്കമായി. ആധുനിക കാലത്തെ വെല്ലുവിളികൾ നേരിടാൻ കുട്ടികളെ സജ്ജരാക്കുന്ന പ്രത്യേക പരിശീലനം DREAM എന്ന പേരിൽ സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്കായി MY BICYCLE CLUB എന്ന പേരിൽ സൈക്കിൾ ക്ലബ്ബ് ആരംഭിച്ചു .

**16. ഫാ .ജി കെ എം ഹൈസ്ക്കൂൾ കണിയാരം**

സർവീസിൽ നിന്നും വിരമിക്കുന്ന ഹിന്ദി അദ്ധ്യാപിക ശ്രീമതി ലാലി മാത്യുവിന് യാത്രയയപ്പ് നൽകി. വിദ്യാലയത്തിൽ പുതിയതായി ആരംഭിച്ച സ്പോർട്സ് അക്കാദമിയുടെ പ്രവർത്തനം വിദ്യാർത്ഥികൾക്ക് കൂടുതൽ ഉണർവേകി. പത്താം ക്ലാസ് വിദ്യാർത്ഥികൾക്കായി ഫുട്ബോൾ മത്സരം സംഘടിപ്പിച്ചു. വനിതാദിനത്തിൽ മുഴുവൻ വനിതാ അധ്യാപകർക്കും NCC Cadets ആശംസകളർപ്പിച്ചു .

**17. സെന്റ് സെബാസ്ത്യൻസ് എൽ പി സ്ക്കൂൾ ഏലപ്പീടിക**

വിദ്യാർത്ഥികളുടെ ഗൃഹസന്ദർശനം നടത്തി. വിദ്യാലയത്തിലെ പച്ചക്കറികളുടെ വിളവെടുപ്പ് നടത്തി. വിദ്യാർത്ഥികൾക്കായി പൊതുവിജ്ഞാന ക്വിസ് നടത്തുകയും വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു.

**18. സെന്റ് തോമസ് എൽ പി സ്ക്കൂൾ നടവയൽ**

ലോകമാതൃഭാഷദിനം, ദേശീയശാസ്ത്രദിനം, ലോകവന്യജീവിദിനം എന്നിവ വിപുലമായി ആചരിച്ചു. വിദ്യാലയത്തിൽ പുതിയതായി നിർമിക്കുന്ന പാചകപ്പുരയുടെ കല്ലിടൽ ചടങ്ങു നടത്തി. സ്കൂൾതല കലാമേള സംഘടിപ്പിച്ചു. ക്ലാസ്സിൽ ഒരു സദ്യ എന്ന

പേരിൽ മികവ് പ്രവർത്തനം നടത്തി.

**19. സെന്റ് കാതറൈൻസ് ഹയർസെക്കി സ്കൂൾ പയ്യമ്പള്ളി**

ഒന്നാംവർഷ ഇമ്പ്രൂവ്മെന്റ് പരീക്ഷയിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികളെ ആദരിച്ച. NSS ന്റെ നേതൃത്വത്തിൽ വിദ്യാലയത്തിലെ പച്ചക്കറി തോട്ടത്തിൽനിന്നും വിളവെടുപ്പ് നടത്തി.

**20. സെന്റ് ജോസഫ്സ് ഹൈസ്ക്കൂൾ കല്ലോടി**

വിദ്യാലയത്തിലെ മുഴുവൻ രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി പ്രാദേശിക പി ടി എ നടത്തി. എട്ടാം ക്ലാസ് വിദ്യാർത്ഥികൾക്കായി ആസ്പിരേഷൻ പ്രോഗ്രാം നടത്തിവരുന്നു. ഉയിരെ എന്ന പേരിൽ പത്താം ക്ലാസ് വിദ്യാർത്ഥികൾക്കായി മോട്ടിവേഷൻ ക്ലാസ്, കൗൺസിലിംഗ്, വൈദ്യപരിശോധന എന്നിവ നടത്തി. വിദ്യാലയത്തിലെ ചിത്രകലാ അധ്യാപകന്റെ നേതൃത്വത്തിൽ 'വേനൽപ്പൂക്കൾ' ചിത്രകലാ ശില്പശാല നടത്തി. സംസ്ഥാനത്തെ മികച്ച വില്ലേജ് ഓഫീസർക്കുള്ള അവാർഡ് നേടിയ എടവക വില്ലേജ് ഓഫീസർ ശ്രീ സന്തോഷ് പി വി യെ ആദരിച്ചു. വിവിധമത്സരങ്ങളിലെ ഉപജില്ലാ ജില്ലാതല വിജയികൾക്കുള്ള സമ്മാനവിതരണം എൻഡോവ്മെന്റ് വിതരണം തുടങ്ങിയവ പ്രതിഭദിനമായി ആഘോഷിച്ചു.

**21. സെന്റ് ജോസഫ് സ് യു പി സ്ക്കൂൾ കല്ലോടി**

വിദ്യാലയത്തിലെ 8 വിദ്യാർത്ഥികൾ LSS പരീക്ഷയിലും 5 വിദ്യാർത്ഥികൾ USS പരീക്ഷയിലും ഉന്നതവിജയം കരസ്ഥമാക്കുകയും USS പരീക്ഷയിലെ ഉയർന്ന മാർക്കിലൂടെ ഗിഫ്റ്റഡ് വിഭാഗത്തിലേക്ക് കുമാരി അനീന ശിവാനി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. മലയാളമനോരമ നല്ലപാഠം പ്രവർത്തനങ്ങളുടെ മികവിന് വിദ്യാലയത്തിന് ഫുൾ A+ അംഗീകാരം ലഭിച്ചു. കുട്ടികളുടെ ഇംഗ്ലീഷ് ഗണിതം വിഷയങ്ങളിലെ പഠനനിലവാരം ഉയർത്തുകയെന്ന ലക്ഷ്യവുമായി ആസ്പിരേഷൻ പരിപാടിക്ക് തുടക്കമായി. ദേശീയ ശാസ്ത്രദിനത്തോടനുബന്ധിച്ചു വിവിധ ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്യുന്നതിനായി കുട്ടികൾക്ക് അവസരമൊരുക്കി.

**22. ഐ ജെ എം ഹൈസ്കൂൾ കൊട്ടിയൂർ**

മുപ്പത് വർഷത്തെ അധ്യാപനജീവിതത്തിൽ നിന്നും വിരമിക്കുന്ന പ്രധാനാധ്യാപകൻ ശ്രീ ടി ടി സണ്ണി സാറിന് യാത്രയയപ്പ് നൽകി. പത്താംക്ലാസ് പഠനം പൂർത്തിയാക്കി പോകുന്ന വിദ്യാർത്ഥികൾക്കായി യാത്രയയപ്പ് സംഘടിപ്പിച്ചു. 43 സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകളുടെ പോസിംഗ് ഔട്ട് പരേഡ് നടത്തി. ദേശീയ ശാസ്ത്ര ദിനത്തിന്റെ ഭാഗമായി സയൻസ് വാരാഘോഷം നടത്തി. അതിനോട

നുബന്ധിച്ചു നടത്തിയ സയൻസ് മെഗാ എക്സിബിഷൻ ഏവരുടെയും ശ്രദ്ധ ആകർഷിച്ചു.

**23. സെന്റ് ജോസഫ് സ് ടി ടി ഐ മാനന്തവാടി**

റോഡിയോ മാറ്റോലിയും കെ സി വൈ എമ്മും സംഘടിപ്പിച്ച RJIV മത്സരത്തിൽ വിദ്യാലയത്തിലെ അധ്യാപകവിദ്യാർത്ഥി ജേതാവായി. വിദ്യാലയത്തിന്റെ നേട്ടങ്ങളും സവിശേഷതകളും വ്യക്തമാക്കി തയ്യാറാക്കിയ ലീഫ് ലെറ്റുകൾ വിതരണം ചെയ്തു കൊണ്ട് മുഴുവൻ കുട്ടികളുടെയും വീടുകൾ സന്ദർശിച്ചു.

പ്രമോഷനും ട്രാൻസ്ഫറും ലഭിച്ച് വിദ്യാലയത്തിൽ നിന്നും സ്ഥലം മാറി പോകുന്ന ഓഫീസ് സ്റ്റാഫ് അംഗങ്ങൾക്ക് യാത്രയയപ്പ് നൽകി. പ്രീപ്രൈമറി പ്രവേശനോത്സവം നടത്തി. വിദ്യാർഥികൾക്കായി പേപ്പർബാഗ് നിർമാണ പരിശീലനം നടത്തി. ദേശീയ ശാസ്ത്രദിനം വിപുലമായ പരിപാടികളോടെ ആഘോഷിച്ചു.

**24. സെന്റ് മാർട്ടിൻസ് എൽ പി സ്കൂൾ ഒണ്ടയങ്ങാടി**

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പദ്ധതിയുടെ ഭാഗമായി വിദ്യാലയത്തിൽ പാചകപ്പുരനിർമാണത്തിന് തുക അനുവദിച്ചു. സ്കൂൾ മാനേജർ, പി ടി എ പ്രതിനിധികൾ എന്നിവരുടെ നേതൃത്വത്തിൽ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**25. സെന്റ് ആന്റണീസ് യു പി സ്കൂൾ പഴൂർ**

മൂന്നു, അഞ്ച് ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി ഗണിതം, ഇംഗ്ലീഷ് വിഷയങ്ങളിൽ പഠനനിലവാരം ഉയർത്തുന്നതിനായി ഡയറ്റ് വയനാടിന്റെ നേതൃത്വത്തിൽ ആരംഭിച്ച ആസ്പിരേഷൻ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ശാസ്ത്രദിനത്തോടനുബന്ധിച്ചു വിദ്യാലയത്തിലെ നല്ലപാഠം പ്രവർത്തകർ തോട്ടമൂല ഫോറസ്റ്റ് ഓഫീസ് സന്ദർശിച്ചു. ശാസ്ത്രവും വനസംരക്ഷണവും എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഡെപ്യൂട്ടി കഞ്ച് ഓഫീസർ കുട്ടികൾക്കായി ക്ലാസ്സെടുത്തു. വനത്തിൽ നിന്നും കുട്ടികൾ ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ നെന്മേനി പഞ്ചായത്തിലെ പ്ലാസ്റ്റിക് ശേഖരത്തിലേക്ക് കൈമാറി. എൽ എസ് എസ് സ്കോളർഷിപ്പ് പരീക്ഷയിൽ എട്ട് വിദ്യാർത്ഥികളും യു എസ് എസ് സ്കോളർഷിപ്പ് പരീക്ഷയിൽ മൂന്ന് വിദ്യാർത്ഥികളും വിജയികളായി.

**26. സെന്റ് തോമസ് യു പി സ്കൂൾ തവിഞ്ഞാൽ**

എൽ എസ് എസ്, യു എസ് എസ് സ്കോളർഷിപ്പ് പരീക്ഷകളിൽ ആറ് വിദ്യാർത്ഥികൾ മികവാർന്ന നേട്ടം കൈവരിച്ചു. നല്ലപാഠം, സീഡ് പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാർത്ഥികൾ ഹാൻഡ് വാഷ് നിർമാണത്തിൽ പരിശീലനം നേടി. എല്ലാ ബുധനാഴ്ചകളിലും ക്ലാസ് അടിസ്ഥാനത്തിൽ അസംബ്ലി ചേരുകയും കുട്ടി

കൾക്ക് നേതൃത്വ പരിശീലനം നൽകുകയും ചെയ്യുന്നു.

ലോകമാതൃഭാഷദിനം, ദേശീയ ശാസ്ത്രദിനം എന്നിവ സമുചിതമായി ആചരിച്ചു. യു പി വിഭാഗം വിദ്യാർത്ഥികൾക്കായി 'ഫുട്ബോൾ കാർണിവൽ' എന്ന പേരിൽ ഫുട്ബോൾ മത്സരം സംഘടിപ്പിച്ചു.

**27. സെന്റ് മേരീസ് എ യു പി സ്കൂൾ കബനിഗിരി**

ദേശീയ ശാസ്ത്രദിനത്തിന്റെ ഭാഗമായി വിദ്യാലയത്തിലെ കൊച്ചു ശാസ്ത്രജ്ഞന്മാരെ കണ്ടെത്താൻ പരീക്ഷണ കളരി ഒരുങ്ങി. ലഘുപരീക്ഷണങ്ങളുടെ പ്രദർശനം നടത്തി. നല്ലപാഠം പ്രവർത്തനങ്ങളുടെ ഭാഗമായി മരക്കടവ് കോളനിയിൽ ആയുർവേദ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. വിദ്യാലയത്തിലെ പച്ചക്കറി കൃഷി വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ പുനരാരംഭിച്ചു. നല്ലപാഠം പ്രവർത്തനങ്ങളുടെ ഭാഗമായി വസ്ത്രങ്ങളില്ലാതെ വിഷമിക്കുന്ന വിദ്യാർത്ഥികൾക്ക് സഹപാഠികൾ ചേർന്ന് സ്വരൂപിച്ച വസ്ത്രങ്ങൾ വിതരണം ചെയ്തു.

**28. സെന്റ് തോമസ് എ യു പി സ്ക്കൂൾ ഇടിവണ്ണ**

ലോകമാതൃഭാഷാദിനത്തിന് ഭാഷ പ്രതിജ്ഞ ചൊല്ലുകയും നിലമ്പൂർ വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ കുട്ടികളുടെ സൃഷ്ടികൾ ഉൾപ്പെടുത്തി ഭാഷാപതിപ്പ് പ്രസിദ്ധീകരിക്കുകയും ചെയ്തു. മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിക്ക് കീഴിലുള്ള വിദ്യാലയങ്ങൾ തങ്ങളുടെ മികവ് പ്രവർത്തനങ്ങളാൽ നിരവധി അംഗീകാരങ്ങൾക്ക് അർഹമാകുന്നുവെന്നുള്ളത് ഏറെ സന്തോഷകരമാണ്. വിദ്യാലയ ഉന്നതിക്കായി അശ്രാന്തപരിശ്രമം ചെയ്യുന്ന ഏവരെയും അഭിമാനത്തോടെ ഓർക്കുന്നു. പതിറ്റാണ്ടുകൾ നീണ്ട അധ്യാപനജീവിതത്തിൽ നിന്നും വിരമിക്കുന്ന അധ്യാപക അനധ്യാപകർക്ക് സർവ്വമംഗളങ്ങളും നേരുകയും അവരുടെ പ്രവർത്തനങ്ങളെ നന്ദിയോടെ ഓർമ്മിക്കുകയും ചെയ്യുന്നു.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

# Bishop's Programme



**April 2022**

*1 Friday ............................Evening: Priests' Conference (Online)*
*2 Saturday ........................Pachilakkad:*
*Blessing of Jesuit Counselling Centre*
*4 Monday .........................Morning: Cathedral: Death Anniversary*
*of Mar Emmanuel Pothanamuzhy CMI*
*Afternoon: Pastoral Centre:*
*Inauguration of Eparchial Assembly*
*5 Tuesday – 7 Thursday...Eparchial Assembly*
*8 Friday.............................Out of Station*
*9 Saturday.........................Pastoral Centre: CML Anniversary*
*10 Sunday.........................Cathedral: Palm Sunday*
*11 Monday....................... Minor Seminary: Minor Orders*
*12 Tuesday...................... Morning: Meeting with SABS Novices*
*14 Thursday.....................Cathedral: Pesha*
*15 Friday.........................Cathedral: Good Friday*
*17 Saturday......................Engaged*
*17 Sunday.........................Cathedral: Easter*
*18 Monday.......................Visitors' Day*
*19 Tuesday.......................Dwaraka: SABS Vestition*
*20 Wednesday..................Tellicherry: Installation of Arhbishop*
*Elect Mar Joseph Pamplany*
*21 Thursday.....................Morning: Pulpally: CMC Vestition*
*Afternoon: Amarakuni*
*22 Friday.........................Out of Station*
*23 Saturday......................Palakkad: Installation of Bishop Peter*
*Kochupurackal*
*24 Sunday – 25 Monday...Out of Station*
*26 Tuesday.......................Pastoral Centre: Vincent De Paul*
*Society Anniversary*

*27 Wednesday...................Dwaraka: SABS Jubilee*
*28 Thursday – 29 Friday..Major Seminarians' Gathering*
*30 Saturday......................Nedumpala: Parish Jubilee*

***May 2022***

*1 Sunday...........................Pastoral Centre: Inauguration of Eparchial Golden Jubilee*
*2 Monday.........................Visitors' Day*
*4 Wednesday.....................Dwaraka: SH Final Profession*
*5 Thursday.......................Parathottam: Parish Jubilee*
*7 Saturday........................S Bathery: Platinum Jubilee of Foundation of MSMI*
*8 Sunday..........................Cathedral: Parishwise Inauguration of Eparchial Golden Jubilee*
*9 Monday.........................Vellarikundu*
*10 Tuesday.......................Minor Seminary: Interview*
12 Thursday..................... Afternoon: WSSS AGM
14 Saturday......................Vincentgiri: Jubilee
15 Sunday.........................Mooleppadam: Parish Jubilee
16 Monday.......................Morning: Minor Seminary: Vestition of Major Seminarians
Afternoon: Visitors' Day
17 Tuesday.......................Karimpil: First Communion
18 Wednesday..................Norbert House: Diaconate
21 Saturday......................CEADOM: HM Conference
22 Sunday........................Afternoon: S Bathery: Reception to Bava of the Orthodox Church
23 Monday.......................Valavayal Shanthidhara: Leadership Seminar
28 Saturday......................Marutha: Blessing of Cemetery
29 Sunday – 30 ...............Monday Engaged

************